KERALA PRIVATE
# COLLEGE TEACHER
DECEMBER 2019
ISSN 2454-4795
a monthly journal of the all kerala private college teachers' association



# സമരം സംഘടന സമൂഹം

പ്രൊഫ. ടി.എ. ഉഷാകുമാരിയുമായി അഭിമുഖം

മഞ്ജുഷ വി. പണിക്കർ   സന്ധ്യ ഇ.   നിത്യ പി. വിശ്വം   ബിന്ദു എ.സി.
ഡോ. ഇന്ദുലാൽ ജി.   ഡോ. സരിത എസ്.ആർ.   ഡോ. ദേവി കെ. വർമ
ഡോ. വന്ദന ബി.   ഡോ. ദീപ ടി.എസ്.   ശ്രീരഞ്ജിനി എസ്.സി.   ശ്രീലക്ഷ്മി എ.ആർ.
ആതിര നന്ദൻ   ആര്യ സരസ്വതി   ഷിലുജാസ് എം.   ജോജി അലക്സ്

വനിതാ പതിപ്പ്

277

**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Cover Painting
**Anitha T.K.**
Design
**Jwala Creatives**

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
collegeteacheredt@gmail.com
www.akpcta.in

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by Dr. P.N. Harikumar, AKPCTA State Committee Office, Vanchiyoor, TVPM-35.

# DECEMBER 2019

■ *എഡിറ്റോറിയൽ* 3

■ *കേന്ദ്രഭരണകൂടം ദേശവിരുദ്ധമാവുമ്പോൾ*
**ഡോ. പി.എൻ. ഹരികുമാർ** 4

■ *ഗസ്റ്റ് എഡിറ്റോറിയൽ* 7

■ *പെണ്ണറിവ്*
**ഡോ. മഞ്ജുഷ വി. പണിക്കർ** 8

■ *വനിതാ നേതൃപഠന ക്യാമ്പ് - റിപ്പോർട്ട്* 9

■ *പ്രൊഫ. ടി.എ. ഉഷാകുമാരിയുമായി അഭിമുഖം*
**ഷൈല ഹമീദ്** 13

■ *കൂടെയാരെ കൂട്ടണം*
**സന്ധ്യ ഇ.** 21

■ *ARE HUMANS ACTUALLY ALIENS ON EARTH?*
**Dr. KR Kavitha** 22

■ *കുഞ്ഞുണ്ണിക്കവിതയിലെ പാരഡിച്ചിരി*
**നിത്യ പി. വിശ്വം** 26

■ *മലയാള നാടകവേദിയിലെ സ്ത്രീസാന്നിദ്ധ്യം*
**ബിന്ദു എ.സി.** 32

■ *ഹിപ്പേഷ്യ*
**ഡോ. ഇന്ദുലാൽ ജി.** 35

■ *MUMMIFICATION : A SCIENTIFIC PLAUDIT OF ANCIENT EGYPT*
**Dr. Saritha S.R.** 38

■ *അവൾ പോയപ്പോൾ കണ്ടത്*
**ഡോ. ദേവി കെ. വർമ്മ** 40

■ *ലളിതാംബികയുടെ മാനസപുത്രിമാർ*
**ഡോ. വന്ദന ബി.** 46

■ *WOMEN THE REALLY TALENTED MANAGERS*
**Dr. Deepa T.S.** 53

■ *HEALTH SCENARIO OF KERALA: CRISIS IN THE MODERN ERA*
**Sreerenjini S.C.** 56

■ *Sillage*
**Sreelakshmi A.R.** 63

■ *മഞ്ചാടിമന്ത്രം*
**ആതിരാനന്ദൻ** 64

■ *Indian Women and Sci-ence A brief Outlook*
**Dr. Ariya Saraswathy** 67

■ *കാലാവസ്ഥ: സ്ത്രീകളും കുട്ടികളും സമീപനങ്ങളിൽ മാറ്റം അനിവാര്യം*
**ഷിലുജാസ് എം.** 71

■ *സർവ്വീസ് സെൽ*
**ജോജി അലക്സ്** 80

എഡിറ്റോറിയൽ



# ആവോ ഹമാരെ സാഥ് ചലോ...

രാജ്യം തെരുവിലാണ്. മതേതര ജനാധിപത്യ ഇന്ത്യയുടെ ചരിത്രത്തിൽ ഇന്ന് വരെ കേട്ടിട്ടില്ലാത്ത ഭരണകൂട ഭീകരത രാജ്യത്തെ ആകമാനം തെരുവിലിറങ്ങാൻ നിർബന്ധിതമാക്കിയിരിക്കുന്നു. ഒരർത്ഥത്തിൽ അപ്രഖ്യാപിത അടിയന്തിരാവസ്ഥ രാജ്യത്ത് നടപ്പായി കഴിഞ്ഞു. ഭരണ ഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ വേരോടെ പിഴുതുകളയുന്ന നിയമങ്ങൾ അനായാസം പാസാക്കിയെടുക്കാൻ കഴിയുന്ന സാങ്കേതിക ഭൂരിപക്ഷം ഉപയോഗിച്ച് കേന്ദ്ര ഭരണകൂടം രാജ്യ ഹൃദയത്തെ കീറിമുറിച്ചിരിക്കുന്നു. ചരിത്രത്തെ സമർത്ഥമായി ദുർവ്യാഖ്യാനം ചെയ്യാനും ദേശീയത എന്നത് ദേശത്തിന്റെ അതിർത്തി ആണ് എന്ന് ഇന്ത്യയിലെ ബഹു ഭൂരിപക്ഷത്തേയും തെറ്റിദ്ധരിപ്പിക്കാനും പ്രസംഗപാടവം മാത്രം മതി എന്നതാണ് സമീപകാല ചരിത്രം നൽകുന്ന പാഠം. ബലവത്തായ അതിർത്തി രേഖകൾ രാജ്യത്തെ ശക്തികരിക്കും എന്ന് വിശ്വസിക്കാൻ ഭരണകൂടം നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. ഒടുവിൽ ഞാൻ ആരാണ് എന്ന് ജാതികൊണ്ട് തെളിയിക്കാൻ ഇവിടെ ജനിച്ച ജീവിച്ചവർ പോലും നിർബന്ധിക്കപ്പെട്ടേക്കാം എന്ന അവസ്ഥ ഉണ്ടാവുന്നു. രാജ്യം പലപ്പോഴായി നൽകിയ രേഖകൾ എല്ലാം കൈവശം ഉള്ളപ്പോഴും നിങ്ങൾ രാജ്യത്തിന് പുറത്താവുന്നു. നോട്ട് നിരോധനവും, ജി എസ് ടിയും എല്ലാം പൊതുജനം മറന്നത് പോലെ നാളെ ഇതും നിസ്സഹായമായ യാഥാർഥ്യമായി ഇന്ത്യൻ ജനത സ്വീകരിക്കേണ്ടി വരും. അല്ലെങ്കിൽ മോദി ഭരണകൂടം അതിന് വേണ്ടുന്നത് ചെയ്യും. പ്രതിഷേധിക്കേണ്ടത്, പ്രതികരിക്കേണ്ടത് ഇപ്പോഴാണ്. നെഞ്ചോട് ചേർത്ത് പിടിക്കേണ്ടത് ഒരേ ഒരു ഗ്രന്ഥത്തെ ആണ്. ഭരണ ഘടന എന്ന സാർവത്രിക മൂല്യത്തെ ഉറപ്പു വരുത്തുന്ന മഹത്തായ ഗ്രന്ഥത്തെ. ഒരു നിയമം കൊണ്ടും നിഷേധിക്കാനാവാത്ത സാഹോദര്യമാണ് ഈ രാജ്യം. അടിച്ചമർത്താൻ നിർദ്ദേശം നൽകിയ അധികാരത്തിന്റെ പടച്ചട്ടയുടെ മുന്നിൽ നിന്നുകൊണ്ടാണ് റോസാപ്പൂക്കൾ നീട്ടി ഡൽഹിയിലെ പെൺകുട്ടികൾ പാടിയത്... ദില്ലി പോലീസ് ബാത് കരോ... ആവോ ഹമാരെ സാഥ് ചലോ...

ജനാധിപത്യത്തിന് കാവൽ നിൽക്കുന്ന, പോരാട്ടമാണ് പാഠം എന്ന് ലോകത്തിന് കാട്ടിക്കൊടുത്ത പെൺകുട്ടികളാണ് നമ്മുടെ അഭിമാനം. ഈ വനിതാപ്പതിപ്പ് അവരുടേത് കൂടി ആണ്.

**ഡോ. എ.എസ്. സുരേഷ്**
drassumesh@gmail.com
9744168522



ഡോ. പി.എൻ. ഹരികുമാർ

# കേന്ദ്ര ഭരണകൂടം ദേശവിരുദ്ധമാവുമ്പോൾ

മനുഷ്യവർഗ്ഗത്തിന് ദൈർഘ്യമേറിയ പരിവർത്തന പ്രക്രിയയിൽ ദേശരാഷ്ട്രങ്ങളുടെ രൂപപ്പെട്ടുവരൽ ഒഴിവാക്കാനാവാത്ത ഒന്നായിരുന്നു. ചരിത്രാതീത കാലത്ത് എന്നോ പ്രത്യക്ഷപ്പെട്ട ഒരു ഉൽപ്പന്നം എന്നതിനേക്കാളും ഇന്നും നടന്നുകൊണ്ടിരിക്കുന്ന ചരിത്ര പ്രക്രിയയുടെ ഭാഗമായി വേണം രാഷ്ട്രത്തെ പഠിക്കുവാൻ. ബ്രിട്ടീഷ് കോളനികരണത്തിന് എതിരായി രണ്ട് ശതാബ്ദത്തോളം നീണ്ടുനിന്ന വലുതും ചെറുതുമായ ജനങ്ങളുടെ പോരാട്ടങ്ങളിലൂടെയാണ് ഇന്ത്യ എന്ന ആശയം ഉരുത്തിരിഞ്ഞു വന്നത്. യൂറോപ്യൻ ദേശരാഷ്ട്ര സങ്കല്പങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ചരിത്ര സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ഇടങ്ങളിലാണ് ഇന്ത്യ എന്ന രാഷ്ട്രത്തെ കണ്ടെത്തേണ്ടത്. ഇന്ത്യ എന്ന രാഷ്ട്രവും അതിന്റെ ദേശീയതയും രൂപപ്പെട്ടത് ഇന്ത്യൻ ജനത നടത്തിയ ഐതിഹാസികമായ സ്വാതന്ത്ര്യ സമര പോരാട്ടത്തിലൂടെയാണ്. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഒന്നല്ല ഇന്ത്യൻ ഭരണഘടന. അത് ദീർഘകാലത്തെ ജൈവികമായ പ്രക്രിയയുടെ ഉൽപ്പന്നമാണ്. നീണ്ടകാലത്തെ പ്രായോഗിക അനുഭവത്തിലൂടെ സ്ഫുടം ചെയ്ത ബൗദ്ധിക രാഷ്ട്രീയ ചിന്തകളുടെ അനിതരസാധാരണമായ കണ്ടെത്തലായിരുന്നു അത്.

ഒന്നിനെ മാത്രം ഉൾക്കൊണ്ട്, ഒന്നു മാത്രം പറഞ്ഞ്, ഒന്നിനുമാത്രം പുറകെ പോയ, ഒരു ഏകശിലാ വാർപ്പ് മാതൃകയല്ലായിരുന്നു ഇന്ത്യ. ബൗദ്ധ-ജൈന, ചാർവാക, അജീറിക, ഗോത്ര-ദളിത്, സൂഫി, ഭക്തി പാരമ്പര്യങ്ങൾ എല്ലാം ഒന്നിനുമേൽ ഒന്നുകയറി കിടക്കുന്ന അതിപുരാതനമായ ഒരു എഴുത്തു പലക പോലെയാണ് ഇന്ത്യ. ഒന്നും മറ്റൊന്നിനെ മായ്ച്ചുകളയുകയോ, മറ്റൊന്നിന്റെ പ്രാധാന്യം ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. അധികാര കൈമാറ്റത്തിന് ശേഷമുള്ള കഴിഞ്ഞ ഏഴ് പതിറ്റാണ്ട് കാലഘട്ടത്തിന് ഇടയ്ക്ക് വർഗീയതയും പ്രാദേശികതയും ഇടയ്ക്കിടയ്ക്ക്

തമ്മിൽതല്ലുകൾ ഉണ്ടാക്കിയെങ്കിലും വലിയ പരിക്കുകളില്ലാതെ രാജ്യം മുന്നോട്ട് പോയത് ചില അടിസ്ഥാന ഘടകങ്ങൾ ഇന്ത്യ എന്ന ആശയത്തിന് ജീവൻ നൽകുന്ന രീതിയിൽ പ്രവർത്തിച്ചതുകൊണ്ടാണ്.

ഇത്രയും പറഞ്ഞത് ഇന്ത്യ എന്ന ഈ മഹാ ഭൂമികയെ നിലനിർത്തിയ അടിസ്ഥാന ആശയങ്ങൾ ആകുന്ന അടിത്തട്ട് അട്ടിമറിക്കപ്പെടുന്ന കാലമാണ് ഇതെന്ന് ഓർമ്മിപ്പിക്കാനാണ്. നമുക്കൊപ്പം കോളനിവൽക്കരണത്തിൽ നിന്ന് രാഷ്ട്രീയമായി പ്രത്യക്ഷത്തിൽ മോചനം നേടിയ രാഷ്ട്രങ്ങൾ വീണ്ടും പട്ടാള അട്ടിമറിക്കും ഏകാധിപത്യത്തിനും വിധേയമായപ്പോൾ നാം പറഞ്ഞു ഇന്ത്യൻ ജനാധിപത്യം കടലാസിലെ പുലിയല്ല അത് ജനങ്ങളുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങിയ ഒന്നാണെന്ന്. എന്നാൽ ഇപ്പോൾ അതിനെല്ലാം കടകവിരുദ്ധമായി ദേശീയതയെ മതത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കുന്ന തീവ്രവലതുപക്ഷ സംഘപരിവാർ പ്രത്യയശാസ്ത്രം നമ്മുടെ രാഷ്ട്രീയ മണ്ഡലങ്ങളെ കീഴടക്കിയിരിക്കുകയാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിച്ച കൊണ്ടു തന്നെ അധികാരത്തിലെത്തിയ ആർഎസ്എസ്സിനാൽ നയിക്കപ്പെടുന്ന ബിജെപി തങ്ങളുടെ രാഷ്ട്രീയനയം ഔദ്യോഗികമായി രാഷ്ട്രത്തിന്റെ നയം ആക്കി മാറ്റുകയാണ്. ദേശീയ പൗരത്വ രജിസ്റ്റർ എന്ന തീർത്തും അപകടകരമായ സങ്കേതത്തിലൂടെ തങ്ങളുടെ ഭക്തരെ പ്രീതിപ്പെടുത്തുവാൻ ഹിന്ദു രാഷ്ട്ര നിർമ്മിതിക്ക് ആദ്യ കല്ലിടാൻ നരേന്ദ്രമോഡി സർക്കാർ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന പൗരത്വ നിയമം ഭേദഗതി ചെയ്തു കൊണ്ട് അതിന് തുടക്കം കുറിച്ചിരിക്കുന്നു. കേൾക്കുമ്പോൾ ആരുടെയും ലളിത യുക്തിയെ തൃപ്തിപ്പെടുത്തും വിധം രാജ്യത്തെ പൗരന്മാരുടെ പട്ടിക തയ്യാറാക്കേണ്ടതാണെന്നും, നുഴഞ്ഞുകയറ്റക്കാരെ പുറത്താക്കുന്നത് ജനങ്ങളുടെ സുരക്ഷയ്ക്കും രാജ്യത്തിന്റെ പുരോഗതിക്കും ആവശ്യമാണ് എന്നും നിഷ്കളങ്കബുദ്ധികളെ പറഞ്ഞു ബോധിപ്പിക്കാൻ കേന്ദ്ര ഭരണാധികാരികൾക്ക് ആയിട്ടുണ്ട്. ഹിന്ദുരാഷ്ട്ര നിർമാണ അജണ്ട എന്നൊക്കെ പറയുമ്പോൾ അതിൽ പൗരത്വ നിയമത്തിനെന്ത് പങ്കെന്ന് ചോദിക്കുന്ന നിഷ്കളങ്കരെ സൃഷ്ടിക്കുന്നതിൽ ആർഎസ്എസ് ചിലകോണുകളിൽ വിജയിച്ചിട്ടുമുണ്ട്.

അസ്സമിൽ പൗരത്വ രജിസ്റ്റർ നടപ്പിലാക്കിയപ്പോൾ ആദ്യഘട്ടത്തിൽ ഏകദേശം 40 ലക്ഷത്തോളം ആളുകൾ പുറത്താവുകയുണ്ടായി. പിന്നീട് തിരുത്തലുകൾ വരുത്തിയപ്പോൾ അത് 19 ലക്ഷമായി കുറഞ്ഞു. ബംഗ്ലാദേശിൽ നിന്ന് അനധികൃതമായി കടിയേറിയ ആളുകളെ പുറത്താക്കുമെന്ന വാദത്തിന് പുറത്ത്, മുസ്ലീങ്ങളെ ഉന്നം വച്ച്, ആരംഭിച്ചതാണെങ്കിലും പൗരത്വ രജിസ്റ്റർ നടപ്പിലായപ്പോൾ പുറത്തായ 19 ലക്ഷത്തിൽ ഏകദേശം 13 ലക്ഷത്തോളം ആളുകൾ ഹിന്ദുക്കൾ ആയിരുന്നു. രാജ്യവ്യാപകമായി ദേശീയ പൗരത്വ രജിസ്റ്റർ നടപ്പിലാക്കിയാൽ മറ്റേത് മതന്യൂനപക്ഷത്തെക്കാളും അധികം പുറത്താവുക ഹിന്ദുക്കളായിരിക്കുമെന്ന് അസ്സാം അനുഭവം ആർഎസ്എസിന് നല്കുകയുണ്ടായി. അത് തങ്ങളുടെ വോട്ട് ബാങ്കിനെ ബാധിക്കും എന്നും പ്രത്യക്ഷത്തിൽ തങ്ങൾക്ക് വലിയ തിരിച്ചടിയാകുമെന്നും ഹിന്ദുത്വ രാഷ്ട്രവാദികൾക്ക് മനസ്സിലായി. ഇതിൽനിന്ന് എങ്ങനെയും പുറത്തുകടക്കാൻ വേണ്ടിയാണ് പുതിയ പൗരത്വ ഭേദഗതി നിയമം കൊണ്ടു വന്നിരിക്കുന്നത്. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നും 2014ന് മുൻപ് കടിയേറിയ മുസ്ലീങ്ങൾ ഒഴികെയുള്ള ആളുകൾക്ക് പൗരത്വം നൽകാം എന്ന രീതിയിൽ ഇന്ത്യൻ പൗരത്വ നിയമം ഭേദഗതി ചെയ്യുകയുണ്ടായി. ഈ മൂന്ന് രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ വലിയ രീതിയിൽ മതപീഡനം അനുഭവിക്കുന്നുണ്ട് എന്നും അതു കൊണ്ടാണ് അവർക്ക് പൗരത്വം നൽകുന്നത് എന്നും അതുപോലെ തന്നെ ഈ രാജ്യങ്ങളിലെല്ലാം ഭൂരിപക്ഷം മുസ്ലിം ജനസാമാന്യം ആണെന്നും അതുകൊണ്ട് അവിടുന്ന് വരുന്ന മുസ്ലിങ്ങൾക്ക് പൗരത്വം നൽകേണ്ടതില്ല എന്നുമാണ് ബിജെപി സർക്കാർ പറയുന്ന ന്യായം. മതപീഡനം ആണ് കുടിയേറ്റത്തിനും പൗരത്വയോഗ്യതയ്ക്കും ഉള്ള ന്യായമായി ഇവർ പറയുന്നതെങ്കിൽ ബുദ്ധമത ഭൂരിപക്ഷത്തിന്റെ പീഡനത്തെ തുടർന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്ത മ്യാന്മറിലെ റോഹിങ്ക്യ മുസ്ലിങ്ങളെയോ, ചൈനയിലെ ഉഗിയർ മുസ്ലിങ്ങളെയോ, സുന്നി ഭൂരിപക്ഷത്തിന്റെ പീഡനം അനുഭവിക്കുന്ന പാകിസ്ഥാനിലെ ഷിയാ, അഹമ്മദീയ വിഭാഗങ്ങളെയോ, ഈ നിയമത്തിൽ പരിഗണിക്കാത്തതിന്റെ കാരണം ഇതുവരെ കേന്ദ്ര ഗവൺമെൻറ് വ്യക്തമാക്കിയിട്ടില്ല. ശ്രീലങ്കയിൽ നിന്നും വംശീയ പീഡനത്തെത്തുടർന്ന് പലായനം ചെയ്ത് ഇന്ത്യയിലെത്തിയ തമിഴ് വംശജർ, അവരിൽ ഭൂരിപക്ഷവും ഹിന്ദുമതവിശ്വാസികൾ ആയിട്ടുകൂടി, പുതിയ പൗരത്വഭേദഗതി നിയമത്തിന്റെ പരിധിക്ക് പുറത്താണ്.

പൗരത്വ ഭേദഗതി നിയമവും ദേശീയ പൗരത്വ രജിസ്റ്ററും മുസ്ലിങ്ങളെ മാത്രം ഉന്നം വച്ച കൊണ്ടാണ് നടപ്പിലാക്കുന്നത് എന്ന് പറയുക വയ്യ. അവർ ആദ്യത്തെ ഉന്നം മാത്രമാണ്. ആർഎസ്എസ് -ന്റെ രണ്ടാമത്തെ സർസംഘചാലക് ആയിരുന്ന ഗോൾവാൾക്കർ തന്റെ 'വിചാരധാര'യിൽ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകാർ എന്നിവരാണ് ഹിന്ദു രാഷ്ട്രത്തിന്റെ മൂന്ന് ആഭ്യന്തര ശത്രുക്കൾ എന്ന് കൃത്യമായി പറയുന്നുണ്ട്. അയാളുടെ തന്നെ 'നമ്മൾ, അഥവാ നമ്മുടെ രാഷ്ട്രം നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് പൗരാവകാശങ്ങൾ ഒന്നുമില്ലാത്ത രണ്ടാംകിട പൗരന്മാരായി വേണമെങ്കിൽ ഹിന്ദു രാഷ്ട്രത്തിൽ തുടർന്നു കൊള്ളാനും പറയുന്നുണ്ട്. ആർഎസ്എസ് ഹിന്ദു മതരാഷ്ട്രവാദത്തിൽ തങ്ങളുടെ ആത്യന്തിക ലക്ഷ്യം ഉറപ്പിച്ചിരിക്കുകയാണ് എന്ന് കരുതുന്നതി



ല്യം പിശകുണ്ട്. ന്യൂനപക്ഷങ്ങളെ പൗരത്വത്തിന് പുറത്താക്കി, വിശാല ഹിന്ദു രാഷ്ട്രം നിർമ്മിക്കുക എന്നതല്ല ആർഎസ്എസ്സിന്റെ ആത്യന്തിക അജണ്ട. മറിച്ച് ഒരു സവർണ്ണ ജാതി രാഷ്ട്രമാണ് അവരുടെ മൂശയിൽ ഉള്ളത്. ദളിതരും, ആദിവാസിയും, പിന്നാക്കക്കാരനും രണ്ടാംകിട പൗരന്മാരായ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ ത്രൈവർണിക ജാതി ഹിന്ദുവിന്റെ സവർണ്ണ രാഷ്ട്രമാണത്.

വർഗീയതയാണ് ഇന്ത്യൻ രൂപത്തിലുള്ള ഫാഷിസം എന്ന് പറഞ്ഞത് ജവഹർലാൽ നെഹ്റുവാണ്. ഫാഷിസം എന്നാൽ കോർപ്പറേറ്റ് മുതലാളിത്തമാണെന്ന് പറഞ്ഞത് അതിന്റെ ആചാര്യൻ മുസ്സോളിനിയും. ഇറ്റലിയിൽ പോയി മുസ്സോളിനിയെ കണ്ട ഹിന്ദുത്വ രാഷ്ട്രവാദികൾ ആർഎസ്എസ് രൂപീകരിച്ചത് മുസോളിനിയുടെ ഫാസിസ്റ്റ് സംഘടനയുടെ അതെ രൂപത്തിലും. രാജ്യം മുഴുവനും പൗരത്വ രജിസ്റ്ററിന് എതിരെ സമരം നടത്തുമ്പോഴും ഏതാനും കുത്തകകൾക്ക് രാജ്യത്തെ പൊതുമേഖലയെ മുഴുവനും തീറെഴുതുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. നിൽക്കക്കള്ളിയില്ലാതെ വ്യവസായ പ്രമുഖർ തന്നെ കേന്ദ്ര ഗവൺമെന്റിനെതിരെ വിമർശനവുമായി അടുത്തകാലത്ത് വന്നത് നാം കണ്ടതാണ്. ജാതിമത വർഗീയതയുടെയും, കോർപ്പറേറ്റ് മുതലാളിത്തത്തിന്റെയും ഇരട്ടമുഖമുള്ള കേന്ദ്ര ഗവൺമെന്റിനെ തുറന്നു കാണിക്കുക എന്നതാണ് ഇപ്പോൾ നാം ഏറ്റെടുക്കേണ്ട അടിയന്തര ചുമതല. ഇടതുപക്ഷ ദളിത് ബഹുജന ഐക്യം മറ്റേത് കാലഘട്ടത്തെക്കാളും ആവശ്യപ്പെടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. മുഖ്യപ്രതിപക്ഷമായ കോൺഗ്രസ് അടക്കമുള്ള പാർട്ടികൾ ആശയപരമായ പാപ്പരത്തവും പ്രായോഗിക സമീപനങ്ങളിലെ പാളിച്ചകൊണ്ടും നിഷ്ക്രിയമായി തുടരുകയാണ്. സത്വവാദ- ന്യൂനപക്ഷതീവ്ര പ്രസ്ഥാനങ്ങൾ ഇതിനിടയിൽ ഉയർന്നുവരുന്ന സമര ഐക്യത്തെ തെറ്റായ വഴിക്ക് നയിക്കാനും തങ്ങളുടെ ഇടുങ്ങിയ രാഷ്ട്രീയ അജണ്ടകൾക്ക് വേണ്ടി ഉപയോഗിക്കാനും ശ്രമിക്കുന്നുണ്ട്. മൂർത്തമായ സാഹചര്യങ്ങളുടെ മൂർത്തമായ വിശകലനം നടത്തിക്കൊണ്ട് മാത്രമേ ഇത്തരമൊരു സാഹചര്യത്തിൽ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. ഇന്ത്യയിൽ ഇടതുപക്ഷത്തിന് മാത്രമേ ഇത്തരമൊരു പ്രായോഗിക പദ്ധതിയിൽ അടിസ്ഥാനപ്പെടുത്തിയ പരിപാടിയെ മുന്നോട്ട് വയ്ക്കാൻ കഴിയൂ. ഈ വിഷയത്തിൽ ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഇതുവരെയും ഉണ്ടായിരിക്കുന്ന നടപടികൾ വളരെയധികം പ്രതീക്ഷ നൽകുന്നതാണ്. സമരത്തിന്റെ വലിയ കേന്ദ്രങ്ങളായ സർവ്വകലാശാലകളിൽ എല്ലായിടത്തും അതിന് നേതൃത്വം നൽകുന്നത് ഇടതുപക്ഷ വിദ്യാർഥി സംഘടനകളാണ്. എസ്എഫ്ഐയും, ഡിവൈഎഫ്ഐയും, ജനാധിപത്യ മഹിളാ അസോസിയേഷനും, ഇടതുപക്ഷ നേതാക്കൾ എല്ലാവരും പൊരുതുന്ന ജനതയ്ക്ക് ഐക്യദാർഢ്യം അർപ്പിച്ച് അവരോടൊപ്പം നേതൃത്വപരമായ പങ്ക് വഹിച്ചുകൊണ്ട് തെരുവിൽ ഉണ്ട്. അധ്യാപക സമൂഹത്തോടും കാലം വലിയൊരു ചുമതല ആവശ്യപ്പെടുന്നുണ്ട്. ഉത്തരേന്ത്യയിൽ വിദ്യാർത്ഥികളോടൊപ്പം അധ്യാപകരും സമരമുഖത്താണ്. നമ്മുടെ ക്ലാസ് മുറികളിലും, തെരുവോരങ്ങളിലും, വീടിനുള്ളിലും കേന്ദ്ര ഗവൺമെന്റിന്റെ വർഗീയ കോർപ്പറേറ്റ് നയങ്ങളുടെ മുഖം നാം ശരിയായ രീതിയിൽ തുറന്നുകാട്ടണം. നമുക്ക് വേണ്ടി സംസാരിക്കാൻ ആരും ഇല്ലാതാവുന്ന കാലഘട്ടം വരുന്നതിന് മുൻപ് നമുക്ക് മറ്റുള്ളവർക്ക് വേണ്ടി സംസാരിക്കാം.

വർഗീയ കോർപ്പറേറ്റ് ഭരണം അവസാനിക്കട്ടെ.

പൊരുതുന്ന ഇന്ത്യൻ ജനതയ്ക്ക് അഭിവാദ്യങ്ങൾ.

ഗസ്റ്റ് എഡിറ്റോറിയൽ



# പെണ്ണരങ്ങുകൾ പൊതു ഇടങ്ങളിലേക്കും

പതിവിൽ നിന്ന് വ്യത്യസ്തമായി വനിതാപ്പതിപ്പ് ഇത്തവണ ഡിസംബർ ലക്കമായി പുറത്തിറങ്ങുകയാണ്. ഭൂരിപക്ഷം അംഗങ്ങളും വനിതാ അധ്യാപകരായിരിക്കുന്ന സംഘടനയാണ് എ കെ പി സി ടി എ. അതുകൊണ്ട് തന്നെ ഇത്തരം ഒരു പതിപ്പിന് സവിശേഷമായ പ്രാധാന്യവുമുണ്ട്. പെണ്ണൊരുമയുടെ പുതിയ അധ്യായങ്ങൾ നമ്മുടെ മണ്ണിൽ അരങ്ങേറുന്ന വർത്തമാന കാലത്ത് ക്ലാസ് മുറികളിലെ പതിവുകളിൽ നിന്ന് നമ്മളും പുറത്ത് കടക്കേണ്ടതുണ്ട്. പെണ്ണൊരുമ്പെട്ടാൽ എന്ന വ്യംഗ്യം നിറഞ്ഞ കാലപ്രമാണത്തെ ചോദ്യം ചെയ്യുന്ന, കാലവും ആയി നേർക്കുനേർ സംവദിക്കുന്ന തലമുറയാണ് നമ്മുടെ അഭിമാനം. എഴുതാനും പറയാനും ഒറ്റക്കിറങ്ങി നടക്കാനും കഴിയുന്ന പെണ്ണിടങ്ങൾ ഇന്ന് നമുക്ക് സ്വന്തമാണ്. സാമൂഹിക സുരക്ഷയുടെ സ്വച്ഛതയിൽ നിലനിൽക്കുമ്പോഴും ഉള്ള് പൊള്ളിക്കുന്ന സ്ത്രീ വിരുദ്ധതയുടെ വാർത്തകൾ രാജ്യമെമ്പാടും നാം കേൾക്കുന്നുണ്ട് എന്നത് നമ്മെ അസ്വസ്ഥരാക്കുന്നുണ്ട്. എന്നാൽ ജവഹർലാൽ നെഹ്റു സർവകലാശാലയിൽ മുതൽ ഇങ്ങ് കേരളത്തിൽ വരെ മുഴങ്ങുന്ന വിദ്യാർത്ഥി പോരാട്ടങ്ങളുടെ "നെടുനായികത്വം" വഹിക്കാൻ നമ്മുടെ പെൺകുട്ടികൾക്ക് ആവുന്നുണ്ട് എന്നതും വിസ്മരിച്ചു കൂടാ.

നിയമവും അധികാര സംവിധാനങ്ങളും കോടതിപോലും എതിർത്ത് നിൽക്കുമ്പോഴും സഹജമായ ചെറുത്തു നിൽപ്പുകളുടെ ആർജ്ജവം പേറുന്ന പെൺമനസുകൾ തീർക്കുന്ന പ്രതിരോധം കാണാതെ പോവരുത്. ലജ്ജാകരമായ ഉന്നാവ സംഭവം രാഷ്ട്രീയമായി പ്രതിരോധിക്കാൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്താനും പ്രതിലോമ ചിന്തകൾ മാത്രം സ്വന്തമായി ഉള്ളവർ പെൺ പ്രതിരോധങ്ങളെ അപകീർത്തികരമായി ചിത്രീകരിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ ഒറ്റക്കെട്ടായി നമ്മുടെ പെൺകുട്ടികൾ മുന്നോട്ട് വരുന്നതും അടിമയായി ജീവിക്കാൻ ആഹ്വാനം ചെയ്ത മത ബോധനങ്ങളുടെ നേരെ ഉയർത്തിയ പരസ്യമായ വെല്ലുവിളി ആയി കൂടി തിരിച്ചറിയേണ്ടതുണ്ട്.

എഴുതാനും വായിക്കാനും ബൗദ്ധിക സംവാദങ്ങൾക്കുള്ള അരങ്ങ് നിർമ്മിക്കാനും അക്കാഡമിക് രംഗത്ത് പ്രവർത്തിക്കുന്ന നമുക്ക് അനായാസം സാധിക്കും. എന്നാൽ ഇത് പൊതു ഇടങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുക എന്ന സാമൂഹിക ഉത്തരവാദിത്വം കൂടി നാം ഏറ്റെടുക്കേണ്ടതുണ്ട്. വനിതാ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ ഈ നിലയിൽ കൂടി വ്യാപിപ്പിക്കാൻ കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ നമുക്ക് സാധിക്കൂ. അതിനായി ഓരോ എ കെ പി സി ടി എ അംഗങ്ങളും സ്വയമേവ തയ്യാറാകേണ്ടതുണ്ട് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് വനിതാപതിപ്പിന് വേണ്ടി പ്രയത്നിച്ച ഓരോ അംഗങ്ങളെയും അഭിവാദ്യം ചെയ്തുകൊണ്ട് ഈ വനിതാപതിപ്പ് വായനക്കാർക്ക് സമർപ്പിക്കുന്നു.

**ഡോ. കെ.ആർ. കവിത**
കൺവീനർ, വനിതാ കമ്മിറ്റി



# പെണ്ണറിവ്

വിചിത്രമായ സ്വപ്നങ്ങൾ കാണുന്ന
പെണ്ണുറക്കമുണ്ടെനിക്ക്
മനസ്സും ശരീരവും പങ്കിടാത്ത രാത്രികളിൽ
അടുത്ത മുറിയിൽ സുഖമായുറങ്ങുന്ന
കെട്ട്യോനെക്കുറിച്ചോ
അമ്മമ്മയുടെ ചൂടുപറ്റിയുറങ്ങുന്ന
മകനെക്കുറിച്ചോ
യാതൊരാവലാതിയുമില്ലാതെ
വായിച്ചു വായിച്ചു കിടന്ന്
അക്ഷരക്കൈകൾ നെഞ്ചോടുചേർത്തങ്ങനെ-
പെണ്ണുറക്കത്തിന്റെ കിനാച്ചന്തം
പെണ്ണിനേ അറിയൂ.

2

ഉണ്ണിയാർച്ചയുടെ ഉച്ചക്കിനാക്കളുടെ
ആലസ്യത്തെക്കാൾ
നടാലിയയുടെ വിപ്ലവമാണെനിക്കിഷ്ടം
നൊറോണയുടെ കഥയിൽ
കക്കുകളിച്ചുകൊണ്ടിരുന്നപ്പോഴാണ്
നടാലിയയെ ആദ്യം കാണുന്നത്
പിന്നെ ഞങ്ങളങ്ങ് കൂട്ടുകൂടി
കള്ളിമുള്ളിൽ വിപ്ലവംതീർത്തു.
അക്കരെയും ഇക്കരെയും നിന്ന്
കൂക്കിവിളിച്ചു.
കിനാക്കടൽ കടന്ന് കളംചാടിക്കളിക്കാൻ
പിന്നെത്ര നടാലിയമാർ
വിശുദ്ധ രക്തസാക്ഷികൾ....
കക്കുകളിയിൽ ഭാഷ ഒരു പ്രശ്നമേയല്ല.
ഇലയും മുള്ളും മാത്രം
പെണ്ണുറക്കത്തിനും കിനാക്കൾക്കും
വിപ്ലവത്തിനും
എവിടെയും ഒരേഭാഷയാണെന്ന്
പെണ്ണിനല്ലേ അറിയൂ.....

ഡോ. മഞ്ജുഷ വി. പണിക്കർ
ബസേലിയസ് കോളേജ്,
കോട്ടയം



## റിപ്പോർട്ട്

# വനിതാ നേതൃപഠന ക്യാമ്പ്

**2019 നവംബർ 23-24, ആശിർഭവൻ, എറണാകുളം**

എ.കെ.പി.സി.ടി.എ. സംസ്ഥാന വനിതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വനിതാ നേതൃപഠന ക്യാമ്പ് 2019 നവംബർ 23, 24 തീയതികളിലായി എറണാകുളം ആശിർഭവനിൽ വെച്ച് നടന്നു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയിൽ സജീവസാന്നിദ്ധ്യമായ എ.കെ.പി.സി.ടി.എ.യുടെ അംഗസംഖ്യയിൽ ബഹുഭൂരിപക്ഷം സ്ത്രീകളാണ്. സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങളിലും നേതൃനിരയിലും അധ്യാപികമാരെ സജീവമായി ഇടപെടാൻ പ്രാപ്തരാക്കുന്ന രീതിയിൽ രാഷ്ട്രീയവൽക്കരിക്കുകയും സംഘടനാവൽക്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. സർവ്വീസ്- അക്കാദമിക - സാമൂഹിക വിഷയങ്ങളിൽ ശ്രദ്ധയൂന്നിയുള്ള പരിപാടികളും ചർച്ചകളുമാണ് ക്യാമ്പിൽ ഉൾക്കൊള്ളിച്ചത്. അധ്യാപികമാരുടെ സജീവപങ്കാളിത്തം കൊണ്ടും ചർച്ചകൊണ്ടും ക്യാമ്പ് ശ്രദ്ധേയമായി.

നവംബർ 23ന് രാവിലെ 10 മണിക്ക് ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. സംസ്ഥാന വനിതാ












കമ്മിറ്റി കൺവീനർ ഡോ. കെ.ആർ. കവിത സ്വാഗതം ആശംസിച്ച ചടങ്ങിൽ സംസ്ഥാന വനിതാ കമ്മിറ്റി ചെയർപേഴ്സൺ ഷീല എം. ജോസഫ് അദ്ധ്യക്ഷയായി. ബഹു. ഫിഷറീസ്, പരമ്പരാഗത വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. കാലടി പഞ്ചായത്ത് പ്രസിഡന്റ് തുളസി ടീച്ചർ, എ.കെ.പി.സി.ടി.എ. ട്രഷറർ ഡോ. പി.കെ. കുശലകുമാരി എന്നിവർ ആശംസാപ്രഭാഷണം നടത്തി. എ.കെ.പി.സി.ടി.എ. പ്രസിഡന്റ് ഡോ. സി. പത്മനാഭൻ സംഘടനാ പരിപ്രേക്ഷ്യം അവതരിപ്പിച്ചു. ചടങ്ങിന് എ.കെ.പി.സി.ടി.എ. എറണാകുളം ജില്ലാ കൺവീനർ റീജാ ജോസ് പി. നന്ദി പറഞ്ഞു.

'സമൂഹം-സംഘടന-സ്ത്രീ' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മിറ്റി ജോ. കൺവീനർ ഡോ. ലക്ഷ്മിപ്രിയ സ്വാഗതം പറഞ്ഞു. വനിതാ പ്രവർത്തകരുടെ സംഘടനാപരമായ ഉത്തരവാദിത്തം, നിർണയാധികാരം എന്നിവയിലൂന്നിയായിരുന്നു സ്വാഗതഭാഷണം. മഹിളാ അസോസിയേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം അഡ്വ. ടി. ഗീനാകുമാരി വിഷയാവതരണം നടത്തി. സ്ത്രീ പദവിയുടെ കാര്യത്തിൽ കേരളം ഉത്തരേന്ത്യയെക്കാൾ മെച്ചപ്പെട്ട അവസ്ഥയിലാണെങ്കിലും വരും തലമുറയ്ക്ക് പൗരാവകാശങ്ങളോടെ മുന്നോട്ട് പോകാനുള്ള സാധ്യതയെക്കുറിച്ച് ആശങ്കപ്പെടേണ്ടതുണ്ട്. ചരിത്രകണക്കുകളുടെ മെച്ചത്തിൽ അഭിരമിച്ചുപോകുന്നതിൽ അർത്ഥമില്ല. നവോത്ഥാന മുന്നേറ്റങ്ങൾ വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലെ പുരോഗതി, സംഘടിതബോധം എന്നിവയിലൊക്കെ കേരളം ചരിത്രപരമായി അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും കേരളത്തെപ്പറ്റിയുള്ള പൊതുധാരണയെ ഇഴകീറി പരിശോധിക്കേണ്ടതുണ്ട്. സംഘടിതതത്വത്തെ രാഷ്ട്രീയ പ്രബുദ്ധതയിലേക്കും സാമൂഹിക പ്രതിബദ്ധതയിലേക്കും പരിവർത്തിപ്പിക്കാ





നാവുന്നാണ്ടോ എന്ന് കേരളീയ സാഹചര്യത്തെ മുഖ്യപ്രഭാഷക വിമർശനാത്മകമായി വിലയിരുത്തി. തുടർന്ന് നടന്ന ചർച്ചയിൽ ഐഫക്ടോ സോണൽ സെക്രട്ടറി എ.ജി. ഒലീന മോഡറേറ്ററായി സംഘടനാ വനിതാ കമ്മിറ്റിയുടെ പ്രവർത്തനചരിത്രത്തെക്കുറിച്ചും വർത്തമാനകാല സാഹചര്യങ്ങളെക്കുറിച്ചും വിലയിരുത്തി. തുടർന്ന്



നടന്ന ചർച്ചകളിൽ ആഷാ പ്രഭാകരൻ (കേരള യൂണിവേഴ്സിറ്റി), ഡോ. സിമി പി. സുകമാരൻ (എം. ജി. യൂണിവേഴ്സിറ്റി), ഡോ. ജയ എ.റ്റി. (കോഴിക്കോട് യൂണിവേഴ്സിറ്റി), സോന പി. (കണ്ണൂർ യൂണിവേഴ്സിറ്റി) എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഡോ. വിദ്യാപണിക്കർ നന്ദി പറഞ്ഞു.

വൈകന്നേരം 5 മണിക്ക് ആരംഭിച്ച 'ഇംപ്രൊവൈസേഷനി'ൽ കൊല്ലം ജില്ലാ കൺവീനർ അപർണ്ണ പി. സ്വാഗതം പറഞ്ഞു. സർഗാത്മകനാടകവേദിയായ പടവ് ക്രിയേറ്റീവ് തീയേറ്റർ, കണ്ണൂരിന്റെ നേനതൃത്വത്തിൽ നടന്ന സെഷൻ ഊർജ്ജസ്വലവും ആകർഷകവുമായിരുന്നു. സെഷന് കോഴിക്കോട് ജില്ലാ കൺവീനർ രഹന മൊയ്തീൻകോയ വി.കെ. നന്ദി പറഞ്ഞു. തുടർന്ന് സംഘടനാ വനിതാ പ്രവർത്തനരേഖ അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചയിൽ ക്രിയാത്മകമായ ആശയങ്ങൾ രൂപീകരിക്കപ്പെട്ടു.

നവംബർ 24ന് രാവിലെ 9.30ന് 'സമരരംഗത്തെ സ്ത്രീ' എന്ന വിഷയത്തിൽ ചർച്ച നടന്നു. കണ്ണൂർ യൂണിവേഴ്സിറ്റി മേഖലാ കൺവീനർ ഡോ. ടി.പി. നഫീസാബേബി സ്വാഗതം പറഞ്ഞു. എ.കെ.പി.സി.ടി.എ. പ്രവർത്തകസമിതി അംഗം ഡോ. കെ. വിജയകമാരി അദ്ധ്യക്ഷയായിരുന്നു. എ.കെ.പി.സി.ടി.എ. മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. ടി.എ. ഉഷാകുമാരി, യുവജന പ്രവർത്തക അഡ്വ. പി.എം. ആതിര, കവി വിജയരാജ മല്ലിക, കേരള യൂണിവേഴ്സിറ്റി മുൻ ചെയർപേഴ്സൺ ശ്യാമിലി ശശികമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. എ.കെ.പി.സി.ടി.എ. സ്റ്റേറ്റ് സെക്രട്ടറി, ആർ. ഇന്ദുലാൽ അഭിവാദ്യം അർപ്പിച്ച് സംസാരിച്ചു. കേരള യൂണിവേഴ്സിറ്റി മേഖലാ കൺവീനർ ഡോ. വിജയശ്രീ നന്ദിപറഞ്ഞു.

11.30ന് 'സർവ്വീസ് വിഷയങ്ങൾ- അവലോകനവും നിർദ്ദേശങ്ങളും' എന്ന വിഷയത്തിൽ ചർച്ച നടന്നു. മലപ്പുറം ജില്ലാ കൺവീനർ ആതിരാനന്ദൻ ചടങ്ങിൽ സ്വാഗതം പറഞ്ഞു. സംസ്ഥാനന സർവ്വീസ് സെൽ ജോ. കൺവീനർ ഡോ. സുഷമരാജ് ആർ.വി, വിഷയാവതരണം നടത്തി സംസാരിച്ചു. സർവ്വീസ് നിയമങ്ങളും വിവിധ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച നടപ്പാക്കിയ റഗുലേഷനുകളെപ്പറ്റിയും പ്രതിപാദിച്ച വിഷയാവതരണം മികച്ചതായി. തുടർന്ന് ചർച്ച നടന്നു. തൃശ്ശൂർ ജില്ലാ കൺവീനർ ഷീജ പി. പറയിൽ നന്ദി പറഞ്ഞു.

പങ്കാളിത്തം കൊണ്ടും ചർച്ചകൾ കൊണ്ടും ക്യാമ്പ് ശ്രദ്ധേയമായി.

അഭിമുഖം

# സമരം സംഘടന സമൂഹം

(എ.കെ.പി.സി.ടി.എ. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് **പ്രൊഫ. ടി.എ. ഉഷാകുമാരി**യുമായി ജേർണൽ എഡിറ്റോറിയൽ ബോർഡ് അംഗം ഷൈല ഹമീദ് നടത്തിയ അഭിമുഖം)

**ചോദ്യം: ദീർഘകാലം പുരോഗമനപ്രസ്ഥാനങ്ങളുടെ അമരക്കാരിയായി പ്രവർത്തിച്ച ടീച്ചറുടെ അനുഭവങ്ങൾ പൊതുതലമുറയുമായി പങ്കുവെക്കുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. അന്നത്തെ പ്രവർത്തനങ്ങളും നിലപാടുകളും അനുഭവങ്ങളും ഒന്നു വിശദീകരിക്കാമോ?**

ഉത്തരം: കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിന്റെ വടക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ചരിത്രമുറങ്ങുന്ന എന്റെ ഗ്രാമമാണ് അഴിയൂർ. മാഹിയാണ് അയൽപ്രദേശം. 16-ാം നൂറ്റാണ്ടിൽ രചിയ്ക്കപ്പെട്ട കേരളത്തിന്റെ ആധികാരിക ചരിത്രഗ്രന്ഥമാണ് തുഹ്ഫത്തുൽ മുജാഹിദ്ദീൻ. പ്രസ്തുത ഗ്രന്ഥം രചിച്ച പണ്ഡിതൻ ഷെയ്ഖ് സൈനുദ്ദീന്റെ ഉമ്മവീട് അഴിയൂരിലായിരുന്നു. ഇദ്ദേഹത്തിന്റെ ഖബർ സ്ഥിതി ചെയ്യുന്നത് അഴിയൂരിലെ പ്രശസ്തമായ കുഞ്ഞിപ്പള്ളിയിലാണ്. മുസ്ലീം ജനവിഭാഗം ഭൂരിപക്ഷമുള്ള പ്രദേശം. മിക്ക ഗൃഹനാഥന്മാരും മദിരാശി, ബോംബെ തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിലോ സിംഗപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിലോ കച്ചവടമോ, ഹോട്ടലുകളോ ഒക്കെയായി കഴിയുന്നവർ. പറക്കമുറ്റാത്ത കുഞ്ഞുങ്ങളുമായി വീട്ടിൽ തനിച്ചുകഴിയുന്ന ഉമ്മമാർ. ഭർത്താവിനും ബന്ധുക്കൾക്കും കത്തെഴുതാനായി എന്നെ വിളിക്കും. ഒരുപാട് പരാതികളും പരിഭവങ്ങളുമാണ് എഴുതാനായി പറഞ്ഞുതരിക. എന്റെ വകയായി പൊടിപ്പും തൊങ്ങലും വെച്ച് കത്ത് തയ്യാറാക്കും. നെയ്യിൽ മൊരിച്ച ദോശയും ചായയും കഴിച്ച് അടുത്ത കത്തെഴുതാനുള്ള വിളിക്കായി കാത്തിരിക്കും. പെരുന്നാളിന് കൊതിയൂറുന്ന മധുരപലഹാരങ്ങളും അവർ കൊടുത്തയയ്ക്കും. മാഹിയിലെ സെന്റ് തെരേസ പള്ളിയിലെ പെരുന്നാളും അഴിയൂരിലെ പ്രശസ്തമായ നാഗത്തിറയുമൊക്കെ ഉത്സവഛായ കലർന്ന അന്തരീക്ഷത്തിൽ ഞങ്ങൾ ആഘോഷിച്ചിരുന്നു. അഴിയൂരിൽ കർഷകത്തൊഴിലാളി കുടുംബങ്ങളുമുണ്ട്. അവരോടൊപ്പം കിലോമീറ്ററുകൾ അകലെയുള്ള വടകര, തലശ്ശേരി നഗരങ്ങളിലേക്ക് കാൽനടയായി കമ്മ്യൂണിസ്റ്റുപാർട്ടി ജാഥകളിൽ സഞ്ചരിച്ചതിന്റെ ഓർമ്മകളും ഉണ്ട്. സമാധാനവും സന്തോഷവും മതമൈത്രിയും പുലർന്ന എന്റെ ഗ്രാമം അഴിയൂരിനെ കുറിച്ച് മധുരിക്കുന്ന എത്രയെത്ര ഓർമ്മകൾ!

1954-ലെ മാഹി വിമോചനസമരത്തിന്റെ രഹസ്യചർച്ചകളെല്ലാം നടത്തപ്പെട്ടത് അഴിയൂരിൽ വെച്ചാണ്-കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വലിയ സ്വാധീനമുള്ള ഗ്രാമം. മോസ്കോ എന്നാണ് എന്റെ പ്രദേശം അറിയപ്പെട്ടത്. അമ്മ വീടും വടകരയിൽ തന്നെ. രണ്ടും കമ്മ്യൂണിസ്റ്റ് കുടുംബങ്ങൾ. മാഹി വിമോചനസമരവുമായി ബന്ധപ്പെട്ട് പോലീസ് അറസ്റ്റ് ചെയ്യുമെന്നായപ്പോൾ എന്റെ അച്ഛൻ ടി.എ. കുഞ്ഞിരാമനും രണ്ടു അനുജന്മാരും ഒളിവിൽ പോയി. സഹോദരന്മാർ തമിഴ്നാട്ടിൽ എത്തി ജോലി നേടി. ടി.എ. നാരായണൻ സി.ഐ.ടി.യു. നേതാവ് സ. എ.കെ. പത്മനാഭനോടൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനും ടി.എ. ബാലൻ ട്രാൻസ്പോർട്ട് മേഖലയിൽ ട്രേഡ് യൂണിയൻ കെട്ടിപ്പടുക്കാനും പ്രവർത്തിച്ചു. രണ്ടുപേരും മദിരാശിയിൽ വെച്ചാണ് മരണമടഞ്ഞത്. അച്ഛന്റെ യാതൊരുവിവരവും ലഭ്യമായിരുന്നില്ല. 10 വർഷത്തിനുശേഷമാണ് നാട്ടിൽ തിരിച്ചെത്തുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷകത്തൊഴിലാളി യൂണിയന്റേയും അഴിയൂരിലെ യോഗങ്ങളെല്ലാം എന്റെ വീട്ടിൽ വെച്ചാണ് നടത്താറ്. പാർട്ടി നേതാക്കളായ എം.കെ. കേളുവേട്ടൻ, കർഷകത്തൊഴിലാളി യൂണിയൻ കെട്ടിപ്പടുത്ത എം. കേളപ്പൻ, എ. കണാരൻ, പാട്യം ഗോപാലൻ തുടങ്ങിയ നേതാക്കളെല്ലാം യോഗത്തിൽ പങ്കെടുക്കാനായി വീട്ടിൽ വന്നിട്ടുണ്ട്. പാർട്ടി യോഗങ്ങൾ അക്കാലത്ത് രാത്രിയിലാണ് ചേരുക. പരിപാടിക്കു ശേഷം എന്റെ വീട്ടിൽ താമസിച്ച് പുലർച്ചെ എഴുന്നേറ്റുപോകുന്ന ഒരു ശൈലിയാണ് അന്നുണ്ടായിരുന്നത്. ചിമ്മിനി വിളക്കിന്റേയും പെട്രോമാക്സിന്റേയും വെളിച്ചത്തിൽ വീടിന്റെ ഉമ്മറത്തുവെച്ച് നടത്തപ്പെടുന്ന യോഗങ്ങളിലെ നേതാക്കളുടെ റിപ്പോർട്ടിംഗും തുടർന്നു നടക്കുന്ന ചർച്ചകളുമൊക്കെ അകത്തിരുന്ന് ഞാൻ ശ്രദ്ധിച്ചുകേൾക്കും. ഇതാണ് എന്റെ മനസ്സിലേക്ക് കുട്ടിക്കാലത്തുതന്നെ കമ്മ്യൂണിസ്റ്റാശയങ്ങൾ സന്നിവേശിപ്പിച്ചത്.

**ചോദ്യം: അന്ന് പാട്ടുകളും കഥകളും കവിതകളുമൊക്കെ പുരോഗമന പ്രസ്ഥാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ആശയപ്രചരണത്തിന് ഉപയോഗിക്കുകയും ചെയ്തിരുന്നല്ലോ? ടീച്ചർക്ക് അതിൽ പങ്കുണ്ടായിരുന്നോ?**

ഉത്തരം: അതേ, കലാ-സാംസ്കാരികരംഗത്ത് എന്നെ ഏറെ സ്വാധീനിച്ചത് കുടുംബപശ്ചാത്തലമാണ്. അച്ഛനും അദ്ദേഹത്തിന്റെ സഹോദരിമാരും നന്നായി പാടുമായിരുന്നു. വിവാഹിതരായതിന് ശേഷവും അവരൊക്കെ വീട്ടിൽ വരുമ്പോൾ അതിഗംഭീരമായ സംഗീതമേളയാണ് നടക്കുക. മദിരാശിയിൽ നിന്ന് അച്ഛന്റെ രണ്ട് സഹോദരന്മാർ നാട്ടിലെത്തിയാൽ പാർട്ടി സൈദ്ധാന്തികചർച്ചകൾ കൊണ്ട് വീട് മുഖരിതമാകും.

സ്കൂൾ പഠനകാലത്ത് കലാരംഗങ്ങളിൽ ഞാനും സജീവമായിരുന്നു. ലളിതഗാനത്തിനും നൃത്തത്തിനും സ്കൂളിൽ മിക്കപ്പോഴും ഒന്നാം സ്ഥാനം തന്നെ കരസ്ഥമാക്കി. ഇതായിരുന്നു പത്താംക്ലാസ്സ് വരെയുള്ള അവസ്ഥ. ഇടതുപക്ഷ പശ്ചാത്തലമുള്ള ചില നാടകങ്ങൾക്കുവേണ്ടി ഞാനും പിന്നണി പാടിയിട്ടുണ്ട്. പാർട്ടി-മഹിളാ വാഹനപ്രചരണ ജാഥകളിൽ വിപ്ലവഗാനം ആലപിക്കുകയും ചെയ്തിരുന്നു. പക്ഷേ, ശാസ്ത്രീയ സംഗീതം പഠിക്കാൻ കഴിഞ്ഞില്ല എന്നത് എന്റെ സ്വകാര്യ ദുഃഖമാണ്. പിൽക്കാലത്ത് പുരോഗമന കലാ-സാഹിത്യസംഘം സംസ്ഥാന കമ്മിറ്റി അംഗം, വനിതാ സാഹിതി സംസ്ഥാന വൈസ് പ്രസിഡണ്ട് എന്നീ നിലകളിലെല്ലാം സാംസ്കാരികരംഗത്ത് സജീവപ്രവർത്തനം നടത്താൻ കഴിഞ്ഞത് ഈയൊരു പശ്ചാത്തലമുള്ളതുകൊണ്ടാണ്.

**ചോദ്യം: വിദ്യാർത്ഥി സംഘടനയുമായുള്ള ബന്ധം ആരംഭിക്കുന്നത് എപ്പോൾ?**

ഉത്തരം: 1969-74 വർഷങ്ങളിലാണ് വടകര മടപ്പള്ളി ഗവൺമെന്റ് കോളേജിൽ പ്രീഡിഗ്രി മുതൽ ഡിഗ്രി തലം വരെയുള്ള എന്റെ വിദ്യാഭ്യാസം. 1969-ൽ കേരള സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് ഞാൻ വിദ്യാർത്ഥി സംഘടനാരംഗത്തേക്ക് കടന്നുവരുന്നത്. കെ.എസ്.എഫ്. സംസ്ഥാന പ്രസിഡണ്ട്, സ. സി.പി. അബൂബക്കറുടെ നിർദ്ദേശാനുസരണം 1969 ജൂലൈ മാസത്തിൽ ഞാൻ കൺവീനറും എന്റെ ബന്ധുകൂടിയായ പ്രീഡിഗ്രി വിദ്യാർത്ഥിനി കെ.എം. ഉഷ ജോയിന്റ് കൺവീനറുമായി മടപ്പള്ളി കോളേജിൽ കെ.എസ്.എഫിന്റെ വിദ്യാർത്ഥിനി വിഭാഗം രൂപംകൊണ്ടു. ഇതാണ് അഖിലേന്ത്യാതലത്തിൽ തന്നെ ആദ്യമായി രൂപം കൊള്ളുന്ന വിദ്യാർത്ഥി സംഘടനയുടെ വനിതാ വിഭാഗം.

1970 ഡിസംബർ അവസാനം തിരുവനന്തപുരത്തുവെച്ചാണ് വിവിധ സംസ്ഥാനങ്ങളിലെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.എഫ്.ഐ.) രൂപീകരിക്കപ്പെടുന്നത്. എം. കേളപ്പന്റേയും എന്റെ അച്ഛന്റേയും നേതൃത്വത്തിൽ വടകര താലൂക്കിൽ നിന്ന് സംഭാവന പിരിച്ചെടുത്ത് ഞങ്ങൾ 35 വിദ്യാർത്ഥിനികൾ തിരുവനന്തപുരത്തെ സമാപന സമ്മേളനത്തിലും പ്രകടനത്തിലും പങ്കെടുത്തു.

**ചോദ്യം: ഈ കമ്മിറ്റി രൂപം കൊണ്ടപ്പോൾ വിദ്യാർത്ഥിനികൾക്ക് എസ്.എഫ്.ഐ.യിലേക്ക് വരാനുള്ള താല്പര്യവും ഊർജ്ജസ്വലതയും ഉണ്ടായിരുന്നോ?**

ഉത്തരം: തീർച്ചയായും ഉണ്ടായിരുന്നു. കെ.എസ്.യു. ആയിരുന്ന അന്ന് ക്യാമ്പസ്സുകളിലെ പ്രമുഖ സംഘടന. 70-നുശേഷം എസ്.എഫ്.ഐ. അവകാശപോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന ഉജ്ജ്വല സംഘടനയായി വളരുകയായിരുന്നു. വനിതാവിഭാഗം കോളേജുകളിൽ രൂപീകരിക്കപ്പെടുന്നതും ഇക്കാലത്തുതന്നെ.

**ചോദ്യം: അന്നത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പും നേതൃത്വം നൽകിയ സമരങ്ങളും ഏതൊക്കെയായിരുന്നു?**

ഉത്തരം: ആവേശകരമായ ഒരനുഭവമായിരുന്നു അന്നത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ. വിദ്യാർത്ഥിനികൾക്ക് വൈസ് ചെയർമാൻ, ജോയിന്റ് സെക്രട്ടറി സീറ്റുകളാണ് നീക്കിവെച്ചത്. നാലു വർഷം തുടർച്ചയായി കോളേജിൽ നിന്ന് മത്സരിച്ച് ഞാനും പരാജയം ഏറ്റുവാങ്ങിയിട്ടുണ്ട്. ഒരു കുന്നിൻമുകളിലാണ് കോളേജ് സ്ഥിതിചെയ്യുന്നത്. താഴ്‌വാരത്ത് റോഡിനിരുവശത്തുമായി കടകളും ബീഡിതെറുപ്പുകേന്ദ്രങ്ങളും. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ കെ.എസ്.യു., എസ്.എഫ്.ഐ. തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകളും ഉദ്ഘാടനം ചെയ്ത് പ്രചരണം ആരംഭിക്കും. ഒരു പരസ്പര ധാരണയുടെ അടിസ്ഥാനത്തിലാണ് പ്രചാരണം. എസ്.എഫ്.ഐ.ക്കൊരു നിശ്ചിതസമയം, അതിനുശേഷം കെ.എസ്.യു.വിന് എന്ന രീതിയിൽ. മൈക്കിലൂടെ ഒഴുകിയെത്തുന്ന പ്രസംഗങ്ങളും പാരഡി ഗാനങ്ങളും മുദ്രാവാക്യങ്ങളുമെല്ലാം ആസ്വദിച്ച്





വിദ്യാർത്ഥികൾ വളരെ വൈകുന്നതുവരെ അവിടെ നിലയുറപ്പിക്കും. വലിയ രീതിയിലുള്ള സംഘർഷങ്ങളും ഇക്കാലത്ത് പതിവായിരുന്നു. ഗൗരിയമ്മ, അജിത തുടങ്ങിയ വിളിപ്പേരുകളാണ് സഹപാഠികൾ അന്നെനിക്ക് നൽകിയത്.

1969-ൽ കെ.എസ്.എഫ്. നേതൃത്വം നൽകിയ ഒരു ഉജ്ജ്വലസമരത്തിന്റെ ഒളിമങ്ങാത്ത ഓർമ്മ ഇന്നുമെന്നിലുണ്ട്. വടകര താലൂക്കിന്റെ കിഴക്കൻ മേഖലയിൽ നിന്നുള്ള കുട്ടികൾ പാനത്തിനായി ആശ്രയിച്ചത് മടപ്പള്ളി കോളേജിനെയാണ്. കിഴക്കൻ മേഖലയിൽ നിന്നുള്ള ബസ്സുകൾ കാലത്തൊരുട്രിപ്പെടുത്ത് കുട്ടികളെ കോളേജ് സ്റ്റോപ്പിലിറക്കും. വൈകുന്നേരം അവരെ കൊണ്ടുപോകാൻ വീണ്ടുമെത്തും. വളരെ വൈകിയാണ് വൈകുന്നേരങ്ങളിൽ ബസ്സുകൾ കോളേജ് സ്റ്റോപ്പിൽ എത്തുക. വൈകിയെത്തുന്ന മക്കളെയും കാത്ത് രക്ഷിതാക്കൾ നാട്ടിലെ ബസ് സ്റ്റോപ്പിൽ കാത്തുനിൽക്കുക പതിവായിരുന്നു. കത്തിച്ച ചൂട്ടിന്റെ വെളിച്ചത്തിൽ രാത്രിയിലാണ് അവർ മക്കളോടൊപ്പം വീട്ടിലെത്തുക. ഈ പ്രശ്നം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ ശക്തമായ പ്രക്ഷോഭമാരംഭിക്കാൻ തീരുമാനിച്ചു.

ഒരു ദിവസം പഠിപ്പുമുടക്കി റോഡിലിറങ്ങി രണ്ടുഭാഗത്തുനിന്നും വന്നിരുന്ന വാഹനങ്ങൾ ഞങ്ങൾ തടഞ്ഞുനിർത്തി. വടകര എസ്.ഐ. പുലിക്കോടൻ നാരായണന്റെ  നേതൃത്വത്തിൽ പോലീസുമെത്തി. അധികം വൈകാതെ ഒരു ലാത്തിച്ചാർജ്ജ് നടക്കുമെന്ന് മനസ്സിലാക്കിയ കെ.എസ്.എഫ്. നേതൃത്വം സമരരംഗത്തുണ്ടായിരുന്ന പെൺകുട്ടികളോട് മുൻനിരയിൽ നിലയുറപ്പിക്കാൻ ആവശ്യപ്പെട്ടു. ഭയം കാരണം വിദ്യാർത്ഥിനികൾ അതിന് തയ്യാറായില്ല. ഞാനും ബി.കോം വിദ്യാർത്ഥിനി സ. എ.കെ. ചന്ദ്രികയും (മരണമടഞ്ഞു) പോലീസിന്റെ മുൻപിൽ നിലയുറപ്പിച്ചു. ബസ്സിൽ നിന്നിറങ്ങി നിൽക്കുന്ന വലിയ ജനക്കൂട്ടം, പഠിപ്പുമുടക്കിനെ തുടർന്ന് റോഡിന്റെ ഇരുവശത്തുമായി തടിച്ചുകൂടിയ വിദ്യാർത്ഥികൾ, കൂടാതെ കെ.എസ്.എഫ്. ന് ഏത് പ്രതിസന്ധിയിലും രക്ഷകരായെത്തുന്ന ബീഡിത്തൊഴിലാളികൾ... റോഡിൽ കിടക്കുന്ന എന്നെയും ചന്ദ്രികയെയും പിടിച്ചുമാറ്റി ലാത്തിച്ചാർജ്ജ് നടത്താൻ കഴിയാത്ത അവസ്ഥ... കത്തുന്ന കണ്ണുകളോടെ ലാത്തിയുയർത്തി ഞങ്ങളെ രണ്ടുപേരെയും ശകാരിക്കുന്ന പുലിക്കോടന്റെ മുഖവും മറക്കാൻ കഴിയില്ല. ഉച്ചയോടെ കോഴിക്കോട് ജില്ലാ കളക്ടർ വടകര ഐ.ബിയിലെത്തി. കെ.എസ്.എഫ്.ന്റെ ആവശ്യം അംഗീകരിച്ചു. സമരം അവസാനിച്ചു. വൈകുന്നേരം വീട്ടിലെത്തിയ എന്നെ അമ്മ വളരെയേറെ ശകാരിച്ചു. മകൾ റോഡിൽ കിടന്ന് സമരം ചെയ്യുകയാണെന്ന് ആരൊക്കെയോ അമ്മയെ അറിയിച്ചതായിരുന്നു കാരണം. ഈ സമരം അന്ന് വലിയ ചർച്ചയായി.

**ചോദ്യം: ടീച്ചറുടെ അന്നത്തെ വായനയുടെ തലങ്ങൾ എങ്ങിനെയായിരുന്നു?**

ഉത്തരം: അതിതീവ്രമായ വായനയൊന്നുമില്ല. കോളേജ് ലൈബ്രറിയിൽ നിന്നും വീടിനടുത്തുള്ള ഗ്രാമീണ വായനശാലയിൽ നിന്നും ധാരാളം നോവലുകളും കഥകളും എടുത്ത് വായിക്കുമായിരുന്നു. വീട്ടിൽ നടത്തിയ സ്റ്റഡി ക്ലാസ്സുകളിൽ നിന്നാണ് പ്രധാനമായും രാഷ്ട്രീയമായ ഒരു തിരിച്ചറിവ് എനിക്ക് കൈവരുന്നത്.

**ചോദ്യം: പോസ്റ്റ് ഗ്രാജുവേഷൻ പഠനം എവിടെയായിരുന്നു? അക്കാലത്തെ അനുഭവങ്ങൾ?**

ഉത്തരം: 1974-76 വർഷങ്ങളിൽ ഞാൻ തലശ്ശേരി, ധർമ്മടം ബ്രണ്ണൻ കോളേജിൽ എം.എ. (ചരിത്രം)വിദ്യാർത്ഥിനിയാണ്. എം.എൻ. വിജയൻ മാസ്റ്റർ സാഹിത്യകാരി ചന്ദ്രമതി, വസന്ത എന്നിവരെല്ലാം അന്നവിടെ അധ്യാപകരാണ്. രണ്ടുവർഷക്കാലം ഞാൻ കണ്ണൂർ ജില്ലാ വൈസ്

പ്രസിഡണ്ടായിരുന്നു. സ. പി. ജയരാജനായിരുന്ന ജില്ലാ സെക്രട്ടറി. എ.വി. കുഞ്ഞമ്പു, എ.കെ.ജി., ഇ.കെ. നായനാർ, സുശീല ഗോപാലൻ, എം.വി. രാഘവൻ, ചടയൻ ഗോവിന്ദൻ, പി. ദേവൂട്ടി, പിണറായി വിജയൻ, ഇ.പി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, എം.വി. ജയരാജൻ തുടങ്ങിയ നേതാക്കളുമായുള്ള പരിചയവും അടുപ്പവും ഇക്കാലത്താണ് ഉണ്ടാകുന്നത്.

ഒന്നാം വർഷം ഞാൻ വൈസ് ചെയർമാൻ സ്ഥാനാർത്ഥിയായി മത്സരിച്ചു. സാഹിത്യകാരൻ എൻ. പ്രഭാകരനായിരുന്നു ചെയർമാൻ സ്ഥാനാർത്ഥി. എല്ലാവരും പരാജയപ്പെട്ടു. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതുകാരണം തെരഞ്ഞെടുപ്പുണ്ടായില്ല. 'നാവടക്കു പണിയെടുക്കു' എന്ന ഭരണാധികാരികളുടെ മുദ്രാവാക്യം എവിടെയും ഉയർന്നു കേട്ടു. എറണാകുളം മഹാരാജാസിലും ബ്രണ്ണനിലും സി.ആർ.പി. ക്യാമ്പുകൾ ഉണ്ടായിരുന്നു. 1975 ജൂൺ 13ന് അടിയന്തരാവസ്ഥാ വിരുദ്ധദിനമായി ആചരിക്കാൻ എസ്.എഫ്.ഐ. സംസ്ഥാനകമ്മിറ്റി ആഹ്വാനം നൽകി. ഒന്നാംനിലയിലുള്ള പ്രിൻസിപ്പലിന്റെ ഓഫീസിനുമുന്നിൽ കൂട്ടമായി നിന്ന് മുദ്രാവാക്യം മുഴക്കിയ ഞങ്ങൾക്കുനേരെ (എന്റെ ക്ലാസ്സ്മേറ്റും കെ.എസ്.യു. നേതാവുമായിരുന്ന സുഹൃത്താണ് പോലീസിനെ വിവരമറിയിച്ചത്) ഓടിയെത്തിയ സി.ആർ.പി. അതിക്രൂരമായ ലാത്തിച്ചാർജ്ജാണ് നടത്തിയത്. മുമ്പിൽ നിലയുറപ്പിച്ചിരുന്ന എനിക്കും നല്ല തല്ലുകിട്ടി. സുരേഷ് ഉൾപ്പെടെയുള്ള വിദ്യാർത്ഥി നേതാക്കളെ ട്രൗസർ മാത്രം ധരിപ്പിച്ച് തലശ്ശേരി പോലീസ് സ്റ്റേഷൻ വരെ ടൗണിലൂടെ കയ്യാമം വെച്ച് നടത്തിച്ചു. തുടർന്ന് ലോക്കപ്പിലിട്ടു. രാത്രി സമയങ്ങളിൽ വീടിനുമുന്നിലൂടെ കുതിച്ചുപായുന്ന പോലീസ് വാനിന്റെ ശബ്ദം ഇന്നും കാതിൽ മുഴങ്ങുന്നു. എറണാകുളം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ വെച്ച് അക്കാലത്ത് നിരവധി രഹസ്യ യോഗങ്ങൾ ചേരുകയുണ്ടായി. കോഴിക്കോട് അഴീക്കോടൻ മന്ദിരത്തിൽ ചേർന്ന രഹസ്യയോഗത്തിൽ പങ്കെടുത്തത് എ.കെ.ജി.യും സുശീലഗോപാലനും ആയിരുന്നു. പാണൻമാർ ചെയ്യുന്നപോലെ തുടികൊട്ടി ജനങ്ങളെ സംഘടിപ്പിച്ച് അടിയന്തരാവസ്ഥക്കെതിരായ പാട്ടുകളും പ്രസംഗങ്ങളും നടത്താനാണ് എ.കെ.ജി. അന്നുപദേശിച്ചത്.

**ചോദ്യം: ടീച്ചറുടെ സംഘടനാ പ്രവർത്തനവും അക്കാദമിക കാര്യങ്ങളും എങ്ങിനെ ഒരുപോലെ കൊണ്ടുപോകാൻ സാധിച്ചു?**

ഉത്തരം: എം.എ.ക്ക് യൂണിവേഴ്സിറ്റി തലത്തിൽ ഞാൻ ഫസ്റ്റ്ക്ലാസ്സും ഫസ്റ്റ് റാങ്കും കരസ്ഥമാക്കി. 'പഠിക്കുക, പോരാടുക' എന്ന എസ്.എഫ്.ഐ. മുദ്രാവാക്യത്തിന്റെ ഉജ്ജ്വല മാതൃകയായി അത് വിലയിരുത്തപ്പെട്ടു. കോഴിക്കോട് സർവ്വകലാശാലയിൽ ഡോ. കെ.കെ.എൻ. കുറുപ്പിന്റെ കീഴിൽ ഗവേഷണ വിദ്യാർത്ഥിയായി. യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ എസ്.എഫ്.ഐ. യൂണിറ്റും റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും രൂപീകരിക്കപ്പെടുന്നത് ഇക്കാലത്താണ്. എസ്.എഫ്.ഐ. സംസ്ഥാന വൈസ് പ്രസിഡണ്ടും കേന്ദ്രകമ്മിറ്റി അംഗവുമായി. കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിലെ വിദ്യാർത്ഥി പ്രതിനിധിയായും തെരഞ്ഞെടുക്കപ്പെട്ടു. 1980 ഡിസംബറിൽ എസ്.എഫ്.ഐ. വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ രണ്ടുവാഹന പ്രചരണജാഥകളും സംഘടിപ്പിച്ചു. തെക്കൻ മേഖലയുടെ ക്യാപ്റ്റനായിരുന്നു ഞാൻ. വടക്കൻ ജാഥയുടേത് കെ.പി. മേരിയും. കേരളത്തിലെ ക്യാമ്പസ്സുകളെ ഇളക്കിമറിച്ച് എസ്.എഫ്.ഐ.യുടെ സന്ദേശം ഉദ്ഘോഷിച്ച ജാഥകളായിരുന്നു അത്. ശ്രീ കേരളവർമ്മ കോളേജിലെ ലക്ചറർ നിയമനലിസ്റ്റിൽ എന്റെ പേര് ഒന്നാമതായിരുന്നു. അതുകൊണ്ട് കേരളവർമ്മ കോളേജിലെ സ്വീകരണത്തിൽ ഞാൻ പങ്കെടുത്തില്ല. 1981 ജനവരിയിൽ കേരളവർമ്മ കോളേജിൽ അദ്ധ്യാപികയായി. ഗവേഷണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

**ചോദ്യം: പിന്നിട്ടുള്ള സർവ്വീസ് സംഘടനാ പ്രവർത്തനം എങ്ങനെയായിരുന്നു?**

ഉത്തരം: എ.കെ.പി.സി.ടി.എ. കോളേജ് യൂണിറ്റ് പ്രസിഡണ്ട്, ജില്ലാ വൈസ് പ്രസിഡണ്ട്, സംസ്ഥാന വൈസ് പ്രസിഡണ്ട്, സംസ്ഥാന വനിതാ കമ്മിറ്റി കൺവീനർ എന്നീ നിലകളിലെല്ലാം ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. 1981-ൽ യു.ജി.സി. സ്കെയിൽ നടപ്പാക്കുക എന്ന മുദ്രാവാക്യം ഉന്നയിച്ച് സംഘടന നടത്തിയ സമരത്തിൽ നിന്നും പ്രൊബേഷൻ പൂർത്തിയാക്കാത്തതുകൊണ്ട് എന്നെ ഒഴിവാക്കിയിരുന്നു. തുടർന്ന് റിട്ടയർ ചെയ്യുന്ന 2008 വരെയുള്ള കാലഘട്ടങ്ങളിലെ എ.കെ.പി.സി.ടി.എ. തനിച്ചും മറ്റു സർവ്വീസ് സംഘടനകളുമായി യോജിച്ച് സംയുക്തസമരസമിതിയുടെ നേതൃത്വത്തിൽ നടത്തിയ പണിമുടക്കുകൾപ്പെടെയുള്ള എല്ലാ പ്രക്ഷോഭസമരങ്ങളുടെയും മുൻനിരയിൽ ഞാനും ഉണ്ടായിരുന്നു. 1983-ലാണ് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വെച്ച് സംസ്ഥാന വനിതാകമ്മിറ്റി രൂപം കൊള്ളുന്നത്. അതിന്റെ കൺവീനറായും 1991 തുടർന്ന് 2007, 2008 എന്നീ വർഷങ്ങളിൽ സംസ്ഥാന വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. 2007-ൽ തൃശ്ശൂർ ശ്രീ. കേരളവർമ്മ കോളേജിൽ വെച്ച് നടത്തപ്പെട്ട സംസ്ഥാന വനിതാ കൺവെൻഷൻ ഏറെ ശ്രദ്ധേയമായിരുന്നു. ദേവകി നിലയങ്ങോട് ഉൾപ്പെടെയുള്ള നവോത്ഥാന നായികമാരുടെ ഒത്തുചേരൽ ഡോ. കവിതാ ബാലകൃഷ്ണന്റെ നേതൃത്വത്തിൽ തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളുടെ സാമൂഹ്യ ചിത്രരചന എന്നിങ്ങനെ വ്യത്യസ്ത പരിപാടികളോടെയാണ് കൺവെൻഷൻ നടത്തിയത്. ഡോ. കെ.എൻ. പണിക്കർ ചെയർമാനായി രൂപീകരിക്കപ്പെട്ട പ്രഥമ കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലിലേക്ക് ഞാൻ നോമിനേറ്റ് ചെയ്യപ്പെട്ടു.

ഇക്കാലത്തുതന്നെ ട്രേഡ്

യൂണിയൻ ഭാരവാഹിയുമായി. സി.ഐ.ടി.യു. ജില്ലാ വൈസ് പ്രസിഡണ്ട്, തൃശ്ശൂർ ജില്ലാ പ്രൈവറ്റ് ഹോസ്പിറ്റൽ വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു.), ജില്ലാ പ്രസിഡണ്ട് തുടർന്ന് സെക്രട്ടറി, ഓൾ ഇന്ത്യാ വർക്കിംഗ് വിമൻസ് കോ-ഓർഡിനേഷൻ കേന്ദ്രകമ്മിറ്റി അംഗം എന്നീ നിലകളിലെല്ലാം ഇക്കാലത്തുതന്നെയാണ് പ്രവർത്തനം നടത്തിയത്.

**ചോദ്യം: 'സമത' ടീച്ചറുടെ സാംസ്കാരിക രംഗത്തെ ഒരു വലിയ ചുവടുവെയ്പായിരുന്നല്ലോ. അതിനെക്കുറിച്ച് വിശദീകരിക്കാമോ?**

ഉത്തരം: 1987 മുതൽ 97 വരെയുള്ള കാലഘട്ടങ്ങളിൽ തൃശ്ശൂർ കേന്ദ്രീകരിച്ച് കേരളത്തിനകത്തും പുറത്തുമായി 2500ലധികം വേദികളിൽ തെരുവുനാടകങ്ങളും സംഗീതശില്പങ്ങളുമൊക്കെയായി നിറഞ്ഞുനിന്ന പെൺ തിയ്യറ്റർ ഗ്രൂപ്പായിരുന്നു ഞാൻ കൺവീനറായിരുന്ന സമത. ശ്രദ്ധേയമായ രണ്ട് വിപ്ലവഗാന കാസറ്റുകൾ പുറത്തിറക്കി. ആദ്യത്തേത് ദേവകി വാര്യരും രണ്ടാമത്തേത് ഇ.എം.എസ്സുമാണ് പ്രകാശനം ചെയ്തത്. 1988-ൽ തൃശ്ശൂരിലെ കോലഴിയിൽ വെച്ച് സമത നടത്തിയ പത്തുദിവസത്തെ നാടക പരിശീലന ക്യാമ്പ് കേരള ചരിത്രത്തിലെ ആദ്യത്തെ സംരംഭമായിരുന്നു. ക്യാമ്പ് ഡയറക്ടർമാരായിരുന്ന ഡോ. എൻ.കെ. ഗീതയും പ്രൊഫ. പി. ഗംഗാധരനും ചേർന്ന് തയ്യാറാക്കിയ 'അട്ടക്കള്' എന്ന നാടകം ഇരട്ട ചൂഷണം അനുഭവിക്കുന്ന സ്ത്രീയുടെ മുഖമാണ് അനാവരണം ചെയ്തത്.

**ചോദ്യം: കുടുംബം, സംഘടനാപ്രവർത്തനം എന്നിവയെ എങ്ങിനെയാണ് യോജിപ്പിച്ചുകൊണ്ടുപോകാൻ കഴിയുന്നത്?**

ഉത്തരം: കോഴിക്കോട് റീജ്യണൽ എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ കെ.എസ്.എഫിലൂടെയും കെ.എസ്.വൈ.എഫിലൂടെയും സംഘടനാ മികവുതെളിയിച്ച, കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി വിരമിച്ച ഇ.സി. പത്മരാജനാണ് ഭർത്താവ്. ഒരു പുരുഷന്റെ വളർച്ചയ്ക്കു പിന്നിൽ സ്ത്രീയുണ്ട് എന്ന് പറയുന്നതുപോലെ എന്റെ പ്രവർത്തനങ്ങളുടെയെല്ലാം പിറകിൽ നിശ്ശബ്ദമായി പിന്തുണ നൽകുന്ന പത്മരാജനുമുണ്ട്. ഇല്ലെങ്കിൽ എനിക്ക് ഒരുപാട് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന രണ്ടാൺമക്കളുടെ പിന്തുണയും എനിക്കുണ്ട്.

**ചോദ്യം: അന്നത്തെയും ഇന്നത്തെയും അദ്ധ്യാപനമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ ടീച്ചർക്കെന്താണ് പറയാനുള്ളത്?**

ഉത്തരം: പഴയ കാലത്ത് അദ്ധ്യാപകർ കൃത്യമായ രാഷ്ട്രീയ നിലപാടുകളിലൂടെ കടന്നുവന്നവരായിരുന്നു. തികഞ്ഞ രാഷ്ട്രീയ അവബോധവും അവർക്കുണ്ടായിരു



ന്നു. ഉന്നത വിദ്യാഭ്യാസം നേടിയ പുതിയ തലമുറ വൈജ്ഞാനിക മേഖലയേയും രാഷ്ട്രീയ പ്രബുദ്ധത യേയും ഒരുപോലെ സമന്വയിപ്പി ച്ച് കൊണ്ടുപോകാൻ വൈമനസ്യം കാണിക്കുന്നുഎന്നത് ഒരു വസ്തുത തന്നെയാണ്. അതുകൊണ്ട് രാ ഷ്ട്രീയ ദിശാബോധം പകരുന്ന ക്ലാ സ്സുകളും സംഘടനാവൽക്കരണവും ഇക്കാലത്ത് ആവശ്യമാണ്.

**ചോദ്യം: ശബരിമലപോലുള്ള സമ കാലീന സംഭവങ്ങളോടുള്ള സ്ത്രീക ളുടെ പ്രതികരണം ടീച്ചർ എങ്ങനെ നോക്കിക്കാണുന്നു?**

ഉത്തരം: നമ്മുടെ സമൂഹത്തിലെ പ്രശ്നങ്ങൾ, സ്ത്രീകളോടുള്ള സമീ പനങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവയോടുള്ള സമീപനത്തിൽ ഒരു മാറ്റം ഉണ്ടാകേണ്ടതുണ്ട്. 'ആർത്തവം' എന്ന ഒരു ജൈവപ്ര ക്രിയ പോലും എന്താണെന്ന് ശാ സ്ത്രീയമായി പറഞ്ഞുകൊടുക്കാൻ നമുക്ക് കഴിയുന്നില്ല. പുരോഗമന പ്രസ്ഥാനങ്ങൾ പോലും ഇതിനോ ട് മുഖം തിരിക്കുന്നു. ശാസ്ത്രബോധം കൊണ്ട് കഴുകിക്കളയാൻ കഴി യുന്ന അന്ധവിശ്വാസങ്ങൾ പല തുമുണ്ട്. മഹിളാപ്രസ്ഥാനങ്ങളും യുവതയും ശാസ്ത്രബോധവും യുക്തി ചിന്തയും സമൂഹത്തിൽ വളർത്തി യെടുക്കാനുള്ള പ്രവർത്തനങ്ങൾ ക്കുകൂടി ഊന്നൽ നൽകേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം.

**ചോദ്യം: റിട്ടയർമെന്റിന് ശേഷമു ള്ള ടീച്ചറുടെ പ്രവർത്തനങ്ങൾ?**

ഉത്തരം: 1997-ൽ പഴയ സമത നിശബ്ദമായതിനുശേഷം 2010 ജനുവരി 1ന് പ്രസാധനരംഗത്തെ പെൺകൂട്ടായ്മയായി സമത വീണ്ടും പ്രവർത്തനമാരംഭിച്ചു. ഞാൻ മാനേജിംഗ് ട്രസ്റ്റിയും എഴുത്തുകാ രിയും കേരള യൂണിവേഴ്സിറ്റി ലൈബ്രറി സയൻസ് ഡിപ്പാർട്ടു മെന്റിൽ നിന്ന് വിരമിച്ച റീഡറുമാ യിരുന്ന ലളിത ലെനിൻ ചെയർ പേഴ്സനുമായ 29 അംഗ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റായാണ് സമത രൂപീകരിക്കപ്പെട്ടത്. നമ്മുടെ ചരിത്രത്തിൽ വേണ്ട രീതിയിൽ ഇടംകിട്ടാതെ പോയ പെൺസമര ങ്ങളേയും മുന്നേറ്റങ്ങളേയും പെൺ ജീവിതങ്ങളേയും അടയാളപ്പെടു ത്തുക എന്നതാണ് പ്രധാനലക്ഷ്യം. അതോടൊപ്പം പൊതുവായനയ്ക്കും കുട്ടികളുടെ വായനയ്ക്കും ഉതകുന്ന പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നു. 71 പുസ്തകങ്ങളാണ് ഇതുവരെ പ്രസിദ്ധീകരിച്ചത്. പുസ്തകം വി റ്റുകിട്ടുന്ന തുകയിൽ നിന്ന് ഒരു പ്രധാനവിഹിതം പെൻഷനുകൾ, പുരസ്കാരങ്ങൾ എന്നിവ നൽകാ നായി നീക്കിവെക്കുന്നു. തൃശ്ശൂരിലെ മുക്കാട്ടുകര-നെല്ലങ്കര കർഷകസ മരനായിക ഇറ്റിയാനത്തിന് 2011 മുതൽ 2019 ഒക്ടോബറിൽ മരണ മടയുന്നതുവരെ 1000 പ്രതിമാസ പെൻഷനായി നൽകുകയുണ്ടായി. 1948-ൽ ലക്കിടിയിലെ മംഗലത്തു മന കേന്ദ്രീകരിച്ച് അന്തർജ്ജന ങ്ങൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാ ക്കി സംവിധാനം നിർവ്വഹിച്ച് പു രുഷവേഷവും അവർ തന്നെ കെട്ടി അഭിനയിച്ച നാടകമാണ് 'തൊ ഴിൽകേന്ദ്രത്തിലേക്ക്.' അതിൽ അഭിനയിച്ച കാവുങ്കര ഭാർഗ്ഗവിക്ക് 2014 മുതൽ 1000 രൂപയുടെ പ്രതി മാസ പെൻഷൻ നൽകിവരുന്നു.

ഇക്കാലഘട്ടത്തിൽ 2 ഗ്രന്ഥങ്ങ ളും ഞാൻ എഡിറ്റ് ചെയ്തിട്ടുണ്ട്.

1. തൊഴിൽ കേന്ദ്രത്തിലേക്ക് ചരിത്രരേഖ-നാടകം-പഠനം (2014)

2. ഹോർത്തുസ് മലബാറിക്കുസ് (മലബാർ പൂന്തോട്ടം) (2018)

സസ്യവൈവിദ്ധ്യവും നാട്ടുചികിത്സ യും - പഠനം - ടി.എ. ഉഷാകുമാരി. സംഗ്രഹം - വി.യു. രാധാകൃഷ്ണൻ

2018 ഷാർജ അന്താരാഷ്ട്ര പുസ്ത കോത്സവത്തോടനുബന്ധിച്ച് മല യാളി സാംസ്കാരിക വേദിയായ മാസിന്റെ ആഭിമുഖ്യത്തിലാണ് കേരള സാംസ്കാരിക വകുപ്പുമ ന്ത്രി എം.എ. ബേബി പുസ്തകപ്ര കാശനം നടത്തിയത്. തുടർന്ന് ഷാർജ പുസ്തകോത്സവത്തിലും ലോകത്തിലെ ആദ്യത്തെ പെൺ കൂട്ടായ്മയായി സമത പങ്കെടുത്തു. ഹോർത്തുസ് പുസ്തകം വിറ്റുകിട്ടിയ ഒരു ലക്ഷം രൂപ തൃശ്ശൂർ രാമനില യത്തിൽ വെച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് നവകേരള സൃഷ്ടി ഫണ്ടിലേക്ക് നേരിട്ട് സമ്മാനിച്ചു.

2018 മുതൽ സസ്യശാസ്ത്രജ്ഞർ ക്കും കർഷകർക്കുമായി സമത ഏർപ്പെടുത്തിയ രണ്ട് അവാർ ഡുകളാണ് ജൈവജാഗ്രതയും ജൈവകീർത്തിയും. 2018-ലെ ജൈ വജാഗ്രത പുരസ്കാരം (ഫലകം, ആദരപത്രം, 25,000 രൂപ ക്യാഷ് അവാർഡ്) സമത സമ്മാനിച്ചത് ഡോ. കെ.എസ്. മണിലാലിനാ ണ്. കോഴിക്കോടുള്ള വസതിയിൽ പക്ഷാഘാതത്തെ തുടർന്ന് വി ശ്രമജീവിതം നയിക്കുന്ന ഡോ. മണിലാലിന് പുരസ്കാരം സമർ പ്പിച്ചത് ബഹുമാനപ്പെട്ട കേരള നി യമസഭാസ്പീക്കർ പി. ശ്രീരാമകൃഷ്ണ നാണ്. 2018-ലെ ജൈവകീർത്തി പുരസ്കാരം (ഫലകം, ആദരപ ത്രം, 20,000 രൂപ ക്യാഷ് അവാർ ഡ്) സമത നൽകിയത് ഹോർത്തു സ് മലബാറിക്കുസിൽ ഗവേഷണം നടത്തി ലോകത്തിലാദ്യമായി ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. മണിലാലിന്റെ റിസർച്ച് ഫെല്ലോ ആയിരുന്ന ഡോ. സി.ആർ. സുരേ ഷിനാണ്. 2018-ലെ 'കൃതി' അന്താ രാഷ്ട്ര പുസ്തകോത്സവ വേദിയിൽ വെച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനാണ് പുര സ്ക്കാരം സമ്മാനിച്ചത്.

സമതയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളിൽ അടയാള പ്പെടുത്തേണ്ട ഒരു പുസ്തകപ്രകാ ശനച്ചടങ്ങാണ് 2019 സെപ്തംബർ 1ന് പതിനായിരങ്ങളെ സാക്ഷി നിർത്തി കണ്ണൂരിൽ നടത്തിയത്. അന്നാണ് ലോകം നെഞ്ചേറ്റുന്ന വിപ്ലവകാരി ചെഗുവേരയുടെ മകൾ ഡോ. അലൈഡ മാർച്ച് സമതയു ടെ ക്ഷണം സ്വീകരിച്ച് കണ്ണൂരിലെ ത്തുന്നത്. ലാറ്റിനമേരിക്കയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുൾപ്പെടെ 14 പുസ്തകങ്ങളാണ് അലൈഡ പ്ര കാശനം ചെയ്തത്. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് അഗ്നി ശോഭയായി ഇന്നും വിരാജിക്കു ന്ന നിലമ്പൂർ ആയിഷ, പി.കെ. മേദിനി, രജിതാ മധു എന്നിവരേ യും സമതയുടെ മെമന്റോ നൽകി അവർ ആദരിച്ചു. ധീരരക്തസാക്ഷി അഭിമന്യുവിന്റെ അമ്മ ഭൂപതി, സഹോദരൻ പരിജിത്ത്, തമി

ഴ്നാട്ടിലെ ജാതി ഭ്രാന്തന്മാരാൽ കൊലചെയ്യപ്പെട്ട അശോകിന്റെ സഹോദരൻ, സൈമൺ ബ്രിട്ടോയുടെ പുത്രി കയിനിലാ, അഴീക്കോടൻ രാഘവന്റെ ഭാര്യ മീനാക്ഷി ടീച്ചർ എന്നിവർക്ക് റെഡ് സല്യൂട്ട് മെമന്റോയും സമതയ്ക്കുവേണ്ടി അലൈഡ സമ്മാനിച്ചപ്പോൾ സദസ്സാകെ കോരിത്തരിച്ചു. അഭിമന്യുവിന്റെ വട്ടവട ലൈബ്രറിയിലേക്ക് സമത പ്രകാശനം ചെയ്ത പതിനാല് പുസ്തകങ്ങളും ഏറ്റുവാങ്ങിയത് പരിജിത്താണ്. കരിവെള്ളൂരിലെ എ.വി. കുഞ്ഞമ്പുവിന്റെ കുടുംബത്തിനും സമതയുടെ മെമന്റോ അലൈഡ സമ്മാനിച്ചു. അലൈഡയ്ക്ക് സമ്മാനിക്കാൻ സമതയ്ക്കുവേണ്ടി കതിവന്നൂർ വീരന്റേയും ചെയുടെയും ചിത്രങ്ങൾ ആലേഖനം ചെയ്ത മെമന്റോ ഉൾപ്പെടെ തയ്യാറാക്കിയത് പ്രശസ്ത ശില്പി ഉണ്ണി കാനായിയാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വികാരഭരിതമായ ഒരു സന്ദർഭത്തിനും ആ വേദി സാക്ഷ്യം വഹിച്ചു-അലൈഡ ഒരു ഷാളണിയിച്ച് വേദിയിൽ വെച്ച് എന്നെ ആദരിച്ചു.

2019-ലെ ജൈവജാഗ്രത -ജൈവകീർത്തി പുരസ്കാരങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ടത് രണ്ടു കർഷകരാണ് - തോരപ്പ മുസ്തഫയും, സി.എസ്. സൂരജും. 1994-ൽ ഒരപകടത്തെ തുടർന്ന് സുഷുമ്ന നാഡി മുറിഞ്ഞുപോയ, 95 ശതമാനം ചലനശേഷി നഷ്ടപ്പെട്ട മുസ്തഫ, ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രം മലപ്പുറത്തെ ചട്ടിപ്പറമ്പിലുള്ള പൊന്മാരംപള്ളിയാലിൽ 380ലധികം ഔഷധസസ്യങ്ങളുടെ ഒരു തോട്ടമാണ് വളർത്തിയെടുത്തത്. തനിക്കുൾപ്പെടെ അംഗവൈകല്യം സംഭവിച്ച 1380 പേർക്ക് യാത്രചെയ്യാൻ അദ്ദേഹം കാറുകൾ ഡിസൈൻ ചെയ്തെടുക്കുകയും ചെയ്തു. വയനാട് സുൽത്താൻ ബത്തേരിയിലെ യുവകർഷകനും അഗ്രിയൂണിവേഴ്സിറ്റിയിൽ ബി.എസ്.സി. വിദ്യാർത്ഥിയും കേരള ഗവൺമെന്റിന്റെ ജൈവബ്രാൻഡ് അംബാസിഡറുമായ സി.എസ്. സൂരജിനാണ് ജൈവകീർത്തി പുരസ്കാരം. 2019 ഡിസംബർ 21ന് മുസ്തഫയുടെ ലൈഫ് ലൈൻ എന്ന ഔഷധ തോട്ടത്തിൽവെച്ചാണ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ രണ്ട് അവാർഡുകളും സമ്മാനിച്ചത്.

ശ്രദ്ധേയങ്ങളായ ഫോട്ടോ എക്സിബിഷനുകളും ഞാൻ തയ്യാറാക്കിയിട്ടുണ്ട്.

1. രണസ്മരണ : ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഭഗത്സിംഗ് ഉൾപ്പെടെയുള്ള യുവ വിപ്ലവകാരികളെ പരിചയപ്പെടുത്തുന്ന പ്രദർശനം-എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ച് കോട്ടക്കൽ വെച്ചു നടന്നു.

2. ലാറ്റിൻ അമേരിക്ക : പ്രതിരോധത്തിന്റെ പാഠങ്ങൾ (എ.കെ.പി.സി.ടി.എ.) രണ്ടും സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തയ്യാറാക്കിയത്.

3. ഇറാക്ക് : ചരിത്രവും വർത്തമാനവും - കേരളവർമ്മ കോളേജ് ചരിത്രവിഭാഗത്തിനുവേണ്ടി തയ്യാറാക്കിയത്.

4. സ്ത്രീയും സമൂഹവും : കൊച്ചിയിൽ വെച്ചു നടന്ന വനിതാ കൺവെൻഷനുവേണ്ടി തയ്യാറാക്കിയത്.

5. പ്രതിരോധം - പ്രത്യാശ: പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ 80 വർഷങ്ങൾ. പുരോഗമന കലാ സാഹിത്യസംഘം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തയ്യാറാക്കിയത്.

**ചോദ്യം: അദ്ധ്യാപിക എന്ന നിലയിൽ ചരിത്രവകുപ്പിൽ നടപ്പാക്കിയ ടീച്ചറുടെ പരിഷ്കാരങ്ങൾ എന്തൊക്കെയായിരുന്നു?**

ഉത്തരം: 2002-ലാണ് ഞാൻ ചരിത്രവിഭാഗം അദ്ധ്യക്ഷയാകുന്നത്. ഹിസ്റ്റോറിയ എന്ന പേരിൽ ഒരു അക്കാദമിക് ഫോറം രൂപീകരിച്ചു. ജൻഡർ സ്റ്റഡി, ആർക്കിയോളജി, ഫോക്‌ലോർ എന്നിങ്ങനെ 3 അക്കാദമിക മേഖലകളുണ്ടാക്കി. കുട്ടികളെ താല്പര്യമുള്ള മേഖലകളിൽ പ്രവർത്തിക്കാൻ അനുവദിച്ചു. അതോടനുബന്ധിച്ച് നടത്തിയ പ്രധാന പരിപാടികളാണ് 2006 ജനുവരി 30-ലെ രണസ്മരണ. പങ്കെടുത്തത് ക്യാപ്റ്റൻ ലക്ഷ്മി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പോലീസ് കലാപം, ഐ.എൻ.എ. കലാപം എന്നിങ്ങനെ വ്യത്യസ്ത ധാരകളിൽ പങ്കെടുത്തിരുന്ന 25 സ്വാതന്ത്ര്യസമരസേനാനികളെ ക്യാപ്റ്റൻ ആദരിച്ചു. മഹാത്മാഗാന്ധിയുടെ രക്തം പുരണ്ട ഒരു പിടി മണ്ണും ഹരിജൻ മാസികയും ചർച്ചയുമെല്ലാം ഹൈസ്കൂൾ-കോളേജ് വിദ്യാർത്ഥികൾ പൊതുജനങ്ങൾ എന്നിവർക്ക് കാണാനും ആദരവ് പ്രകടിപ്പിക്കാനുമായി ഒരുക്കിയിരുന്നു. ക്യാപ്റ്റൻ ലക്ഷ്മിയുടെ കേരളത്തിലേക്കുള്ള അവസാനത്തെ വരവായിരുന്നു അത്. മറ്റൊരു പരിപാടി 2008-ൽ കേരള ഫോക്‌ലോർ അക്കാദമിയുമായി സഹകരിച്ച് നടത്തിയ കാവേറ്റം എന്ന തെയ്യം-തിറ ഫെസ്റ്റിവൽ ആയിരുന്നു. അതിന്റെ ഡോക്യുമെന്ററിയും തയ്യാറാക്കി. ഡോ. കെ.എൻ. പണിക്കർ, എം.ജി.എസ്. നാരായണൻ, ഡോ.കെ.ജെ. പ്രഭാഷ്, ഡോ.കെ.എൻ. ഗണേശ്, സുനിൽ പി. ഇളയിടം, ഡോ. ഷീബ തുടങ്ങി നിരവധി പേർ പങ്കെടുത്ത് സെമിനാറുകളും ചർച്ചകളും എല്ലാം ഇക്കാലത്തുനടത്തി. ഹിസ്റ്റോറിയ എന്ന പേരിൽ ഇറക്കിയ മാസികയ്ക്ക് ഒരവാർഡും ലഭിച്ചു.

**ചോദ്യം: പുതിയ തലമുറയ്ക്ക് നൽകാനുള്ള സന്ദേശം**

ഉത്തരം: ചോദ്യങ്ങൾ ചോദിക്കുക. മുഖത്തുനോക്കി കാര്യങ്ങൾ പറയുക, പദവികൾ കാര്യമാക്കാതിരിക്കുക, ഏതൊരു പ്രവർത്തനത്തിന്റെയും അടിത്തറ വായനയാകട്ടെ. എതിർശബ്ദങ്ങളെ സമചിത്തതയോടെ നേരിടുക. പ്രതിസന്ധിയുടെ നാളുകളിൽ തളരാതെ സമൂഹത്തെ മുന്നോട്ട് നയിക്കുക. യുവതയിലാണ് ഇന്നിന്റെ പ്രതീക്ഷ. സമത്വം എന്ന ആശയത്തിന്റെ അർത്ഥതലങ്ങളെ ഉൾക്കൊള്ളുക. ലിംഗനീതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുക.

# കൂട്ടിനാരെ കൂട്ടണം



വാക്കുകളുടെ കടലുള്ളിലുള്ളവനെങ്കിലും
മുദ്രവെക്കപ്പെട്ട ചുണ്ടുകളുള്ളവനെ
നിലാവിന്റെ രശ്മികൾ കണ്ണിലും
അലിവിന്റെ നനവ് ഹൃദയത്തിലുമുള്ളവനെ
ചിരിക്കാൻ മറക്കാത്തവനെ
കരയാനറിയുന്നവനെ
ആകാശത്തിനുമപ്പുറം കാഴ്ചയുള്ളവനെ
ആഴങ്ങളുടെ മിടിപ്പുള്ളവനെ
തലയ്ക്കു മുകളിലെ വൃക്ഷങ്ങളെ നമിക്കുന്നവനെ
തനിയ്ക്കു കീഴിലെ പുല്ലിനെ ചവിട്ടാത്തവനെ
ഒഴുകുന്ന പുഴയാകുന്നവനെ
തഴുകുന്ന കിളിപ്പാട്ടായ് മാറുന്നവനെ
മുന്നിലെ വഴിയ്ക്കവകാശിയായവന്
നന്ദി ചൊല്ലുന്നവനെ
സ്വയം വഴി വെട്ടുന്നവനെ
അത്ഭുതത്തിന്റെ കുപ്പായമിട്ടവനെ
അനുകമ്പയുടെ വിളക്കുപിടിച്ചവനെ
വീണു കിടക്കുന്ന തൂവലേറി പറക്കാനാവുന്നവനെ
ചാഞ്ഞ വള്ളിയിൽ തൂങ്ങി
അക്കരെയെത്തുന്നവനെ
കരിയിലയെ കളിയാക്കാത്തവനെ
ചെറുപൂക്കളെ കാണുന്നവനെ
ഇളവെയിലിനെ മിന്നാമിന്നിയാക്കുന്നവനെ
നിഴലുകളെ ഭയക്കാത്തവനെ

ഒറ്റക്കയ്യനെ
ഒറ്റക്കണ്ണനെ
ഒറ്റച്ചെവിയനെ
ഒറ്റക്കാലനെ

മറുകയ്യാൽ ചേർത്തു പിടിക്കുന്നവനെ
മറുകണ്ണാൽ കരുതുന്നവനെ
മറുചെവി കൂർപ്പിക്കുന്നവനെ
മറുകാൽ നിനക്കായ് ഊന്നുവടിയാക്കുന്നവനെ
അവനെക്കൂട്ടുക കൂടെ
കാടു കാണാൻ പോകുമ്പോൾ.

സന്ധ്യ ഇ.
പ്രജ്യോതി നികേതൻ
കോളേജ്, പുതുക്കാട്



# ARE HUMANS ACTUALLY ALIENS ON EARTH?

*"Religious leaders and men of science have the same ideals; they want to understand and explain the universe of which they are part; they both earnestly desire to solve, if a solution be ever possible, that great riddle: Why are we here?"* - Sir Arthur Keith

**Dr.K.R.Kavitha**
SN College, Chempazhanthy



Whether you believe in creationism or evolution, humanity's inception is the ultimate perennial question. If you dig deep enough, you may even wonder if humans are native to earth. Dig even deeper and you may wonder if we humans are a product of an alien progenitor race.

Professor Milton Wainwright from the University of Buckingham Centre for Astrobiology and his team inspected and analysed rocks and its biological contents. They theorized that it not only pointed to the existence of extra-terrestrial life, "but to complex and civilized beings watching our planet." Could this be true? Have aliens been seeding Earth since the beginning of time and are now watching us to see how we respond? If so, what is their purpose and why do they not make themselves known to us?

Why are we so different from the other species? Are humans alien to this planet? There are U.F.O sightings and E.T. encounters all over the world every day but despite this fact most of us are still on the fence with regards to whether or not aliens actually do exist. Alien crop circles incessantly appear in farmer's fields all over the world, especially in England and this 'could' be an attempt by aliens to contact us.

Evidence found in ancient ruins and texts from every corner of the globe, from places such as Peru, India, Easter Island, China and Bolivia clearly indicates the presence of an advanced race. A human-like race of aliens visited Earth in flying machines and was treated like Gods as can be seen from the many paintings and pictures from ancient times.



These drawings and paintings often depict humans descending to earth in ships and can be seen all over the world. Who were these beings? Were they us? Is part of the human race Alien? Where did our space-faring ships go if we originally came from another planet?

The Panspermia theory

The word Panspermia is derived from the Greek words 'pan' (all) and 'spermia' (seeds), and basically means 'seeds everywhere.'

The Panspermia theory states that life on Earth and other planets could be seeded by microbial life that has travelled through space inside comets, after being blasted off the surface of an inhabited planet by other comets and meteorites.

The three most popular types of Panspermia are:

- Directed Panspermia: This is the intentional seeding of other planets by advanced Alien civilizations or even the human race in the future.
- Ballistic Panspermia: Rocks expelled from a planet's surface by impacts from comets and meteorites serve as methods of transport for biological material from one planet to another within the same solar system.
- Lithopanspermia: Rocks expelled from the surface of an inhabited planet carry biological matter from one solar system to another inside a comet that impacts upon a planet, thus seeding life upon that planet.

Panspermia is a mechanism that allows biology to spread through space without needing a spaceship. Living matter "hitches a ride on sunlight or inside rocks." Some scientists believe that Mars was indeed inhabited at one time. Some space rocks were "kicked" off the planet and landed in a "suitably welcoming patch" on Earth. Biological material from Mars that was in the rocks may spur exploration into the search for the solution to the age-old question: Where do we come from and why are we here? There are several theories that relate to extra-terrestrials.For example, did aliens escape from an unknown planet and come here due to dire circumstances on their home planets? Are we descendants of this race? Environmentalist and ecologist turned author Dr. Ellis Silver believes this is to be the case.

Panspermia evidence

In 2001 evidence to support the panspermia theory was presented by a group of British and Indian researchers headed by Chandra Wickramasinghe, at the 46th annual meeting of the International Society for Optical Engineering (SPIE) in San Diego. During their research they had managed to gather clumps of living cells from the stratosphere where there is no oxygen, nitrogen, or carbon dioxide.So this really does beg the question: Are humans alien to this planet?

In order for the Panspermia theory to hold any water, it needed to be shown that Bacteria could survive the harsh environment of deep space. Fortunately, there is concrete evidence that Bacteria 'can' and 'has' survived



deep space travel and long term exposure to the most unforgiving environment we know of, space.

Bacteria found in meteorite estimated to be 4.5 billion years old

On May 11, 2001 Geologist Bruno D'Argenio and molecular biologist Giuseppe Geraci from the University of Naples announced an extraordinary discovery to the world. They had discovered extra-terrestrial bacteria deep inside a meteorite estimated to be 4.5 billion years old. The two scientists asserted that the Bacteria which had DNA unlike any on Earth had been resurrected in a culture medium. The Bacteria survived despite the rock being sterilized at high temperature and washed with alcohol, meaning it was extremely hardy indeed.

Meteorite explodes above Canada and reveals more evidence

About 12 years ago a meteorite exploded above Canada and the fragments that were recovered from it revealed some interesting evidence that supports the Panspermia theory. A mix of organic compounds which included amino acids and monocarboxylic acids, both essential to the evolution of the first simple life forms on Earth were found in the rock fragments. This lends yet more evidence to the theory that life on Earth and indeed humanity originated out there, in space!

**Earth microbes on the moon**

On April 17, 1967 the U.S. spacecraft, Surveyor 3 landed on the moon safely to begin the unmanned surveyor program sent to explore the surface of the Moon. This was a great triumph for mankind and received much attention from the world, however, there was one aspect of the mission which didn't receive as much attention as it perhaps should have. In 1969, nearly two and a half years after the landing, the Apollo 12 crew recovered and brought back to Earth several components of the surveyor 3 craft including the camera in which Bacteria was found. 50-100 organisms survived launch, space vacuum, 3 years of radiation exposure, deep-freeze at an average temperature of only 20 degrees above absolute zero, and no nutrient, water or energy source.

More than enough evidence to show that Bacteria can survive space and therefore travel from one planet to the other through Panspermia.

Has earth seeded the other planets in our solar system through the process of Panspermia?

So let's assume then that we are alien to planet Earth or to be more exact, all life is alien to Earth and that we actually originated somewhere else, perhaps in this solar system, or one thousand light years away. This means that somewhere out there in the vastness of space, there are planets far older than ours where life began and have possibly ended due to the

passing of millions of years. If just one planet sends out seeds in this way, intentionally or not, it means that there could very well be many more planets populated with the same or similar species as we see on Earth today along with humanoids. There is natural selection, of course, depending on the environment, so we wouldn't be exactly alike but still, it is fascinating to comprehend, is it not? A chain of planets constantly seeding other planets with new life much like the reproductive system of plants and trees.

**The meteorite that killed the Dinosaurs could have initiated Panspermia**

The 10 kilometre-wide asteroids that struck Earth and could have wiped out the dinosaurs may well have initiated the seeding of other planets and moons throughout our solar system and others. This is fascinating because we know that bacteria can survive within meteorites and can survive space travel. Therefore, the impact of the Chicxulub Asteroid would have sent millions of rocks from Earth hurtling into space, with bacteria to seed wherever the rocks landed.

Are humans originally from Mars?

According to many scientists, all life on Earth may have originated on Mars and been carried here through Panspermia on meteorites and comets.Several Meteorites have been found on Earth which seems to be originated on Mars and Scientists have even found traces of life within the rocks, implying that life on Earth could have originally been Martian.

**A missing planet may be a clue**

In the Asteroid Belt between Mars and Jupiter, scientists have noted that there appears to be a missing planet. Was the asteroid belt formed by an exploding planet whose ancient civilization escaped to earth? Could we be descendants from an alien race that previously occupied another planet? Could some of those aliens still be living among us, either unrecognized or in hiding? Perhaps the progenitors of life on Earth escaped the annihilation of life on their own planet and are now hiding on Earth, watching to see if we destroy ourselves.

Many scientists agree that humans, in addition to their intelligence, are not very capable to occupy a wide range of environments. In other words, we are very limited when it comes to our planet.In addition to our fascinating intelligence, biologists have also noticed contrasts between human physiology and that of other animals on earth. Many scientists agree that compared to other species on earth, humans are rather strange. For example, a baby horse when born, is able to walk and function almost independently, but this a human baby cannot do this, which makes us quite helpless. In other words, we are born before being neurologically ready for life.Many researchers agree that there are many vulnerabilities that accompany our intelligence.

Humans on earth eventually became bipeds, which freed up our superior extremities allowing us to manipulate objects, create tools and much more. But for all this, experts believe that our species has paid an expensive price. Lumbar pain is a sign that, according to many experts, could tell us a lot about our species. Curiously, other animals on Earth do NOT have this problem. It's as if only humans are affected by some of these problems.So what does all of this mean? According to one expert, it means that we are the aliens we've we been looking for all along.

**Conclusion: Are humans alien in origin?**

From the evidence presented above as well as the wealth of information on the subject in abundance all over the internet, we could be in fact alien in origin.




**References**

Crawford, I.A., "Where are they? Maybe we are alone in the galaxy after all", Scientific American, July 2000, 38–43, (2000)

Robert g. PielkeMosaic: An Interdisciplinary Critical Journal Vol. 13, No. 3/4, Other worlds: fantasy and science fiction since 1939 (spring/summer 1980), pp. 29-40

Webb, Stephen (2002). If the Universe Is Teeming with Aliens... Where Is Everybody? Fifty Solutions to Fermi's Paradox and the Problem of Extraterrestrial Life. New York: Copernicus Books. p. 27-231. ISBN 978-0-387-21739-0.

# കുഞ്ഞുണ്ണിക്കവിതയിലെ പാരഡിച്ചിരി

**നിത്യ. പി. വിശ്വം**
ശ്രീനാരായണകോളേജ്
ശിവഗിരി, വർക്കല



ഗദ്യത്തിലോ പദ്യത്തിലോ ഉള്ള സാഹിത്യകൃതികളുടെ പരിഹാസോദ്ദേശ്യത്തോടുകൂടിയോ അല്ലാതെയോ ഉള്ള വികടാനുകരണമാണ് പാരഡി. കവിത്വവും നർമബോധവും നിരീക്ഷണപാടവവും സമഞ്ജസമായി സമ്മേളിച്ചാൽ മാത്രമേ നല്ലൊരു പാരഡിക്കവിത പിറവിയെടുക്കൂ. പൂർവമാതൃകകളിലുള്ള അവഗാഹവും (കാവ്യവ്യുൽപ്പത്തി), സാഹിത്യ-സാമൂഹികരംഗങ്ങളിലെ സൂക്ഷ്മചലനങ്ങളിൽ പോലും ശ്രദ്ധയൂന്നുവാനുള്ള ശേഷിയും (ലോകവ്യവഹാരജ്ഞാനം) മാത്രം പോരാ ഒരു പാരഡിക്കവിസ്റ്റ് നിലയുറപ്പിക്കുവാൻ. നൈസർഗികമായൊരു വിലക്ഷണദൃഷ്ടികൂടിയുണ്ടായാലേ പാരഡിക്കവിതസ്റ്റ് സ്വക്ഷേത്രബലത കൈവരൂ. കവിതയുടെ മൂന്നാം കണ്ണാണിത്-വൈകല്യങ്ങളെ എരിച്ചുകളയുന്ന മൂന്നാംകണ്ണ്. സാഹിതീയവും സാംസ്കാരികവുമായ ശുദ്ധീകരണമാണിതിന്റെ ഉദ്ദിഷ്ടലക്ഷ്യം. ഈവിധ സവിശേഷതകളെല്ലാം കൃത്യമായി ഒത്തിണങ്ങിയ മലയാളകവിയാണ് കുഞ്ഞുണ്ണി. ചിരിയും ചിന്തയും പ്രസരിപ്പിക്കുന്ന നൂറുകണക്കിന് കാവ്യസൂക്തങ്ങളുടെ രചയിതാവായിട്ടും വളരെ കുറച്ച് പാരഡിക്കവിതകളേ ഇദ്ദേഹം രചിച്ചിട്ടുള്ളൂ. അതെന്തുകൊണ്ട് എന്ന അന്വേഷണം കുഞ്ഞുണ്ണിയുടെ പാരഡിക്കവിതകളുടെ വിശകലനത്തിലൂടെ നിർവഹിക്കുകയാണീ പഠനത്തിൽ.

കവിതാരചനയിൽ അതുവരെയുണ്ടായിരുന്ന എല്ലാ നാട്ടുനടപ്പുകളേയും നിരാകരിച്ചുകൊണ്ട് എഴുതപ്പെട്ടവയാണ് കുഞ്ഞുണ്ണിക്കവിതകൾ. രൂപഭാവത്തിലും ഭാഷാരീതിയിലും അടിമുടി അഴിച്ചുപണിനടത്തി രംഗത്തുവന്ന ഈ കുറുംകവിതകൾ കുഞ്ഞുങ്ങൾക്കുവേണ്ടിയോ കുഞ്ഞുകാര്യങ്ങൾ പറയുവാൻ



വേണ്ടിയോ എഴുതപ്പെട്ടവയാണെന്ന ധാരണയാണ് പൊതുവെ ഉണ്ടായിരുന്നത്. കവിയരങ്ങുകളിലൂടെ കുഞ്ഞുണ്ണിയെന്ന കവിയും കവിതയും ജനമനസ്സുകളിൽ ഇടംനേടിയതിനുശേഷമാണ് ഈ കവിതകളെക്കുറിച്ച് ഗൗരവമായ പാനങ്ങൾ അവതരിപ്പിക്കപ്പെടുന്നത്.

ഏറുപടക്കംപോലെയാണ് കുഞ്ഞുണ്ണിക്കവിത. കണ്ടാലൊരു കുഞ്ഞൻ. വീണു പൊട്ടിക്കഴിഞ്ഞാൽ അത് ചിന്താമണ്ഡലത്തിൽ ഒരു ഇളക്കിമറിക്കൽ സംഭവിപ്പിക്കുക തന്നെ ചെയ്യും. തീർച്ചയായും അവ മനസ്സിന്റേയും സമൂഹത്തിന്റേയും ശുദ്ധീകരണം ലക്ഷ്യംവെച്ച് എഴുതപ്പെട്ടവയാണ്. ദാർശനികഭാവത്തിന്റെ ആത്മദീപ്തി അവയെ പ്രകാശമാനമാക്കുന്നു. അതുകൊണ്ടുതന്നെയാണ് ഓരോ കുഞ്ഞുണ്ണിക്കവിതയും ഓരോ വെളിപാടായി മാറുന്നത്. മൗലികതയാണവയുടെ മുഖമുദ്ര. ഭാഷയിലും, രൂപത്തിലും, ആശയാവതരണത്തിലും മിഴിവാർന്നുനില്ക്കുന്ന ഈ മൗലികതയുടെ പ്രഭാവം കൊണ്ടുതന്നെയാവാം തന്റെ കുറുംകവിതകളിലെല്ലാം ഹാസ്യത്തിന്റെ പൊൻതിളക്കം സൂക്ഷിച്ച കുഞ്ഞുണ്ണിക്ക് ഹാസ്യവിഡംബനരംഗത്ത് കവിതകൾ കുറഞ്ഞുപോയതും. ഏതനുകരണത്തിലും 'കുഞ്ഞുണ്ണിശൈലി' വിടാതെ കാക്കുന്ന പ്രതിഭാവിലാസത്തിന് ഉദാഹരണങ്ങളാണ് കുഞ്ഞുണ്ണിയുടെ ഓരോ പാരഡിയും.

കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം
എന്നു വിലപിച്ച ചങ്ങമ്പുഴക്കവിതയെ
കപടലോകത്തിലെന്നുടെ കാപട്യം
സകലരും കാൺമതാണെൻ പരാജയം
എന്നുപറഞ്ഞ് ശക്തമായി നിഷേധിച്ചിട്ടുള്ള മറ്റൊരു



കവിയും മലയാളത്തിലില്ല.
കുമാരനാശാന്റെ ചില വരികൾക്കും കുഞ്ഞുണ്ണി പാരഡി രചിച്ചിട്ടുണ്ട്.
സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം
എന്ന 'ഒരു ഉദ്ബോധന'ത്തിലെ വരികൾക്ക്
സ്വാതന്ത്ര്യം തന്നെ സൗകര്യം
എന്തുംചെയ്യാം നമുക്കെടോ
ഒന്നും ചെയ്യാതിരുന്നിടാം
എന്തും നന്നായ് നശിപ്പിക്കാം
നശിപ്പിച്ചു നശിച്ചിടാം
-എന്നും

തന്നതില്ല പരനുള്ള കാട്ടുവാൻ
ഒന്നാമേ നരനുപായമീശ്വരൻ
ഇന്നുഭാഷയിതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ
എന്ന നളിനിയിലെ വരികൾക്ക്
തന്നതില്ല പരനുള്ള കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഉള്ളവനു ലവലേശമില്ലയെ
ന്നുള്ളതാകുമിതിനുള്ള കാരണം
-എന്നും

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെപോം
തിരയുന്നു മനുഷ്യരെന്തിനോ
തിരിയാ ലോകരഹസ്യമാർക്കുമേ
എന്ന ചിന്താവിഷ്ടയായ സീതയിലെ വരികൾക്ക്,
ഒരു നിശ്ചയമില്ലയൊന്നിനും
വഴിയേ വന്നിട്ടുവോരു രണ്ടിനും
പുനരെങ്ങനെ മൂന്നിനായതുണ്ടാ
മിതി ചിന്തിച്ചുമരിക്ക ഭംഗിയായ് ഞാൻ
എന്നുമാണ് കുഞ്ഞുണ്ണി പാരഡി രചിച്ചിരിക്കുന്നത്.

ചിന്തയിലെ വിലക്ഷണതയാണിവിടെ നർമ്മഹേതു. സത്യം വിളിച്ചുപറയുന്നതിലെ ആർജ്ജവം അവയെ ആകർഷകമാക്കുന്നു.

കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ!
എന്ന ഇടശ്ശേരിയുടെ വരികളെ
കുഴിവെട്ടി മൂടുക രാഷ്ട്രീയങ്ങൾ
കുതികൊൾക രാഷ്ട്രത്തിനായി നമ്മൾ
എന്നു കുഞ്ഞുണ്ണി തിരുത്തിയപ്പോൾ ദുഷിച്ചുനാറിയ രാഷ്ട്രീയത്തിന്റെ ജീർണമുഖമാണ് തെളിഞ്ഞുകാണുന്നത്. രാഷ്ട്രീയം രാഷ്ട്രനന്മയ്ക്കാവണമെന്ന ഉന്നതചിന്തയും ഈ കുറുംകവിത മുന്നോട്ടുവെയ്ക്കുന്നു.

ഒന്നായ നിന്നെയിഹ രണ്ടെന്നുകണ്ടളവി-
ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ
പണ്ടേകണക്കു വരുവാൻ നിൻകൃപാവലിക-
ളുണ്ടാകവേണമിഹ നാരായണായ നമഃ
എന്ന ഹരിനാമകീർത്തനത്തിലെ വരികളെ ഭാവതലത്തിലും ശൈലീതലത്തിലും അർത്ഥതലത്തിലും ഉൾക്കൊണ്ടുകൊണ്ടാണ് കുഞ്ഞുണ്ണി പാരഡി രചിച്ചിരിക്കുന്നത്.

ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടലഹ പെട്ടെന്നു തീർന്നുമമ
പണ്ടേ കണക്കിലിവയൊന്നായിട്ടുന്നളവി
ലുണ്ടാമൊരൊന്നു വലിയൊരൊന്നതാമഹഹ.

ഉള്ളൂർക്കവിതയ്ക്കും പാരഡി രചിച്ചിട്ടുണ്ട് കുഞ്ഞുണ്ണി.
അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ-
മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ!
അടി മലരിണവേണം താങ്ങുവാൻ മറ്റൊരേട-
ത്തടിയുവതു ഞെരുക്കം മുക്തിസിദ്ധിക്കുവോളം

എന്ന ഉമാകേരളത്തിലെ വരികൾക്ക്
ജന്മമൊന്നുംകൂടി വേണമെന്നിക്കെങ്കി
ലായതും കേരളത്തിൽതന്നെ വേണമെ
ന്നാണെങ്കിലീശ്വരാ
നൃനപക്ഷത്തിലാക്കിടാൻ കനിയണേ
എന്ന ഹാസ്യാനുകരണം ചമച്ചപ്പോൾ സമകാലസാമൂഹികാവസ്ഥകൂടി അതിൽ വ്യഞ്ജിപ്പിക്കാനായിട്ടുണ്ട്.

കവിതയുടെ രൂപം-അത് മൗലികമായാലും അനുകരണമായാലും-കുഞ്ഞുണ്ണിക്ക് ഒരു പ്രശ്നമേയല്ല. തനിക്ക് പറയാനുള്ളത് ഉറക്കെ പറയുവാനുള്ള ഒരു ഉപാധിമാത്രമാണ് അദ്ദേഹത്തിന് കവിത. അതാകട്ടെ, പലപ്പോഴും സത്യം വിളിച്ചുപറയുന്നവന്റെ വെളിപാടുകളായി മാറുകയും ചെയ്യുന്നു.

കുഞ്ഞുണ്ണിക്കവിതയിലെ ദർശനം ഒരു വലിയ അളവോളം അതിലെ സമൂഹചിന്തയുമായി കൂടിക്കുഴഞ്ഞു കിടക്കുന്നു. നിസ്സംഗതയും സിനിസിസവും നർമ്മബോധവും ആണ് ഇവിടെ അടിയൊഴുക്കുകൾ എന്ന് സൂക്ഷിച്ചുനോക്കിയാൽ കാണാം. "കപടലോകത്തിൽ എന്നുടെ കാപട്യം സകലരും കാൺമതാണെൻ പരാജയം " - എന്ന സത്യം എത്ര മൂർച്ചയേറിയതാണ്.

സമൂഹത്തിന്റെ കൊള്ളരുതായ്മകൾ വ്യക്തിവിദ്വേഷരഹിതമായി തുറന്നടിക്കുകയാണ് ഈ കവി പലപ്പോഴും ചെയ്യുന്നത്. അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ എന്നു പറഞ്ഞതുപോലെ, ഈ മൊട്ടുസൂചികൾ എവിടെയൊക്കെയോ കുത്തിത്തറയ്ക്കുന്നു. ചിലപ്പോഴൊക്കെ പ്രതിപാദനരീതിയിലെ സവിശേഷതകൊണ്ടാണ് അത് ചിരി ജനിപ്പിക്കുക-പലപ്പോഴും പ്രതിപാദ്യത്തിന്റെ സത്യദീക്ഷയാലും എന്ന എസ്.കെ. വസന്തന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.

ശബ്ദജന്യമായ ഹാസ്യാനുകരണത്തിന് ഉദാഹരണമാണ് മേൽസൂചിപ്പിച്ച വരികളെല്ലാം. എന്നാൽ ഇവയൊന്നും പ്രാസക്കസർത്തുകൾ അല്ലതാനും. അവയുടെ സന്ദേശം നിശിതമായ പരിഹാസത്തിലും പലപ്പോഴും സിനിസിസത്തിലും ചെന്നെത്തുന്നുണ്ട്. അതേസമയം ശബ്ദജന്യമായ ഹാസ്യാനുകരണം അവയുടെ പ്രതിപാദനരീതിയെ സംബന്ധിച്ച് ഫലപ്രദമാണുതാനും. ഏതെങ്കിലുമൊരു തലത്തിൽവെച്ച് ആശയങ്ങളുടെ വിസ്ഫോടനം സംഭവിക്കുകയും ശബ്ദാർത്ഥസംയോജനത്താൽ ഹാസ്യം ഉരുവപ്പെടുകയും ചെയ്യുന്നു.

എന്നാൽ ഏതെങ്കിലും ഒരുതലത്തിൽ മാത്രം ശബ്ദതലം സൃഷ്ടിക്കുന്ന സാമ്യം കടന്നുവരികയും ബാക്കിയിടങ്ങളിലെല്ലാം സ്വതന്ത്രവിഹാരം നടത്തുകയും ചെയ്യുന്ന അനുകരണങ്ങളും കുഞ്ഞുണ്ണിക്കവിതകളുടെ കൂട്ടത്തിലുണ്ട്.

മരണം പലവിധമുലകിൽ സുലഭം
എങ്ങനെയെല്ലാമെന്നാണെങ്കിൽ-
എന്ന വരികൾ കുഞ്ചൻനമ്പ്യാരുടെ 'കലഹം പലവിധമുലകിൽ സുലഭം' എന്ന വരികളുടെ പാരഡിയാണെങ്കിലും തുടർന്നുവരുന്ന വരികളിൽ കുഞ്ഞുണ്ണിക്കവിത സ്വതന്ത്രമാവുകയാണ്.

പാവുക മരിക്കുക മൃത്താവുക
മൺമറയുക കൺമറയുക
കണ്ണടയുക മണ്ണടിയുക
മണ്ണോട്ട് മണ്ണുചേരുക
പഞ്ചത്വം പ്രാപിക്കുക
കഥകഴിയുക കാറ്റുപോവുക
കീർത്തിശേഷനാവുക കാലംചെയ്യുക
കർത്താവിൽ നിദ്രപ്രാപിക്കുക
സ്വർഗാരോഹണം ചെയ്തീടുക
ഇഹലോകം വെടിയുക
പരലോകം പൂകുക
സമാധിയടയുക
തെക്കോട്ടുപോവുക തീപ്പെടുക
യമപുരി പൂകുക
സിദ്ധികൂടീടുക മോക്ഷമടയുക
അരിയെത്തുക പണിതീരുക
തീരുക
കഴിയുക!

ജീവിതത്തെ നോക്കി ചിരിച്ച കുഞ്ചന്, മരണത്തിന്റെ പര്യായങ്ങൾ പറഞ്ഞുകൊടുക്കുന്നതിലെ നർമ്മമാണിവിടെ പ്രസക്തം. പര്യായങ്ങൾ അവസാനിച്ചത് 'കഴിയുക'യിലാണ്. പര്യായങ്ങൾ കഴിഞ്ഞു എന്ന സൂചന.

എന്നാൽ ജനനമോ-
ജനിക്കുക പിറക്കുക ഭൂജാതനാകുകവതരിച്ചീടുക
എന്നിങ്ങനെ എത്ര കുറച്ചുവിധം!
നാലേ നാലുവിധം.!

കർമ്മഫലങ്ങൾ ഒരു മനുഷ്യജന്മത്തെ സമൂഹമനസ്സിൽ സ്ഥാനപ്പെടുത്തുന്നത് തിരിച്ചറിയാൻ മരണത്തെ വിശേഷിപ്പിക്കുന്ന മട്ടുമാത്രം നോക്കിയാൽമതി. അതായത് ജനിക്കുമ്പോൾ ജാതിയോ മതമോ സ്ഥാനമാനങ്ങളോ കൂടെപ്പോരുന്നില്ല. മരണത്തിലേക്കു തുഴഞ്ഞെത്തുമ്പോഴേക്കും ഇവയുടെയെല്ലാം ആലങ്കാരികതകൾ നമ്മെ സമൂഹത്തിൽ സ്ഥാനപ്പെടുത്തിക്കഴിഞ്ഞിരിക്കും എന്ന സത്യത്തെ ഉള്ളൽപ്പാട്ടിന്റെ ആമുഖാവതരണരീതിയിലൂടെ ശ്രദ്ധാർഹമാക്കിയിരിക്കുന്നു.

തൃക്കാലിൽ താലികെട്ടിത്തരിവളകടകം
കൊണ്ടു പൂഞ്ചേല ചുറ്റി
തൃക്കൈയ്യിൽ കമ്പയേന്തിത്തിരുരസികമഹാ
മുക്കു മുമ്മന്നിവ്യന്നി
തക്കം പാർക്കാതെയയ്യാ ചെറിയൊരു വെടിയായ്
നില്പുവോരിക്കുശേവൻ
ഞാനാണെന്നുള്ള സത്യം കവിതയിലുളവായപ്പൊഴേ തേറിയുള്ളൂ.

കവി ഈശ്വരസമാനനാവുന്ന ആ ദിവ്യമായ വെളിപാടു നൽകുന്ന മുക്തകം ഒളിച്ചുവെച്ച കുസൃതികൾകൊ

[illegible]

ആത്മനിഷ്ഠമാണ് കുഞ്ഞുണ്ണിക്കവിതകൾ എല്ലാം. എന്നാൽ അവയിലെല്ലാം 'ഞാൻ' ആത്മമല്ല എന്ന സമാനമാണ് പ്രകടം. 'ഞാൻ പോരാ ഞാനാം വസ്തു' എന്നിങ്ങനെ കവിയാണെങ്കിലും. സമൂഹത്തോടു പറയാനുള്ള പറയുന്നതിലൂടെയും തന്നെത്തന്നെ തേടുകയാണ്. നിസ്സാരമായ കൊച്ചുവാക്കിലൂടെ ചിരിപ്പിക്കുന്ന ആർജ്ജവം പല കുഞ്ഞുണ്ണിക്കവിതകളിലും കാണാം. സദ്ഗുണമായ സാമൂഹ്യബോധത്തിൽ നിന്ന ഉയരുന്ന ഉയർന്ന ചിന്തയാണ് ആശ കൊണ്ടുവരുന്നു.



എനിക്ക തന്നെ കിട്ടണ
ഞാനെന്നുള്ളതാണെന്നും
ആദിൽ നിന്നെന്നാൽ ഞാനുള്ള
വിശ്വിശ്വപ്രപഞ്ചമാണ്.

'ഞാൻ ഞാൻ നിന്നതം ചെയ്യുന്നതിൽക്കൂടെ ഞാൻ ഞാനൊരമ്പിളിപ്പിക്കുന്ന വസ്തു' എന്ന എഴുത്തച്ഛന്റെ കാലഘട്ടത്തിൽ പറഞ്ഞുവെച്ച ആശയത്തിന്റെ പുനരാവിഷ്ക്കാരം പുതിയ അർത്ഥതലത്തിലേക്കും ആശയപുഷ്ടിയിലേക്കും നമ്മെ കൊണ്ടുപോകുന്നത് അതിലെ 'വിശ്വിശ്വപ്രപഞ്ചമാണ്' സാമൂഹ്യതയെ കൊണ്ടാണ്. അലങ്കാരത്തിൽ ഉപമിക്കുന്നതിന് ഒരു പ്രാധാന്യവും ഇവിടെയില്ല. എന്നാൽ ആശയസാരം കൃത്യമാണുതാനും. വിശപ്പുള്ള കിട്ടും, കൊതിച്ചുള്ള കിട്ടണമെന്നില്ല എന്ന ജീവിതപാഠങ്ങളും ഇതോടൊപ്പം ചേർത്തുവായിച്ചാലേ ആശയം പൂർണമാവൂ.

കുഞ്ഞുണ്ണിക്കവിതകളെക്കുറിച്ചുള്ള കെ.പി.അപ്പന്റെ വിലയിരുത്തൽ ശ്രദ്ധേയമാണ്. 'അസംബന്ധ ഗീതികളല്ല, അസംബന്ധതാനങ്ങളാണിവ. കാരണം അസംബന്ധത പലപ്പോഴും ഭാഷാബന്ധം മാത്രമാവും. അതിനകത്തു സുനിബദ്ധമായ ഒരാശയത്തിന്റെ സൂക്ഷ്മബീജം ഒളിഞ്ഞിരിക്കും. അപ്പോഴാണ് അവ കവിതയാകുന്നത്.' ഓരോ കുഞ്ഞുണ്ണിക്കവിതയും ഈ അഭിപ്രായത്തെ ശരിവെക്കുന്നുണ്ട്.

കുട്ടിക്ക മോഹം മുതിർന്നവനാകുവാൻ
കുട്ടിയായ് തീരാൻ മുതിർന്നവനും
താനായിത്തന്നെയിരിക്കുവാനാർക്കുമാ-
ഗ്രഹം കാണുന്നില്ലിജ്ജഗത്തിൽ

'കുണ്ടുകിണറ്റിലെ തവളക്കുഞ്ഞിന കുന്നിന്മീതെ പറക്കാൻ മോഹം' എന്ന കവി പാടിയതും. 'ഒന്നു കിട്ടുകിൽ പത്തു മതിയെന്നും പത്തുകിട്ടുകിൽ നൂറുമതിയെന്നും നൂറുകിട്ടുകിൽ സഹസ്രം മതിയെന്നും ചിന്തിച്ചു പത്തുപോകന്ന' പായത്തെക്കുറിച്ചോർത്തു ഞെട്ടുവിർപ്പിട്ട പൂന്താനം പാടിയതും നമ്മുടെയൊക്കെ ഒടുക്കം നശിക്കാത്ത മോഹങ്ങളെക്കുറിച്ച് തന്നെയാണ്. അതുതന്നെയാണ് വരികളിൽ കുഞ്ഞുണ്ണിമാഷ യിൽ അനായാസമായി പറഞ്ഞുവെച്ചിരിക്കുന്നതും. മോഹങ്ങളാൽ ബന്ധിക്കപ്പെടുമ്പോൾ ഇന്നിന്റെ ഉൺമയെ കാണാതെയും, തന്റെ തൻമയെ കാണാതെയും മറന്നുപോകുന്ന മനുഷ്യാവസ്ഥയെയാണിവിടെ സൂചിതം. 'ഇന്നിൽ' ജീവിക്കുവാൻ ആഹ്വാനം ചെയ്യുന്ന പരമ തത്വചിന്ത തന്നെയാണ് ഈ വരികളിൽ പുച്ഛരൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ഇങ്ങനെയിങ്ങനെയല്ലാതായാ-
ലിങ്ങനെയാണിപ്പോളിങ്ങനെയല്ലാതായിട്ടും,

അമ്പട ഞാനേ!

എന്ന വരികളിൽ തെളിയുന്നത് 'അഹം ബ്രഹ്മാസ്മി' എന്ന വേദാന്തസാരം തന്നെയാണ്. വേദാന്തിയുടെ അപൂർവ്വമായ ചിരിയാണിവിടെ തെളിഞ്ഞുവരുന്നത്. തന്നിലേക്കുതന്നെ നോക്കുമ്പോൾ വിരിയുന്ന നിർമ്മമമായ ചിരി സ്വായത്തമായൊരു കവിക്ക് തന്റെയും സമൂഹത്തിന്റെയും വൈകൃതങ്ങളെ സഹാനുഭൂതിയോടെ നോക്കിക്കാണാനാവും. ഒരല്പം മാറിനിന്നുനോക്കുമ്പോൾ കാഴ്ചപ്പാട് കുറേക്കൂടി വികസിക്കുമല്ലോ. ആ വികാസം ഓരോ കുഞ്ഞുണ്ണിക്കവിതയിലുമുണ്ട്.



'യഥാ രാജാ തഥാ പ്രജാ' എന്ന പഴമൊഴിയെ 'യഥാനാട്ടാർ തഥാ സർക്കാർ' എന്ന് മാറ്റിയെഴുതിയപ്പോൾ സാമൂഹികസമ്പ്രദായങ്ങളിൽ വന്ന ഭരണമാറ്റത്തിനുമപ്പുറം ജനങ്ങൾക്ക് അവരർഹിക്കുന്നതരം ഭരണകർത്താക്കളെ തന്നെ കിട്ടി എന്ന ഇരുതലമൂർച്ചയുള്ള ആക്ഷേപഹാസ്യമാണ് വെളിവാക്കപ്പെടുന്നത്.

ബ്രഹ്മസത്യം
ജഗന്മിഥ്യ
ബ്രായും ബ്രസ്സും കണക്കിനെ

എന്ന കുഞ്ഞുണ്ണിവരികളിൽ വേദാന്തസൂക്തത്തെ തലകീഴായി കാണുകയാണ് ചെയ്തിരിക്കുന്നത്. ഉപമാനത്തിന്റെ സന്നിവേശം കൊണ്ടാണ് ഇത് ഹാസ്യാനുകരണമായി മാറുന്നത്. ഈ വിലക്ഷണമായ നോട്ടം പാരഡിക്ക് അവശ്യംവേണ്ട ഒരു ഘടകമാണ്. നിത്യപരിചിതമായതിനെ പുതുതായ വീക്ഷണതലത്തിൽ നിന്നുകൊണ്ടു നിരീക്ഷിക്കാൻ ഈ കാഴ്ച സഹായിക്കുന്നു. മഹത് ദർശനങ്ങൾ, തത്ത്വങ്ങൾ, വിചാരങ്ങൾ തുടങ്ങിയവയുടെ ചിഹ്നമായി 'ബ്രഹ്മസത്യം ജഗന്മിഥ്യ' എന്ന സൂക്തം മാറുന്നു. 'എന്തിനേയും അനുകമ്പാർഹമായ അജ്ഞതയോടെയും ലാഘവത്തോടെയും കാണുന്ന, കണ്ടുതൊട്ടു മണത്തുനക്കി അശുദ്ധമാക്കുന്ന നമ്മുടെ സ്ഥിരം രീതിയുടെ ചിഹ്നമായി ഉപമാനത്തെ ഉപയോഗിച്ചിരിക്കുന്നു' എന്ന് എം.കെ. പോറ്റി നിരീക്ഷിച്ചിരിക്കുന്നു. ഹാസ്യാനുകരണകവിത ഇടപെടുന്ന സ്ഥിരം വിഷയങ്ങളിൽനിന്നുള്ള വേറിട്ട ചിന്തയാണിത്.

'തലമുറകളുടെ ജീവിതാനുഭവങ്ങളിൽ നിന്നും ആറ്റിക്കുറുക്കിയെടുത്ത അനുഭവസമ്പത്ത് നർമ്മത്തിന്റെ പ്രസാദം മേമ്പൊടി ചേർത്ത് വിളമ്പുമ്പോൾ അതിന്റെ താളത്തിലും രസികത്വത്തിലും അഭിരമിക്കുന്ന മനസ്സ് പലപ്പോഴും അത് നിഗൂഹനംചെയ്യുന്ന കയ്പ് അറിഞ്ഞില്ല എന്നുതന്നെ വരും.' എന്ന എസ്.കെ. വസന്തന്റെ നിരീക്ഷണം കുഞ്ഞുണ്ണിക്കവിതകളിലെ ഹാസ്യസങ്കല്പത്തിന് മികച്ചൊരു മുഖക്കുറിയാണ്. ആത്മാംശത്തിന്റേയും അനുഭവസാക്ഷ്യങ്ങളുടേയും അസംബന്ധകല്പനകളുടേയും വേദാന്തവീക്ഷണത്തിന്റേയും വിരുദ്ധോക്തിയുടേയും പഴമൊഴികളിലെ ആറ്റിക്കുറുക്കിയ ശൈലിയുടേയും സവിശേഷമായ സന്നിവേശം ഓരോ കുഞ്ഞുണ്ണിക്കവിതയേയും മൗലികമാക്കുന്നു. ഹാസ്യാംശത്തിന്റെ സമർത്ഥമായ കൂടിക്കലരലുകൾ അതേസമയംതന്നെ അവയെ ജനകീയവുമാക്കുന്നു.

തന്റെ ആശയത്തെ പരിപുഷ്ടമാക്കാൻ ഇണങ്ങിയ ഏതുശൈലിയും കുഞ്ഞുണ്ണി സ്വീകരിക്കുന്നതു കാണാം. കാവ്യരൂപം പ്രസക്തമേയല്ല. എന്നാൽ സവിശേഷമായൊരു താളബോധം ഇവയ്ക്കുണ്ടുതാനും. ഹാസ്യാനുകരണമാണ് തന്റെ ആശയത്തിന് തിളക്കമേറ്റുന്നത് എന്ന് ഉത്തമബോധ്യമുള്ളപ്പോൾ തികഞ്ഞ ആത്മവിശ്വാസത്തോടെ ആ രംഗത്തേക്ക് കവിതയെ വഴിനടത്താനും കുഞ്ഞുണ്ണിക്ക് മടിയേതുമില്ല എന്നതിന് ഉത്തമോദാഹരണങ്ങളാണ് മേൽപ്പറഞ്ഞ കവിതകൾ. ഭാഷ, ആശയം, കാവ്യരൂപം എന്നിവയിലെ മൗലികതയുടെ പ്രഭാവമാണ് (കുഞ്ഞുണ്ണിത്തം) അനുകരണത്തിനുള്ള പ്രേരണയ്ക്ക് തടയിടുന്നത് എന്നുമാത്രം. അതുതന്നെയാണ് ഹാസ്യകവിതയും, വിലക്ഷണദൃഷ്ടിയും, നിരീക്ഷണപാടവവും ഒത്തിണങ്ങിയിട്ടും ഹാസ്യാനുകരണകവിതകൾ വളരെക്കുറച്ചുമാത്രം ഇദ്ദേഹം രചിക്കുവാനുള്ള കാരണവും.

ഗ്രന്ഥസൂചി

ഇടശ്ശേരി. ഇടശ്ശേരിയുടെ കവിതകൾ. കൊച്ചി: ഇടശ്ശേരി പബ്ലിക്കേഷൻസ്, 1996.

ഉള്ളൂർ. ഉള്ളൂർക്കവിതകൾ സമ്പൂർണ്ണം. കോട്ടയം: ഡി.സി. ബുക്സ്, 2012.

എഴുത്തച്ഛൻ. ഹരിനാമകീർത്തനം. കുന്നംകുളം: എ.ആർ.പി. പ്രസ്സ്, 1956.

കുഞ്ഞുണ്ണി. കുഞ്ഞുണ്ണിക്കവിതകൾ കഥകൾ. കോട്ടയം: ഡി.സി.ബുക്സ്, 2011.

കുമാരനാശാൻ. ആശാന്റെ പദ്യകൃതികൾ. കോട്ടയം: ഡി.സി. ബുക്സ്, 2009.

കൃഷ്ണപിള്ള ചങ്ങമ്പുഴ. ചങ്ങമ്പുഴക്കവിതകൾ. കോട്ടയം: ഡി.സി. ബുക്സ്, 2004.

പരമേശ്വരൻപിള്ള മേക്കൊല്ല. ഹാസ്യദർശനം. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1982.

മാസികാസൂചി

എം.കെ.പോറ്റി. 'കുഞ്ഞുണ്ണിക്കവിതയിലെ ചിഹ്നവ്യവസ്ഥ'. സാഹിത്യലോകം, 18, 2 (മാർച്ച്-ഏപ്രിൽ, 1993)



# മലയാള നാടകവേദിയിലെ സ്ത്രീസാന്നിദ്ധ്യം

**ബിന്ദു എ.സി.**
ബി.എ.എം. കോളേജ്,
തുരുത്തിക്കാട്



പുരുഷകേന്ദ്രിതമായ അരങ്ങിനെ സ്ത്രീവാദ ചിന്തകളാൽ പ്രബലമാക്കുന്ന ഒരു സ്ത്രീപക്ഷ നാടകവേദിയായി പുനർനിർമ്മിക്കുക എന്ന ലക്ഷ്യമാണ് സ്ത്രീനാടക പ്രവർത്തകരെ സ്ത്രീനാടകവേദി എന്ന കാഴ്ചപ്പാടിലേക്ക് നയിച്ചത് എന്ന് ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാനാവും. പ്രാക്തന സമൂഹത്തിലെ രംഗവേദികളിൽ ഹൃദയസ്ഥാനത്ത് തിളങ്ങിയിരുന്ന സ്ത്രീയെ ഒരു കാലഘട്ടത്തിൽ അധികാരകേന്ദ്രിത സംസ്കാരത്തിന്റെ ഭാഗമായി പിന്നോട്ടുതള്ളി അവളുടെ സ്വത്വത്തെ, നിലനില്പിനെ തന്നെ ചോദ്യം ചെയ്യപ്പെട്ടിടത്തുനിന്ന് അരങ്ങിലെ സ്ത്രീ എന്ന ചിന്തയ്ക്ക് പുതിയ മാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഉയർന്നുവന്ന വിമോചനത്തിന്റെ തത്വശാസ്ത്രമാണ് സ്ത്രീനാടകവേദി ഉയർത്തിപ്പിടിക്കുന്നത്.

ഫെമിനിസ്റ്റ് നാടകവേദി എന്ന ആശയം ഒരു കൂട്ടായ്മയായി കണക്കാക്കാം. ഇതിൽ ഫെമിനിസ്റ്റ് ആശയങ്ങൾ ഉൾക്കൊള്ളുന്ന സ്ത്രീകളുടെ കൂട്ടായ്മയുമുണ്ട്. ഇതേ ആശയങ്ങൾ പുലർത്തുന്ന സ്ത്രീ-പുരുഷ കൂട്ടായ്മയുമുണ്ട്. സ്ത്രീനാടകവേദിക്കകത്ത് സ്വന്തമായി ഒരു ഇടം കണ്ടെത്തുകയും നാടകവേദിയിലെ പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുകയും ചെയ്തപ്പോൾ നാടകവേദിയിൽ തന്നെ ഒരു സൗന്ദര്യശാസ്ത്രം രൂപംകൊള്ളുകയായിരുന്നു. ഇതിന്റെ ഫലമായി രംഗവേദിയിലെ സ്ത്രീശരീരഭാഷയെ കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ മാറ്റം വന്നു. നാടകരചന പുരുഷന്മാരുടെ മാത്രം കുത്തകയാണ് എന്ന കാഴ്ചപ്പാടുകൾ മാറി. സ്ത്രീനാടക രചനയും സ്ത്രീനാടകവേദികളും നാടകചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തു. ഫെമിനിസ്റ്റ് നാടകവേദി അങ്ങനെ കൃതിയെ, രംഗഭാഷയെ, നാടകസങ്കല്പങ്ങളെ എല്ലാം

തന്നെ പുനർനിർമ്മിക്കുന്ന ഒരു സൗന്ദര്യവീക്ഷണമാണ് എന്നു കാണാം.

1970കളിൽ ഇന്ത്യൻ സ്ത്രീയുടെ യഥാർത്ഥജീവിതം അതിന്റെ നേർപകിട്ടോടെ, അരങ്ങിൽ അവതരിപ്പിക്കപ്പെട്ടപ്പോഴാണ് നാടകം സ്ത്രീയുടെ ജീവിതചിത്രീകരണത്തിന് ഉപയുക്തമായ ഒരു വേദിയാണ് എന്ന് സ്ത്രീനാടക പ്രവർത്തകർക്ക് മനസ്സിലായത്. ഇതിന്റെ ഫലമായി ഫെമിനിസ്റ്റ് ആശയങ്ങൾ മനസ്സിൽ സൂക്ഷിക്കുന്ന സ്ത്രീകൾ ഡൽഹി, ബോംബെ, ഹൈദരാബാദ് എന്നിവിടങ്ങളിൽ സ്ത്രീനാടക സംഘടനകൾക്ക് രൂപംകൊടുക്കുകയും നിരവധി സ്ത്രീപ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള നാടകങ്ങൾ അരങ്ങിൽ അവതരിപ്പിക്കുകയും ചെയ്തു. 1980കളുടെ ആദ്യത്തിൽ സഹേലി എന്ന സംഘടന അവതരിപ്പിച്ച 'പെൺകുഞ്ഞ് ജനിച്ചു' എന്ന മറാഠി നാടകം വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റി. ഈ നാടകത്തിൽ ജനസ്വാധീനം മനസ്സിലാക്കിയ സ്ത്രീകൾ നാടകത്തെ സൗന്ദര്യാത്മകമായി പഠിക്കാനും പ്രയോഗിക്കുവാനും വേണ്ടി മുന്നോട്ടുവന്നു.

ഇന്ത്യൻ നാടകവേദിയിലുണ്ടായ ഫെമിനിസ്റ്റ് നാടകവേദിയുടെ ഉണർവ്വ് മലയാള നാടകവേദിയിലേക്ക് കടന്നുവന്നത് 1980കളുടെ അവസാനത്തോടെയാണ്. എന്നാൽ അതിനുമുമ്പുതന്നെ മലയാള നാടകവേദിയിൽ സ്ത്രീരചനകൾ ഉണ്ടായിട്ടുണ്ട് എന്ന് കാണാം. 1890ൽ കുട്ടി കുഞ്ഞുതങ്കച്ചിയുടെ 'അജ്ഞാതവാസം' എന്ന നാടകമാണ് അദ്യ സ്ത്രീരചനയായി കണക്കാക്കപ്പെടുന്നത്. അതിനുശേഷം 1891ൽ തോട്ടയ്ക്കാട് ഇക്കാവമ്മയുടെ 'സുഭദ്രാർജ്ജുനം', തിരവത്ത് അമ്മാളുഅമ്മ എഴുതിയ 'കൃഷ്ണഭക്തി ചന്ദ്രിക' എന്നിവയും ആദ്യകാലത്തെ സ്ത്രീരചനാനാടകങ്ങളാണ്. ഇതിനുശേഷം സാമൂഹിക പ്രശ്നങ്ങൾ പ്രമേയമാക്കി രചിക്കപ്പെട്ട നാടകങ്ങളാണ് 1935ൽ ലളിതാംബിക അന്തർജ്ജനം രചിച്ച 'സാവിത്രി'. 1945ൽ സരസ്വതിയമ്മ രചിച്ച 'ദേവദൂതി',



ജിഷ അഭിനയ

1947ൽ കമുകറ ലീലാബായ് രചിച്ച 'ജീവിതം' എന്നിവ.

1980കളുടെ അവസാനത്തോടെയാണ് നാടകം തങ്ങൾക്ക് പറ്റിയ സ്വാതന്ത്ര്യത്തിന്റെ പൊതു ഇടമായി മലയാളസ്ത്രീകൾ കണ്ടുതുടങ്ങിയത്. സ്ത്രീവിമോചനം എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ട വനിതാസംഘടനകളാണ് പട്ടാമ്പി കേന്ദ്രീകരിച്ചുണ്ടായ മാനുഷി, തൃശ്ശൂരിലെ സമത, ചേതന തുടങ്ങിയവ. ഇവർ അക്കാലത്ത് സ്ത്രീപ്രശ്നങ്ങളെ സമൂഹത്തിന്റെ മുന്നിലെത്തിക്കാൻ നാടകാരങ്ങിനെ പരമാവധി പ്രയോജനപ്പെടുത്തി. നിരവധി തെരുവുനാടകങ്ങൾ ഈ കാലയളവിൽ ജനശ്രദ്ധ പിടിച്ചുപറ്റി. സ്ത്രീധന പീഡനം പോലുള്ള അനീതികളെ ശക്തമായ ഭാഷയിൽ എതിർത്തുകൊണ്ട് രൂപംകൊണ്ട തെരുവുനാടകങ്ങൾ മാനുഷിയുടെ നേതൃത്വത്തിൽ അവതരിപ്പിച്ചു.

എന്നാൽ ഇക്കാലയളവിൽ സ്ത്രീയനുഭവങ്ങളെ ആവിഷ്കരിക്കാനും സ്ത്രീപ്രശ്നങ്ങളെ ജനമധ്യത്തിൽ അവതരിപ്പിക്കുവാനും അതിനെതിരെ വിമർശനാത്മകമായി പ്രതികരിക്കുവാനുമാണ് സ്ത്രീനാടകവേദികൾ മുന്നിട്ടുനിന്നത് എന്ന് കാണാം. അരങ്ങിനെ, രംഗഭാഷ, നാടകസംവിധാനങ്ങളെ, നവീകരിക്കുവാനും സംവിധായകന്റെ നിർദ്ദേശമനുസരിച്ച് അഭിനയിക്കുവാനുള്ള അഭിനേത്രി എന്ന നിലയിൽ മാത്രം സ്ത്രീയെ



കണ്ടിരുന്ന കാഴ്ചപ്പാടിനെ മാറ്റിമറിക്കാനും സ്ത്രീകൾക്ക് കഴിഞ്ഞത് അതിനുശേഷമാണ്. ജി. ശങ്കരപ്പിള്ളയുടെ സ്കൂൾ ഓഫ് ഡ്രാമയിൽ നിന്നും പഠിച്ചിറങ്ങിയ വനിതകൾ മാനുഷിയുടെയും സമതയുടെയും പ്രവർത്തനങ്ങളിലൂടെ ബന്ധപ്പെട്ട നിരവധി നാടകക്യാമ്പുകളിലും ചർച്ചകളിലും പങ്കെടുക്കുവാനായി മുന്നോട്ടുവന്നു. ഇവർ സ്ത്രീപക്ഷ നാടകരംഗത്തെ നവീകരിക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് 'അഭിനേത്രി' എന്ന സ്ത്രീവാദ നാടകവേദിയുടെ തുടക്കം. കേരളീയ നാടകരംഗത്ത് ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിച്ച കെ.ജി. ശങ്കരപ്പിള്ളയുടെ രണ്ടുനാടകരചനകളെ സമന്വയിപ്പിച്ചുകൊണ്ട് 'ചിറകടിയൊച്ചകൾ' എന്ന പുതിയ നാടകഭാഷ്യം അഭിനേത്രി ഒരുക്കി. ശ്രീലത, സജിത മഠത്തിൽ, സുധി തുടങ്ങിയവർ ആവിഷ്കരിച്ച ഈ കലാസൃഷ്ടി നിലവിലുള്ള നാടകസങ്കല്പത്തെ തന്നെ പൊളിച്ചെഴുതുകയായിരുന്നു.

1992 ഡിസംബർ 19 മുതൽ 25 വരെ മിനി സുകുമാർ സംഘടിപ്പിച്ച 'കടമാളൂർ സ്ത്രീപഠന കേന്ദ്രം' നടത്തിയ നാടകക്യാമ്പിൽ സാറാജോസഫിന്റെ 'മുടിത്തെയ്യം ഉറയുന്നു' എന്ന കഥയുടെ സ്വതന്ത്രാവിഷ്കാരമായ 'മുടിത്തെയ്യം' അവതരിപ്പിക്കപ്പെട്ടു. സ്ത്രീയുടെ സ്വത്വത്തെ, ആഗ്രഹങ്ങളെ, വികാരവിചാരങ്ങളെ എല്ലാം തുറന്നുകാട്ടുന്ന ഈ നാടകം പുരുഷമേധാവിത്വത്തെ ശക്തമായ ഭാഷയിൽ എതിർക്കുന്നു. സി.എസ്. ചന്ദ്രിക എഴുതിയ 'ഉറുമ്പുകൾ സംസാരിക്കുന്നത്', സജിത അവതരിപ്പിച്ച 'മത്സ്യഗന്ധി', 'ബ്യൂട്ടി പാർലർ', എന്നിവയും നാടകരംഗത്തെ സ്ത്രീസാന്നിദ്ധ്യത്തെ പ്രതിഫലിപ്പിച്ച നാടകങ്ങളാണ്.

1999-ൽ തിരുവനന്തപുരത്ത് ആരംഭിച്ച 'നിരീക്ഷ' നാടകവേദി നാടകരചന, സംവിധാനം, അവതരണം എന്നീ മേഖലകളിലെല്ലാം സ്വന്തമായ നിലപാടുകൾ പ്രഖ്യാപിച്ചുകൊണ്ട് മലയാള നാടകവേദിയുടെ ശ്രദ്ധ ആകർഷിച്ചു. രാജരാജേശ്വരിയും കെ.വി. സുധിയുമാണ് ഈ നാടകവേദിക്ക് രൂപംകൊടുത്തവർ. രാജരാജേശ്വരിയുടെ 'പ്രവാചക' എന്ന നാടകം നിരീക്ഷയുടെ സ്ത്രീപക്ഷാവിഷ്കാര നാടകമാണ്. സി.വി. സുധിയാണ് ഈ നാടകത്തിന് സംവിധാനം നിർവ്വഹിച്ചത്. 2010ൽ നിരീക്ഷ അവതരിപ്പിച്ച 'ആണുങ്ങളില്ലാത്ത പെണ്ണുങ്ങൾ' എന്ന നാടകവും പുരുഷാധിപത്യ ചെയ്തികളെ, പീഡനങ്ങളെ നിശിതമായി വിമർശിക്കുന്ന നാടകമാണ്. അപമാനിക്കപ്പെട്ട് വലിച്ചെറിയുന്ന സ്ത്രീത്വത്തെ രംഗത്ത് ആവിഷ്കരിക്കുകയായിരുന്നു 'ഇങ്ങനെ' എന്ന നാടകത്തിൽ.

പ്രശസ്ത നാടകകൃത്തും സംവിധായികയും നടിയുമായ കെ.വി. ശ്രീജ 1998ൽ 'ഓരോരോ കാലത്തിലും' എന്ന നാടകം അവതരിപ്പിച്ചപ്പോൾ അത് ഫെമിനിസ്റ്റ് സ്ത്രീവേദിയുടെ നവീകരിക്കപ്പെട്ട കാഴ്ചപ്പാടുകളായി മാറി. 1905ൽ സ്മാർത്ത വിചാരത്തിലൂടെ പുറത്താക്കപ്പെട്ട കുറിയേടത്തു താത്രിയെ നാനാമേഖലകളിൽ പണ്ഡിതയും വിദുഷിയുമായ ഒരു അന്തർജ്ജനമായി കണക്കാക്കിക്കൊണ്ടായിരുന്നു അവതരണം. ഉയർന്ന ചിന്തയും ഭാവനയും ബുദ്ധിയുള്ള ഒരു സ്ത്രീക്ക് അക്കാലത്ത് സമൂഹത്തിൽ അനുഭവിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളെയും അവൾക്ക് അർഹമായ അംഗീകാരം ലഭിക്കാതിരിക്കുന്ന അവസ്ഥയെയുമാണ് ഇതിൽ ഉയർത്തിക്കാട്ടുന്നത്. ഇതിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന മാനസിക സംഘർഷത്തെ ശക്തമായി തന്നെ ദൃശ്യവൽക്കരിക്കാൻ ഈ നാടകത്തിലൂടെ ശ്രീജയ്ക്ക് കഴിഞ്ഞു. സ്ത്രീയുടെ വ്യക്തിത്വത്തെ തിരിച്ചറിയാനോ ഉൾക്കൊള്ളാനോ ശ്രമിക്കാത്ത പുരുഷാധിപത്യസമൂഹത്തോടുള്ള ശക്തമായ പ്രതിഷേധമായിരുന്നു ഈ നാടകം. ശ്രീജയുടെ 'ലേബർറൂം', 'കലംകാരിയുടെ കഥ', 'ഇത്തിരിപൂവേ', 'കാറ്റുകൊണ്ട് വീടുവയ്ക്കുന്നവർ', 'ഇടനിലങ്ങൾ' എന്നീ നാടകങ്ങളും ശ്രദ്ധേയമാണ്.

ആദ്യകാല സ്ത്രീപക്ഷ പ്രസ്ഥാനങ്ങൾ സ്ത്രീവാദ തെരുവുനാടകങ്ങളെ അവതരിപ്പിച്ചപ്പോൾ മലയാള നാടകവേദിയിൽ മാറ്റങ്ങൾ ഉടലെടുക്കുകയായിരുന്നു. പ്രത്യുത്പാദനപരമായ അവകാശങ്ങൾ, മാതൃത്വം, സാഹോദര്യം, സ്ത്രീ സൗഹൃദം, ലെസ്ബിയനിസം തുടങ്ങി നവീന സ്ത്രീപക്ഷ മൂല്യങ്ങൾ നാടകവേദിയിലൂടെ ജനഹൃദയത്തിലേക്ക് ആഴത്തിൽ കടന്നുചെന്നു. അങ്ങനെ രചനാപരമായ സങ്കേതങ്ങളെക്കാൾ രംഗാവിഷ്കരണത്തിന്റെ നവീനതലങ്ങളിലേക്ക് സ്ത്രീനാടകവേദി കടന്നുചെന്നപ്പോൾ നാടകവേദിയിലെ സ്ത്രീസാന്നിദ്ധ്യം ശക്തമായ ഭാഷയിൽ സ്ത്രീപക്ഷ ദർശനങ്ങളെ അവിടെ അവതരിപ്പിക്കുകയായിരുന്നു. വ്യത്യസ്തമായ ആശയങ്ങളും പ്രവർത്തനങ്ങളുമായി മിനി, ശ്രീജ, സജിത, ജിഷ എന്നിങ്ങനെ നിരവധി നാടകപ്രവർത്തകരിലൂടെ ഇന്നും പെണ്ണരങ്ങ് പുഷ്ടിപ്രാപിക്കുന്നതായി കാണാം.



# ഹിപ്പേഷ്യ

**ഡോ. ഇന്ദുലാൽ ജി.**
സെന്റ് അലോഷ്യസ് കോളേജ്,
എടത്വ



ശാസ്ത്രചരിത്രത്തിലെ ആദ്യ രക്തസാക്ഷിയെന്ന കരുതാവുന്ന മഹാഗണിതജ്ഞയും ചിന്തകയും ജ്യോതിശാസ്ത്രജ്ഞയുമായിരുന്ന ക്രിസ്തുവർഷം നാലാം ശതകത്തിൽ(370 - 415 ) ജീവിച്ച ഹിപ്പേഷ്യ. അസാമാന്യ പ്രതിഭാശാലിയും അതിസുന്ദരിയുമായിരുന്ന അവർ അനിതരസാധാരണകഴിവുകളാൽ അനുഗ്രഹിക്കപ്പെട്ട അദ്ധ്യാപികയെന്ന നിലയിൽ ഈജിപ്റ്റിലെ അലക്സാണ്ഡിയായിൽ തിളങ്ങി. ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യവനിതാഗണിതജ്ഞയുമാണ് ഹിപ്പേഷ്യ. - 300 ബിസിയിൽ അലക്സാണ്ഡിയ ഒരു ഗണിതവിജ്ഞാനകേന്ദ്രമായി ഉദയം ചെയ്തു. അവിടെ വലിയൊരു വിദ്യാകേന്ദ്രമുയരുകയും യൂക്ലിഡ്, ആർക്കിമിഡീസ്, ഏറാത്തോനീസ്, ഹെറോൺ, ഡയഫന്റിസസ് എന്നീ വിശ്രുത ഗണിതജ്ഞർ അദ്ധ്യാപകരാകുകയും ചെയ്തു. വിജ്ഞാനത്തിന്റെ കേദാരമായ അലക്സാണ്ഡിയായിലെ വിശ്രുതവായനശാല കത്തിയമരുന്നതുവരെ അവിടം വിദ്യാകേന്ദ്രമാ



യി തുടർന്നു. ആ കലാലയത്തിലെ അവസാന അദ്ധ്യാപകരിലൊരാളായിരുന്നു ഹിപ്പേഷ്യയുടെ പിതാവായ തിയോൺ. അതേ കലാലയത്തിലെ ആദ്യ അദ്ധ്യാപകരിലൊരാളായ യൂക്ളിഡിന്റെ ജ്യാമിതീയപ്രാമാണികഗ്രന്ഥമായ എലിമെന്റ്സിൽ തിയോൺ ധാരാളം പഠനങ്ങൾ നടത്തുകയും ആ പുസ്തകം വരുംതലമുറകൾക്കായി തന്നാലാവും വിധം കാത്തുസൂക്ഷിക്കുകയും അതിന്മേൽ സരളമായ വ്യാഖ്യാനങ്ങൾ എഴുതി യൂക്ലിഡിന്റെ അറിവിനെ ജനകീയമാക്കുകയും ചെയ്തു. പുത്രിയായ ഹിപ്പേഷ്യ അക്കാലത്തെ പ്രശസ്തഗണിതജ്ഞന്മാരായിരുന്ന ദയഫന്റിസ്, അപ്പോളോണിയസ് എന്നിവരുടെ കൃതികൾ പിതാവിന്റെ പാത പിന്തുടർന്ന് ആഴത്തിൽ പഠിക്കുകയും അവരുടെ കൃതികൾക്കൊക്കെയും വ്യാഖ്യാനങ്ങളും വിശദീകരണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തു. അറിവിന്റെയും അദ്ധ്യാപനമികവിന്റെയും സമ്പൂർണ്ണത മകളിലുണ്ടാകണമെന്നു നിഷ്കർഷ പുലർത്തിയ തിയോൺ, ഹിപ്പേഷ്യയെ ആ ലക്ഷ്യം നേടാൻ പരിശീലിപ്പിച്ചു. പ്രസംഗകലയിൽ പ്രസിദ്ധിനേടിയ ഹിപ്പേഷ്യയ്ക്ക് പലനാട്ടുകളിൽനിന്ന് ശിഷ്യന്മാരുമുണ്ടായി.

അക്കൂട്ടത്തിൽ പ്രശസ്തനായ ശിഷ്യനായ സിനേസിസിന്റെ എഴുത്തുകളിലൂടെയാണ് ഹിപ്പേഷ്യയെ പുറംലോകമറിഞ്ഞത്. നക്ഷത്രങ്ങളിലേക്കുള്ള ദൂരമളക്കുന്നതിനും അതുവഴിയായി ജ്യോതിശാസ്ത്രരംഗത്തെ പഠനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന ഒരു യന്ത്രം ഹിപ്പേഷ്യ കണ്ടുപിടിച്ചു. അക്കാലത്ത് നിലവിലിരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള സാങ്കേതികവിദ്യയെ മറികടക്കുന്ന ഒരു കണ്ടുപിടിത്തമായിരുന്നു അത്. ഹിപ്പേഷ്യയും അവരുടെ വിദ്യാ ർത്ഥികളും ഇതുപയോഗിച്ച ഗവേഷണങ്ങളിലും പഠനങ്ങളിലും തന്റെ പിതാവായ തിയോണിന്റെ പാത പിന്തുടരുകയും ധാരാളം നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു.

അധികം കഴിയുംമുൻപുതന്നെ ശാസ്ത്രചിന്തയുടെ ലോകത്ത് തനതായ പാദമുദ്ര പതിപ്പിക്കാൻ ഹിപ്പേഷ്യയ്ക്കായി. വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും അദ്ധ്യാപനമികവിന്റെയും കാര്യത്തിൽ തന്റെ പിതാവിനേയും സമകാലികരായ അദ്ധ്യാപകരേയും ബഹുദൂരം പിന്നിലാക്കിയ ഹിപ്പേഷ്യ, സ്വയം ഉരുക്കി തെളിമയേറിയ, മൂർച്ചയേറിയ ചിന്താശേഷിയുടെ വഴിയിലൂടെ അനേകം വിദ്യാർത്ഥികൾക്ക് മാർഗദീപമായി. ആധികാരികമെന്നു സ്വയം വിശേഷിപ്പിക്കുന്ന മതസിദ്ധാന്തങ്ങളിൽ ഏറിയപങ്കും

വഴിതെറ്റിക്കുന്നവയാണെന്നും അസത്യമായ വിവരങ്ങൾ നിറഞ്ഞതാണെന്നും ആത്മാഭിമാനമുള്ള, അറിവിനു ദാഹിക്കുന്ന ആളുകളാരുംതന്നെ അവയെ അവസാനവാക്കായി കരുതരുതെന്നും അവയ്ക്കുമേൽ യുക്തിസഹമായ ചിന്ത ഉപയോഗിച്ച് അവയുടെ സാധുതയെ നിരന്തരം ചോദ്യം ചെയ്യേണ്ടതുണ്ടെന്നും കുട്ടികളെ പാഠിപ്പിച്ച ഹിപ്പേഷ്യ , ചിന്തിക്കാനും അറിയാനുമുള്ള തങ്ങളുടെ അവകാശത്തെ ആർക്കും അടിയറവയ്ക്കരുതെന്നും ഉദ്ബോധിപ്പിച്ച് ശാസ്ത്രലോകത്തെ ആദ്യ നവോത്ഥാനകാഹളമുയർത്തി.

മനുഷ്യചിന്തകൾക്കോ കഴിവിനോ എത്തിപ്പിടിക്കാൻ ബുദ്ധിമുട്ടുള്ള, ശ്രമകരമായ നിതാന്തസത്യം പ്രപഞ്ചത്തിലെവിടെയോ ഉണ്ടെന്നും അതിനെ കണ്ടെത്തലാണ തന്റെയും മാനവരാശിയുടേയും ലക്ഷ്യമായി വരേണ്ടതെന്ന് പ്രഘോഷിക്കുകയും ചെയ്ത പ്ലോട്ടിനസിന്റെ ശിഷ്യയായ ഹിപ്പേഷ്യ ആ വഴിക്കുതന്നെ തന്റെ ജീവിത ചിന്താശൈലിയും ക്രമപ്പെടുത്തി. ഈ ക്രമപ്പെടുത്തലിന്റെ ഭാഗമായി ഉയർന്നുവന്ന ചിന്തകളെ ശാസ്ത്രസത്യങ്ങളുടെ തെളിവുകൾ പിൻപറ്റി ഹിപ്പേഷ്യ പ്രചരിപ്പിച്ചു. വിദ്യാർത്ഥികൾക്കുമേലുള്ള അസാമാന്യ സ്വാധീനശക്തിയും ആശയവിനിമയത്തിലുള്ള കഴിവും ഈ പ്രചരണം ഹിപ്പേഷ്യയ്ക്ക് നിസ്സാരമാക്കി.

യുക്തിചിന്തയിലും മനുഷ്യമസ്തിഷ്കങ്ങളുടെ കഴിവിലും വിശ്വസിച്ച ഹിപ്പേഷ്യ ദൈവവിശ്വാസിയോ മതത്തിന്റെ ചട്ടക്കൂടുകളെ അന്ധമായി പിന്തുടരുന്ന ആളോ അല്ലായിരുന്നു. മതസംഹിതകളാണ് ഏറ്റവും വിശുദ്ധമെന്നും അവയൊക്കെയും ചോദ്യം ചെയ്യപ്പെടാനാകാതെ അനുസരിക്കേണ്ടതാണെന്നും അവയൊക്കെയും ദൈവവചനങ്ങളാണെന്നും പരിപൂർണ്ണമായി വിശ്വസിച്ചിരുന്ന മതസംരക്ഷകരുടെ കണ്ണിലെ കരടായി അവർ മാറി. ക്രിസ്തുമതം റോമിൽ പ്രാബല്യത്തിൽ വന്ന നാലാം നൂറ്റാണ്ടിൽ ഹിപ്പേഷ്യ കത്തോലിക്കാ മതത്തിന്റെ പ്രധാന ശത്രുവായി.



മതസംഹിതകളെ ചോദ്യം ചെയ്യുകയും ആളുകളെ മതത്തിനതീതമായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത ഹിപ്പേഷ്യയുടെ ശൈലി ക്രിസ്തുമതം റോമിൽ ആഴത്തിൽ വേരോടിക്കാൻ യത്നിച്ച മതമേലധ്യക്ഷന്മാർക്കു സഹിക്കാനായില്ല. അലക്സാണ്ഡിയായിൽ ക്രിസ്തുമതമേധാവിയായെത്തിയ സിറിൽ എന്ന ബിഷപ്പ് ഹിപ്പേഷ്യയുടെ ഈ സ്വഭാവം കാരണം അവരെ ക്രിസ്തുമതത്തിന്റെ 'ഒഴിവാക്കപ്പെടേണ്ട ശത്രുവായി കണക്കാക്കി. സിറിൽ ബിഷപ്പിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം ക്രിസ്ത്യൻ മതവിശ്വാസികൾ ഒരു ദിവസം തന്റെ ക്ലാസ്സു കഴിഞ്ഞു തിരികെപ്പോകുകയായിരുന്ന ഹിപ്പെഷ്യയെ ആക്രമിച്ചു. ബലമായി തൊട്ടടുത്തുള്ള പള്ളിയിലേക്കു വലിച്ചിഴയ്ക്കപ്പെട്ട ഹിപ്പേഷ്യയോട് മരണത്തിൽനിന്നു രക്ഷപ്പെടാൻ താൻ ഇന്നുവരെ പാഠിപ്പിച്ചതെല്ലാം തെറ്റായിരുന്നുവെന്നും മതസംഹിതകൾ ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കേണ്ട വിശുദ്ധനിയമങ്ങളാണെന്നും ഏറ്റുപറയാനാവശ്യപ്പെട്ടു. ഹിപ്പേഷ്യ ഇതിനു വിസമ്മതിച്ചു. ആക്രമാസക്തരായ സന്യാസികൾ ഉൾപ്പെടുന്ന ജനക്കൂട്ടം ഹിപ്പേഷ്യയുടെ വസ്ത്രങ്ങൾ വലിച്ചുകീറുകയും ജീവനോടെ തൊലിയുരിക്കുകയും ജീവനോടെതന്നെ ശരീരഭാഗങ്ങൾ അറുത്തുമാറ്റുകയും ചെയ്തു. പിന്നീട് ഏതാണ്ടു ജീവനോടെതന്നെ ദഹിപ്പിക്കുകയും ചെയ്തു. ഹിപ്പേഷ്യയുടെ കൊലപാതകത്തോടെ അന്നുവരെ പുകൾപെറ്റ അലക്സാണ്ഡിയായ്ക്ക് പിന്നീട് വിദ്യാഭ്യാസഭൂപടത്തിൽ വലിയ സ്ഥാനമുണ്ടാക്കാനായില്ലെന്നതും നാം അറിയേണ്ടതുണ്ട്.

മതം ശാസ്ത്രസത്യങ്ങൾക്കും ശാസ്ത്രീയമായ തെളിവുകൾക്കും മേൽ തങ്ങൾ മാത്രമാണു ശരിയെന്ന നിലപാടുറപ്പിക്കുന്നതിന്റെയും മനുഷ്യന്റെ ചിന്താശേഷിക്കും സ്വാതന്ത്ര്യത്തിനും വിലക്കു തീർക്കുന്നതിന്റെയും അനുബന്ധദുരന്തഫലങ്ങളിൽ ഏതാണ്ട് ആദ്യത്തേതാണു ഹിപ്പേഷ്യയുടെ ചരിത്രം. പിന്നീട് ബ്രൂണോ, ഗലീലിയോ എന്നീ ചിന്തകരോടും മതം എന്തു ചെയ്തുവെന്നു നാം കണ്ടു. വിജ്ഞാനത്തിനുവേണ്ടിയുള്ള അടങ്ങാത്ത തൃഷ്ണയാൽ തനിക്കു ബോദ്ധ്യമാകാത്ത ഒന്നിനേയും. യുക്തിക്കു നിരക്കാത്ത ഒന്നിനേയും അന്ധമായി സ്വീകരിക്കുകയില്ലെന്ന ജീവിതസ്വഭാവത്തിനു മരണത്തിനുമുൻപിപ്പോലും മാറ്റം വരുത്താതിരുന്ന ധീരയും അഭിമാനിനിയുമായിരുന്ന ഹിപ്പേഷ്യ. ഭൗതികശാസ്ത്രത്തിന് അടിത്തറപാകിയ പരാബോള, എലിപ്സ്, ഹൈപ്പർബോള എന്നിവയുടെ കണ്ടുപിടിത്തത്തിലൂടെ പ്രശസ്തനായ അപ്പോളോണിയസിന്റെ പാഠങ്ങൾക്ക് വ്യാഖ്യാന-വിശദീകരണങ്ങൾ എഴുതിയ ആൾ എന്ന നിലയിലും ഗണിതലോകത്തെ അടിസ്ഥാന ജ്യാമിതീയ ഗ്രന്ഥമായ യൂക്ലിഡിന്റെ എലമെന്റ്സിനു പിതാവിനെപ്പോലെ ജനകീയ ലളിത പ്രചാരണം നല്കിയ ആൾ എന്ന നിലയിലും ഹിപ്പേഷ്യയെ ആദരവോടെയേ എക്കാലവും ഓർമ്മിക്കാനാകൂ.

References:

1. Steven G. Krantz, An Episodic History of Mathematics, 2006

2. Margaret Alic, Hypatia's Heritage: A history of women in science from antiquity to the late nineteenth century, The womens Press, 1986.

3. Edward J. Watts, Hypatia, The life and legend of an ancient philosopher, Oxford University Press 2017

# MUMMIFICATION : A SCIENTIFIC PLAUDIT OF ANCIENT EGYPT

**Dr. SARITHA.S.R**
SN College, Chempazhanthy



In Egypt the ruler over all the land was called a Pharaoh. The Pharaoh was considered to be a god as well as a ruler; and his power was absolute. He or she was believed to know the secrets of heaven and earth. The Pyramids are some of the remains of powerful and amazing dynasties that ruled Egypt, 5000 years ago. The Pyramids were built to honour the great Pharaohs, the kings of Egypt and to make sure that they have a smooth trip to the afterlife. The Great Pyramid at Giza was made up of over two million blocks of stone. Some of these blocks weigh as much as nine tons.

Within the Pyramids there were chambers and tombs for the mighty Pharaohs. Each tomb contained the mummified or preserved body of the ancient Pharaoh and everything he would need for the afterlife, including food, furniture, gold and containers for water.

The Pyramids took many years to build. One reason is because they waited for the season when the Nile was flooded so they could float some of these great big stones down the river to the location of the Pyramid. Large bakeries were unearthed near Pyramids. These huge bakeries baked thousands of loaves of bread to use as payment to the workers, building the Pyramids.

The mummy is a dead body that has not rotted away. Natural mummies are accidents of nature made by freezing, drying or water logging. The best known artificial mummies were made in Egypt. Long ago travellers from Persia (Iran) thought that a sticky black substance, called bitumen, was used to make Egyptian mummies. The Persian word for bitumen was mummia and from this comes the English word mummy. The 3300 year old mummy of Egyptian Pharaoh Tutankhamun was discovered in 1922 by Howard Carter and this is a good example of an artificial mummy. But the first artificial mummies were made 7000 years ago by the chinchorro people of South America ( Chile ). They were a fishing people, who lived in small groups along the coast of Pacific Ocean. The first chinchorro mummies were discovered in 1917. Chinchorros removed all the skin and soft tissue and the body was rebuilt with sticks, mud and paint.

Europe's oldest human mummy is known as the iceman. He died about 5300 years ago and it was

discovered by hikers in Northern Italy in 1991. The Ice man mummy was found high up in the mountains, where it is very cold. Ice man is the oldest complete human mummy ever to be found. He is so well preserved even his eyes are still visible. Now it is kept at a museum in Northern Italy.

But the most famous mummies were made in ancient Egypt. The Egyptians were skilled embalmers. (Mummy Makers). Pharaohs and ordinary people were made into mummies along with many kinds of animals. The ancient Egyptians made their first artificial mummies around 3400 BC. The last mummies were made around 400 AD. This means the Egyptians were making mummies for 4000 years. They stopped making them because as the Christian religion spread to Egypt, mummy making came to be seen as a pagan (Non Christian) practice.

Herodotus, the father of history visited Egypt in 400 BC and told that it took 70 days to make a mummy, 15 days to cleanse the body, 40 days to dry it out and 15 days to wrap it. Mummy makers worked in open air tents far from villages along the west bank of the river Nile. The tents were left open so that bad smells were carried away on the breeze. They were near the river as water was needed in the mummy making process. Mummy making skills were handed down from one generation to the next. It was a job for men only and it was a father's duty to train his son. The first 15 days of making a mummy involved cleaning the body.

In the place of purification tent the body was washed with salty water. It was then taken to the house of beauty tent. Here to remove the brain, a metal hook was pushed up through the left nostril. The brain was removed and thrown away. Then a slit was made in the left side of the body and the liver, lungs, intestines and stomach were taken out and kept. But the heart was left inside the body.

After the insides had been taken out the body was dried. Mummy makers used a special salt called natron to do the drying. The salt was a powdery white mixture and was found along the edges of lakes in the North of Egypt. Bags of natron, dried grass, straws etc were used to stuff the bodies of the mummies. Next the body was placed on its back on a table and covered a thick layer of Natron. The body was left to dry out under the natron for 40 days. The liver, lungs, intestines and stomach were also dried for forty days of drying. The Natron absorbed the body's juices. At the end of this time the mummy makers scraped away the natron and removed the materials used to stuff the body. The dried body had lost about three quarters of its original weight and was shriveled, hard and blue black in colour. The body was then rubbed with oil and spices to make it soft and sweet smelling. Then it was given false eyes and a wig and make up was applied. Lastly tree resin was poured over it. This set into a hard layer to stop mould growing. The dried out organs were wrapped in linen then put into containers called canopic jars. In the final part of the process the body was wrapped. It took 15 days to do this. The body was wrapped in strips of linen 6 to 20 centimeters wide.

During the wrapping, amulets (lucky charms) were placed between the layers of linen. This protected the person from harm on their journey to the after life. Magic spells written on the wrapping were another form of protection. Resin was poured over the mummy to make it waterproof. Last of all, it was given a face mask. The body was placed in a wooden coffin. On the day of the burial the priest used a shaped stone tool to touch the mummy's mouth, eyes, nose and ears. This was the opening of the mouth ceremony. Mummies were buried with grave goods. These were the items to use in the next life. Ordinary people were buried with basic items such as food and drink but Pharaohs and wealthy people were buried with everything they would need in their next life.

Tutankhamun was pharaoh for about 9 years and he died when he was 17 years old. His body was mummified and buried into the tomb cut into the side of a valley known as the Valley of the Kings. In 1922 British archaeologist, Howard carter discovered the tomb of Tutankhamun. It took ten years to remove all the objects from the tomb-jewellery and gold throne were among the treasures. A gold mask covered the kings head and shoulders was made of 10 kilograms of pure gold. His coffin was made of gold and decorated with a gem called lapis lazuli. Now days we can see this in the Museum of Egyptian Antiquities.

REFERENCE

John Malam, Hundred Facts about Mummies, Miles Kelly Publishing Ltd, Essex, 2009.

Jean Joachim, Ancient Egypt Dot to Dot, sterling publishing company, Newyork,2006.

LeenaPekkalainen, How I became a Mummy, The American University in Cairo Press, Cairo, 2016.

Interview with Nebiel, Local guide of Cairo, dated 20/10/2016

Visit of Museum of Egyptian Antiquities dated 20/10/2016.

Visit of Museum of Egyptian Antiquities dated 28/9/2017.

Interview with Manu Thankachan, Guide Same Travels, dated 28/09/2017.

Visit of Pharaonic Village, Cairo, dated 27/09/2017.

Interview with Dr. Ajith Kumar D.J, Guide, dated 27/09/2017.

Ajit Kumar D.J, Holyland, KristuKripa Ashram, Thiruvananthapuram, 2017.

പുസ്തകലോകം

# അവൾ പോയപ്പോൾ കണ്ടത്

## പെൺയാത്ര - വായന

**ഡോ. ദേവി കെ. വർമ**
എസ്.ഡി. കോളേജ്, ആലപ്പുഴ



*"ഡൽഹി കാണാൻ വല്ലാത്ത കൊതിയായിരുന്നു എനിക്ക്. പക്ഷേ, എന്നെ കൊണ്ടോയില്ല..... പിന്ന്യാവാം പിന്ന്യാവാം എന്നുപറഞ്ഞ് കാലം പോയി...ഒരു വല്യൊഴിവിന് കുട്ട്യോളേം അമ്മേം കൊണ്ട് ഡൽഹി കാണിക്കാൻ പോയി. ഞാനും കൂടിപ്പോയാൽ പശുക്കളെ ആരു നോക്കും. അച്ഛന്റെ അസ്ഥിത്തറേല് ആരു തിരികൊളുത്തും. എന്നൊക്കെ ചോദിച്ചു ഇവിടുത്തെ അമ്മ..... ഏതായാലും എന്റെ പോക്ക് നടന്നില്ല"- (ഓർമയുടെ ഞരമ്പ്: കെ .ആർ.മീര).*

നടക്കാത്ത പെൺപോക്കുകളുടെ ചരിത്രം ഭാരതീയമോ കേരളീയമോ ആയ കുടുംബസംവിധാനത്തിൽ സ്വാഭാവികമാണ്. പൊതുവ്യവഹാരങ്ങളിൽ സാമാന്യമായും സാഹിത്യാദി വിഷയങ്ങളിൽ വിശേഷിച്ചും പ്രകടമായിരുന്ന ലിംഗഭേദത്തിന്റെ സ്വഭാവം വിശദീകരണം ആവശ്യപ്പെടുന്നില്ല. ചരിത്രം, രാഷ്ട്രീയം, സിനിമ, സാഹിത്യം തുടങ്ങിയ അറിയലിന്റെയും ആവിഷ്ക്കാരത്തിന്റെയും മേഖലകളിൽത്തന്നെ സ്ത്രീകർതൃത്വത്തിന്റെ അഭാവം കാണാമെന്നിരിക്കെ വീടുവിട്ടിറങ്ങി നിർവ്വഹിക്കേണ്ട 'യാത്ര' എന്ന പ്രക്രിയയിൽ ലിംഗരാഷ്ട്രീയം എത്രത്തോളം സ്വാധീനം ചെലുത്തിയിരിക്കുമെന്ന് എടുത്തു പറയേണ്ടതില്ല. യാത്രകളെ കേവലദിനചര്യയിൽനിന്ന് വേറിട്ട ആവശ്യമോ ആവേശമോ ആക്കിത്തീർക്കുന്നതും അപരിചിതങ്ങളായ സ്ഥലരാശികളെ സാഹസിക/കൗതുകങ്ങളോടെ അറിയാനാഗ്രഹിക്കുന്നതും ആധുനികതയുടെ ചരിത്രഘട്ടത്തിലാണ്.രാഷ്ട്രീയമോ വാണിജ്യമോ

ആയ താല്പര്യങ്ങൾക്കതീതമായി വൈയക്തികാഹ്ലാദത്തിന്റെ പ്രചലിതപ്രക്രിയയായി യാത്രകൾ മാറുന്നതോടെ യാത്രാവിവരണമെന്ന സാഹിത്യരൂപത്തിനും പ്രചാരം വർദ്ധിക്കുന്നു. യാത്രാവിവരണങ്ങളിലുള്ള സ്ത്രീ ആഖ്യാനങ്ങളുടെ അപൂർവത ചരിത്രം നിശ്ചയിച്ച സ്വാഭാവികതയാണ്. എന്നാൽ, എഴുത്തിലൂടെയും വരയിലൂടെയും അരങ്ങവതരണങ്ങളിലൂടെയും പെൺസ്വത്വം അടയാളപ്പെടാൻ തുടങ്ങുന്നതോടെ കാഴ്ചയുടെയും നോട്ടത്തിന്റെയും കർതൃസ്ഥാനത്തിലേക്കുകൂടി സ്ത്രീ ക്രമേണ പ്രവേശിക്കുന്നു. പുരുഷന്റേതിൽ നിന്ന് വ്യത്യസ്തമായ യാത്രകളും യാത്രയെഴുത്തുകളും മലയാളത്തിന് ലഭിക്കുന്നത് ഇങ്ങനെയാണ്. യാത്രികരുടെയും യാത്രയെഴുത്തുകളുടെയും അനുപാതം ഒരു തരത്തിലും പൊരുത്തപ്പെടുന്നതല്ലെങ്കിലും വിരലിലെണ്ണാവുന്ന യാത്രയെഴുത്തുകൾ പെൺയാത്രയുടെ സാധാരണത്വത്തിലേക്കാണ് വിരൽചൂണ്ടുന്നത്. എഴുത്തുകാരും സാമൂഹ്യപ്രവർത്തകരുമായ ചില സ്ത്രീകൾ നടത്തിയ യാത്രകളുടെ ഓർമ്മയെഴുത്തുകളാണ് 'പെൺയാത്ര' എന്ന പേരിൽ കെ.വി. സുമംഗല എഡിറ്റ് ചെയ്ത് കൈരളി ബുക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകം. സുമംഗലയുടേതുൾപ്പെടെ പതിനൊന്ന് പേരുടെ യാത്രാവിവരണങ്ങളുടെ സമാഹാരം. മാനസി, എം.സുചിത്ര, ലീല സോളമൻ, അനിത തമ്പി, എൽസി താരമംഗലം,ഇ.കെ.ശാന്ത, മൈന ഉമൈബാൻ, റോസി തമ്പി, പത്മ ജയരാജ്, സംപ്രീത എന്നിവരാണ് മറ്റ് എഴുത്തുകാർ. ചൈന, ശ്രീലങ്ക,ക്യൂബ,പാകിസ്ഥാൻ എന്നീ വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെയും കേരളത്തിലെയും ചില പ്രദേശങ്ങളിലും നടത്തിയ യാത്രകളാണ് ഈ കുറിപ്പുകൾ. വ്യത്യസ്തമാണ് ഓരോ എഴുത്തും. ചിലർ യാത്രയുടെ പ്രായോഗികവെല്ലുവിളികൾ ഒന്നും നേരിടാതെ, കണ്ടറിഞ്ഞ സ്ഥലത്തെ എഴുതുന്നു. മറ്റുചിലർ അല്പം സാഹസികമായിത്തന്നെ താണ്ടേണ്ടി വന്ന അനുഭവങ്ങളെക്കൂടി പങ്കുവയ്ക്കുന്നു. അതീവതീക്ഷ്ണവും




ഉള്ളുരുകുന്നതുമായ ജീവിതപാഠങ്ങളാണ് പല വിവരണങ്ങളും. അല്പമെങ്കിലുമുണ്ട് കാല്പനികതയുടെ സമ്മോഹനാത്മകതയും. ഇങ്ങനെ ചില സാമാന്യനിരീക്ഷണങ്ങൾക്കപ്പുറം അവരോരോരുത്തരും കണ്ട കാഴ്ചകളെ എങ്ങനെ രചിതപാഠങ്ങളാക്കുന്നു എന്ന വായനയ്ക്കാണ് ഏറെ പ്രസക്തി. ഒറ്റനോട്ടത്തിൽ കുറച്ച് ലേഖനങ്ങൾ എന്നു തോന്നുമെങ്കിലും ഓരോ കുറിപ്പും ഓരോ ദേശത്തിന്റെ സാംസ്കാരിക-സാമൂഹിക ജീവിതത്തിന്റെ കാപ്സ്യൂൾ രൂപങ്ങളും അതിനെക്കാളുപരി അതത് ദേശങ്ങളിലെ മനുഷ്യാവസ്ഥകളിലേക്ക് നീളുന്ന യാഥാർത്ഥ്യത്തിന്റെ വഴികളുമാണ്. അതുകൊണ്ടുതന്നെ സങ്കീർണ്ണ വൈവിധ്യങ്ങളുടെ പ്രായോഗികമായൊരു സംക്ഷോധനമാണ് ഈ കൃതി.

## മാനസിയുടെ ചൈനായാത്ര

കഥാകൃത്തും ' ആശ ഫോർ എഡ്യുക്കേഷൻ ' പ്രവർത്തകയുമായ മാനസി എഴുതുന്നത് കുടുംബസമേതം നടത്തിയ ചൈന യാത്രയെക്കുറിച്ച്. വൻമതിലിനപ്പുറം എന്ന ഈ യാത്രാവിവരണം കാഴ്ചാനുഭവങ്ങളുടേയും കൗതുകങ്ങളുടേയും അനായാസമായ തുറന്നെഴുത്താണ്. മാനസി എന്ന 'ഇന്ത്യക്കാരി' ആണ് ചൈനയെ കാണുന്നത്. ചൈനയിലെ ഗതാഗതസൗകര്യങ്ങളിൽ, ജീവിതരീതികളിൽ, കുടുംബഘടനയിൽ, ബന്ധങ്ങളിൽ, ഭക്ഷണ സംസ്കാരത്തിൽ എല്ലാം അത്രയും താരതമ്യാത്മകമായാണ് ലേഖികയുക്തി പ്രവർത്തിക്കുന്നത്. സംസ്കാര സാജാത്യങ്ങളേയും വ്യതിരിക്തതകളേയും പൊടുന്നനെ തിരിച്ചറിയാൻ സഹായിക്കുന്ന ഒരു മെത്തഡോളജിയാണ് താരതമ്യാത്മകത എന്നതിനാലാകാം ഇത്. ചൈനയിലെ കുഗ്രാമങ്ങളിലെ പോലും വൃത്തിയും വീതിയുമുള്ള റോഡ്, റോഡുപണി നടക്കുന്നതിന്റെ വേഗം ഇതെല്ലാം ഒരു ഭാരതീയന് നൽകുന്ന അസൂയ കലർന്ന അതിശയം തെല്ലും മറച്ചുപിടിക്കുന്നില്ല ലേഖിക. കുടുംബബന്ധങ്ങളിലെ കെട്ടുറപ്പ്, തൊഴിൽ- സമ്പാദനങ്ങളിലെ ലിംഗവിവേചനമില്ലായ്മ, സ്ത്രീസ്വാതന്ത്ര്യം, കമ്മ്യൂണിസ്റ്റ്‌വിപ്ലവാത്മക മൂല്യബോധം ഇതെല്ലാം കണ്ടും കേട്ടും അറിഞ്ഞാണ് മാനസി എഴുതുന്നത്. കമ്മ്യൂണിസത്തിന്റെ സൈദ്ധാന്തിക പിന്തുണ പല സ്ത്രീവിരുദ്ധ ആചാരങ്ങൾക്കും കടിഞ്ഞാണിട്ടതും സമൂഹത്തിലും കുടുംബത്തിലും അവളെ പ്രബലയാക്കിയതും ശ്രദ്ധേയമായി എടുത്തുകാട്ടുന്ന വിവരണം ചൈനയിലെ ലിംഗസമത്വത്തിന് അതീവ പ്രാധാന്യം കൊടുക്കുന്നു.

തന്റെ ആതിഥേയന്റെ ജീവിതം കഥാരൂപത്തിൽ പറഞ്ഞു കൊണ്ടാണ് ചൈനാ ചരിത്രത്തിന്റെ ഒരു ഏകദേശ രൂപം മാനസി അവതരിപ്പിക്കുന്നത്. 'കമ്യൂണിസത്തിന്റെ സ്വാധീനം, പീപ്പിൾസ് കമ്യൂണുകൾ രൂപപ്പെടുന്ന കാലം, ജീവിതം കൂടുതൽ കർക്കശ മായിത്തീരുന്ന 'സാംസ്കാരിക വിപ്ലവ'ത്തിന്റെ കാലം തുടങ്ങി ചൈനാചരിത്രത്തിലെ ഓരോ നിർണായക ഘട്ടം വ്യക്തിജീവിതത്തെ മാറ്റിപ്പണിതതിന്റെ ചിത്രം മാനസി വിവരിക്കുന്നുണ്ട്. മാവോ സേ തുങ്ങിന്റെ നേതൃത്വത്തിൽ നടന്ന സാംസ്കാരികവിപ്ലവം വിദ്യാഭ്യാസത്തെയും വായനയെയും കടന്നാക്രമിച്ചതിന്റെ ഭീകരാവസ്ഥ

വിവരണത്തിൽ തെളിയുന്നു. കത്തിച്ചാമ്പലാക്കപ്പെട്ട സ്കൂളുകളും,കോളേജുകളും ലൈബ്രറികളും പിന്നീട് പുനഃസ്ഥാപിക്കപ്പെടുകയായിരുന്നു.

ചൈനീസ് ആതിഥേയത്വത്തിന്റെ ഊഷ്മളതയും ഒന്നും കഴിക്കാനാകില്ലെന്നു കരുതി കയ്യിൽ കരുതിയ ഭക്ഷണപാക്കറ്റുകൾ ഉപയോഗിക്കേണ്ടിവരാതെ ആതിഥേയനു സമ്മാനി ച്ചതിന്റെ സന്തോഷവും ലേഖിക രസകരമായി എഴുതുന്നു. 'മാണ്ഡരിൻ' എന്ന പൊതുഭാഷയ്ക്കൊപ്പം മൂന്നാംക്ലാസ്സ് മുതൽ ഒരു വിദേശഭാഷയായി  ഇംഗ്ലീഷും പഠിപ്പിക്കുന്നതും തൊപ്പി വില്പനക്കാരൻ തൊപ്പിക്കു പ്രതിഫലമായി ഒരു ഇംഗ്ലീഷ്വാക്ക് പഠിപ്പിച്ചാൽമതിയെന്നു പറഞ്ഞതും ചൈനയിൽ വർദ്ധിച്ചുവരുന്ന ഇംഗ്ലീഷ്പ്രചാരണത്തിന് ഉദാഹരണമാണ്. ചൈനയിലെ ടൂറിസ്റ്റ് നഗരങ്ങളേയും വൻമതിലിന്റെ ചരിത്രപ്രസക്തിയും ആ ബൃഹദ്സൃഷ്ടിയുടെ സൗന്ദര്യ -ഗാംഭീര്യങ്ങളും അതിശയോക്തി കലരാതെയും എന്നാൽ അത്ഭുതത്തോടൊപ്പം മാനസി ആവിഷ്ക്കരിക്കുന്നു. ഒരേസമയം വൻമതിലുപോലുള്ള ചരിത്രവിസ്മയങ്ങളെക്കുറിച്ച് വാചാലരാകുമ്പോഴും അപ്രിയസംശയങ്ങളെ കേട്ടില്ലെന്ന് നടിച്ച് മൗനം പാലിക്കുന്ന ഗൈഡുമാരും ഭിക്ഷക്കാരെ ടൂറിസ്റ്റുകൾ കാണാതെ ഓടിക്കുന്ന പൊലീസുകാരും ടൂറിസത്തിന്റെ രാഷ്ട്രീയമാണ് വെളിവാക്കുന്നത്. " ടൂറിസ്റ്റുകൾ കാണരുതെന്ന് കരുതുന്നവയെ വിദേശികളിൽ നിന്ന് മറച്ചുപിടിക്കും "- അവർ ചൂണ്ടിക്കാട്ടുന്നു.

ഇത്തരത്തിൽ ചൈനയുടെ സാമൂഹ്യചരിത്രത്തിൽ വിഛേദങ്ങളെയും ഭീതിദമായിരുന്ന കാലാവസ്ഥകളെയും പരമാവധി ചുരുക്കി അവതരിപ്പിക്കുന്നതിനൊപ്പം ഇന്നത്തെ ചൈന എന്താണെന്ന് വിദ്യാഭ്യാസ-രാഷ്ട്രീയ-മത-ലിംഗ പരിപ്രേക്ഷ്യങ്ങളിൽ കാണാനും തെളിഞ്ഞഭാഷയിൽ ആവിഷ്ക്കരിക്കാനും ശ്രമിക്കുന്ന ഒരു യാത്രാവിവരണമാണ് മാനസിയുടേത്. കാഴ്ചക്കാരിയുടെ സ്വത്വം ഇന്ത്യൻ,മലയാളി,സ്ത്രീ തുടങ്ങിയ കാഴ്ചസ്ഥാനങ്ങളിൽ മാറിമാറി നിലയുറപ്പിക്കുന്നു. ഒരു ടൂറിസ്റ്റ്കണ്ണിലൂടെ വൻമതിൽച്ചിത്രം വരയുമ്പോഴും വൻമതിലിനപ്പുറം എന്താണ് ചൈന എന്ന് എത്തിനോക്കുന്ന എഴുത്താണിത്.

## ചോരയുടെ നിറമാണ് ബസ്തറിന്

മാധ്യമ പ്രവർത്തകയായ സുചിത്ര സാമൂഹിക-പാരിസ്ഥിതിക-വികസന മേഖലകളെ ഗൗരവത്തോടെ സമീപിക്കുകയും എഴുതുകയും ചെയ്യുന്നു. ഒരു പ്രദേശത്തിന്റെ ആഭ്യന്തര സംഘർഷം ഒരു ജനതയെ മൊത്തം അവികസിതാവസ്ഥയിൽ തളച്ചിടുന്നതെങ്ങനെ എന്നുകൂടി സുചിത്രയുടെ ഈ എഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു. സുഹൃത്തായ മാധ്യമ പ്രവർത്തകയ്ക്കൊപ്പം നടത്തിയ അതിസാഹസികമായ ദണ്ഡകാരുണ്യ യാത്രയുടെ അനുഭവമാണ് ദണ്ഡകാരണ്യത്തിന്റെ ചുവപ്പ് . ആ പ്രദേശത്തിന്റെ ഭീകരതയും അരക്ഷിതാവസ്ഥയും വായനക്കാരെ അനുഭവിപ്പിക്കുന്ന തരത്തിലുള്ള വിവരണമാണ് സുചിത്രയുടേത്. അതൊരുപക്ഷേ ആ വിവരണത്തിന്റെ മെച്ചം എന്നതിലുപരി, അവർ കണ്ടറിഞ്ഞനുഭവിച്ച ജീവിതാവസ്ഥകളുടെ പൊള്ളലും അതിനോടുള്ള മാനുഷിക പ്രതികരണവുമാണ്. വേദന കലർന്ന നിസ്സഹായകതയിലേക്ക് ബസ്തറിലെ ജീവിതക്കാഴ്ചകൾ നമ്മെ എത്തിക്കുന്നു.

“ബസ്തർ ഉൾപ്പെടുന്ന ദണ്ഡകാരണ്യം, ഛത്തീസ്ഗഢ്,മഹാരാഷ്ട്ര,ഒറീസ, ആന്ധ്രാപ്രദേശ് എന്നീ നാല് സംസ്ഥാനങ്ങളിലായി തൊണ്ണൂറായിരം ചതുര കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്ന വലിയ വനമേഖലയാണ്. ആയിരക്കണക്കിന് ഗ്രാമങ്ങളിൽ അനേകലക്ഷം ആദിവാസികൾ ഇവിടെ ജീവിക്കുന്നു." (പുറം 23)  മാവോയിസ്റ്റ് -സാൽവാജൂദും സംഘർഷത്തിന്റെ ബലിയാടുകളായിത്തീരുന്നത് ഈ ആദിവാസിസമൂഹമാണ്. സാൽവാജൂദും  എന്ന നക്സൽ വിരുദ്ധസേനയെ ഭയന്നോടി ഖമ്മം ജില്ലയിൽ കുടിയേറിയ 'ഗോണ്ടി' എന്ന ഗോത്രവർഗ്ഗ ഭാഷ സംസാരിക്കുന്ന ആദിവാസി സമൂഹം പീഡന-സഹനങ്ങളുടെ കഥകളെ ഒറ്റവാക്കിൽ ഒതുക്കുന്നു. മാവോയിസ്റ്റ് വിരുദ്ധ സേനയായി സർക്കാറിന്റെ പിന്തുണയോടെ ആരംഭിച്ച സാൽവജൂദും പകരം കൊടുംക്രൂരമായ ആക്രമണ നടപടികളാണ് കാഴ്ചവച്ചത്. ചുട്ടുകൊല്ലലും ബലാത്സംഗവും സേനയിൽ ചേർക്കാനുള്ള നിർബന്ധവും പീഡനത്തിന്റെ പല മുഖങ്ങൾ. ഇതിനിടെ മാവോയിസ്റ്റ് തിരിച്ചടിയും. സർക്കാറിന്റെ മാവോയിസ്റ്റ് വേട്ടയിൽ കൊല്ലപ്പെടുക പലപ്പോഴും നിരപരാധികളായ ആദിവാസികളാകും. ഈ കലുഷിതാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ബാഹ്യശക്തികൾക്ക് പങ്കുണ്ടോ എന്ന ഗൗരവമായ ചോദ്യമുന്നയിക്കുന്നുണ്ട് സുചിത്ര. ബഹുരാഷ്ട്ര കുത്തക കമ്പനികൾ നോട്ടമിട്ടിരിക്കുന്ന ഇരുമ്പയിര്, ബോക് സൈറ്റ്, ഡോളാമൈറ്റ് ശേഖരമാണ് ബസ്തർ. സായുധ സംഘങ്ങളെക്കൊണ്ടും ആദിവാസിരക്തം വീണിട്ടും ചുവന്ന ഇടനാഴി (റെഡ് കോറിഡോർ) ആയ ബസ്തർ ഇന്ത്യയിലെ സമ്പുഷ്ടമായ ധാതു ഇടനാഴി (മിനറൽ കോറിഡോർ) കൂടിയാണ്.

ഈ പ്രശ്നകലുഷിത മേഖലയെ സർക്കാർ പഠനറിപ്പോർട്ടുകൾ വേണ്ടപോലെ പഠിച്ചിട്ടാണോ സർക്കാർ പോലും സമീപിക്കുന്നത് എന്ന ആശങ്ക അവർ പങ്കുവയ്ക്കുന്നു. മാവോയിസ്റ്റിനെ തുരത്തുമെന്നും ആഭ്യന്തരസുരക്ഷ ശക്തമാക്കുമെന്നും സൈനിക നടപടി ഊർജ്ജിതമാക്കുമെന്നും ഓരോ ഭരണാധികാരിയും പ്രഖ്യാപിക്കുമ്പോൾ കൂടുതൽ ജവാന്മാർ,ജനങ്ങൾ,മാവോയിസ്റ്റുകൾ കൊല്ലപ്പെടും എന്നാതന്നെയാണ് അർത്ഥം. ഇന്ത്യ-പാക് യുദ്ധത്തിലെതിനേക്കാൾ-ഏതാണ്ട് നാലായിരത്തൊണ്ണൂറു ജീവനാണ് അഞ്ച് കൊല്ലത്തിനിടെ ഇവിടെ പൊലിഞ്ഞത്. ഈ യുദ്ധത്തിന്റെ ലക്ഷ്യം രാഷ്ട്രസുരക്ഷയാണോ,അതോ കലക്കവെള്ളത്തിൽ മീൻ പിടിക്കാനുള്ള കോർപ്പറേറ്റ് താല്പ

ര്യങ്ങളാണോ? എന്തുതന്നെയായാലും ബസ്റ്ററിന്റെ ഉൾത്തട്ട് ഭീതിയുടെയും സംശയത്തിന്റെയും അങ്ങേയറ്റത്തെ നിസ്സഹായതയുടേയും ആകുന്നു. അതിസൂക്ഷ്മതയോടെയും ഗൗരവത്തോടെയും ബസ്റ്ററിനെ അനുഭവിപ്പിക്കുന്നു എന്നതാണ് ഈ എഴുത്തിന്റെ കാതൽ.

## ലീലാസോളമന്റെ പാക് സന്ദർശനം

മത്സ്യബന്ധന ഗ്രാമമായ ഇബ്രാഹിം ഹൈദരിൽ നിന്നു മീൻ പിടുത്തത്തിനുപോയി അറിയാതെ അതിർത്തി ലംഘിച്ചതിന്റെ പേരിൽ ഇന്ത്യയിൽ ജയിലിൽ കഴിയുന്ന മത്സ്യ ത്തൊഴിലാളികളുടെ കറാച്ചിയിലെ കുടുംബങ്ങളെ ഓർത്തുകൊണ്ടാണ് പത്രപ്രവർത്തക യായ ലീലസോളമൻ 'അജ്രക്കുകളുടെ നാട്ടിൽ' എഴുതുന്നത്. ഭർത്താവിനെ മോചിപ്പിക്കാനുള്ള ശ്രമവുമായി പത്തുവർഷത്തിലേറെയായി നടക്കുന്ന ബാഗിഭായ്യാർക്ക് ഒരിക്കലും നീതി ലഭിക്കുന്നില്ല. അനാഥത്വവും, ദാരിദ്ര്യവും അനുഭവിക്കുന്ന കുടുംബങ്ങൾ, വിദ്യാഭ്യാസവും ബാല്യവും നിഷേധിക്കപ്പെട്ട് മുന്നൂറുരൂപ ദിവസക്കൂലിക്ക് ബോട്ടിൽ പോകുന്ന കുഞ്ഞുങ്ങൾ, അവരനുഭവിക്കുന്ന അവഗണന -- പാക്കിസ്ഥാനിലെ അതിർത്തി പ്രദേശങ്ങളിലെ ദുരിതമുഖങ്ങൾ ഇങ്ങനെ നീളുന്നു.

ജീവിതാവസ്ഥകളുടെ വിരുദ്ധ ധ്രുവങ്ങളാണ് കറാച്ചി. 'ഉള്ളവന് ഏറെയുണ്ട്, ഇല്ലാത്തവന് ഒന്നുമില്ല' എന്ന അന്തരം ലേഖിക ആവർത്തിക്കുന്നു. എച്ചിക്കാനത്തിന്റെ 'ബിരിയാണി'യിൽ കണ്ടതുപോലെ ഒരു വശത്ത് വിശന്നുവലയുമ്പോൾ മറ്റൊരിടത്ത് ഭക്ഷണം ആഘോഷിക്കുകയും അവശേഷിക്കുകയും ചെയ്യുന്നു. ബാഗിഭായ്യാരുടെ പ്രശ്നങ്ങൾ ശീതീകൃത ഹോട്ടൽ - കോൺഫറൻസ് മുറികളിലിരുന്ന് സൗന്ദര്യ-സൗരഭ്യ ധാമങ്ങൾ എങ്ങനെ അറിയാനാണ്; പരിഹരിക്കാനാണ് എന്ന ആശങ്ക അവർ പങ്കുവയ്ക്കുന്നു. എങ്കിലും സ്ത്രീ സ്വാതന്ത്ര്യത്തിനും രാഷ്ട്രീയ പ്രാതിനിധ്യത്തിനും ആക്കം കൂട്ടാൻ 'ഔരത്ത് ഫൗണ്ടേഷൻ' പോലുള്ള സംഘടനകൾ മുന്നോട്ടു വരുന്നുണ്ട്. അത്യന്തം സ്ത്രീവിരുദ്ധമായ കാരോ-കാരി എന്ന കൊലചെയ്യൽ രീതിയിൽ നിന്ന് രക്ഷപ്പെട്ടുവന്ന് ഔരത്ത് സംഘടനകളിൽ അഭയം പ്രാപിച്ചവരുണ്ട്. പാക്കിസ്ഥാനെന്നാൽ ക്രിക്കറ്റും സംഗീതവും ഭീകരവാദവുമാണെന്ന ഇന്ത്യൻ ധാരണയെ തിരുത്താനും അവിടുത്തെ മനുഷ്യജീവിതങ്ങളും സാഹചര്യങ്ങളും കണ്ടറിയേണ്ടതാണെന്ന തോന്നൽ വളർത്താനും ലീലസോളമനെ ഈ യാത്ര പ്രേരിപ്പിച്ചുവത്രേ. "ഒരിക്കൽക്കൂടി പോകണം എന്നിട്ട് കറാച്ചിയിലേയും ലാഹോറി ലേയും മോഹഞ്ചദാരോയിലേയും മനുഷ്യമനസ്സുകളിലൂടെ യാത്ര ചെയ്യണം" (പുറം 58)എന്നാണവർ അവസാനിപ്പിക്കുന്നത്.ഇന്ത്യ- പാക് ജനസാമാന്യത്തിൽ സൗഹാർദ മുണ്ടാക്കാൻ മാധ്യമങ്ങൾക്കു വഹിക്കാൻ കഴിയുന്ന പങ്കിനെക്കുറിച്ചാണ് മാധ്യമ സമ്മേളനങ്ങൾ പ്രധാനമായും ചർച്ചചെയ്യുതെന്നും അവർ എഴുതുന്നു.

## അനിതതമ്പിയുടെ സ്വന്തം നാട്

ഒരു പഠനത്തിന്റെ ഭാഗമായിട്ടാണ് അനിത തമ്പി തെക്കു പടിഞ്ഞാറൻ ഹിമാചലിലെ ബിലാസ്പൂർ ജില്ലയിൽ, കർലോട്ടി ഗ്രാമത്തിലെത്തുന്നതും രണ്ടു മാസക്കാലം താമസിക്കുന്നതും. അക്കാലത്തെ ജീവിതത്തെ ആസ്വാദനപരമായി വിലയിരുത്തുന്ന , കർലോട്ടിയെ സൗന്ദര്യാത്മകമായി വർണ്ണിക്കുന്ന അനിത ആ ഗ്രാമത്തിന്റെ സംസ്കാരത്തെ തുറന്നുകാട്ടുന്നു. അതീവ പ്രയത്നശാലികളായ സുന്ദരന്മാരുടെയും സുന്ദരിമാരുടെയും നാടത്രെ കർലോട്ടി. പണിയെടുത്തും സന്തോഷിച്ചും മനോഹരമായ വീടുകളിൽ നിറവോടെ കഴിയുന്ന കർലോട്ടി ഗതകാലപ്രൗഢിയെ വിട്ടുകളയുന്നില്ല. ഭവനങ്ങളിൽ സൂക്ഷിക്കുന്ന രജപുത്രഭരണകാലത്തിന്റെ അഭിരതി കർലോട്ടിയിലെ മനസ്സുകളെയും ഭരിക്കുന്നതായി അനിത അറിയുന്നുണ്ട്. ജലക്ഷാമത്തിനൊപ്പം ജാതിചിന്തയും കർലോട്ടിയുടെ സ്വഭാവമാണ്. തങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ദലിതർ പാചകം ചെയ്യുന്നതിനെതിരെ എഴുതണമെന്ന ശുപാർശയുമായി വന്ന രണ്ട് വീട്ടമ്മമാരുടെ കഥ അനിത വിവരിക്കുന്നുണ്ട്. അതേസമയം മനുഷ്യർക്കുള്ള ഈ ജാതിചിന്ത ദൈവങ്ങൾക്കില്ലെന്നും എല്ലാ സമുദായ ദൈവങ്ങളും സഹവർത്തിത്വത്തോടെ കഴിയുന്ന പൊതു ആരാധനാസ്ഥലങ്ങൾ കർലോട്ടിയിലുണ്ടെന്നും അനിത കാട്ടിത്തരുന്നു. ഇരുപതുവർഷത്തിനിടെ മഴയുടെ ലഭ്യതയിൽ വന്ന കുറവാണ് അയൽനാട്ടുകളിൽ നിന്ന് വെള്ളം ശേഖരിക്കൽ കർലോട്ടിയുടെ ദിനചര്യയാക്കിയത്. പുലർച്ചെ നാലുമണി മുതൽ വെള്ളം തേടികൊണ്ടുവരലും കന്നുകാലി പരിപാലനവും കൃഷിയും ചെയ്തും അധ്വാനിച്ച ജീവിക്കുന്നതാണ് കർലോട്ടിയുടെ ആരോഗ്യവും സൗന്ദര്യവും എന്ന് ലേഖിക ഉറപ്പിക്കുന്നു.

നാട്ടുകാർതന്നെ ഒരുക്കിക്കൊടുത്ത താമസസൗകര്യത്തിൽ ഒപ്പമുണ്ടായിരുന്ന മൂന്ന് പുരുഷസുഹൃത്തുക്കൾക്കൊപ്പം ഒരേ മുറിയിൽ ഒരാഴ്ച കഴിഞ്ഞതിനെ അനിത കേരളവുമായി തട്ടിച്ചുനോക്കിയാണ് വിലയിരുത്തുന്നത്. കേരളത്തിലാണെങ്കിൽ ഇത്തരമൊരു സാഹചര്യം കൊണ്ടുണ്ടാകാവുന്ന സദാചാരകോലാഹലങ്ങളെ ലേഖിക ഊഹിക്കുന്നുണ്ട്. അവിടെ ആതാർക്കും ഒരു പ്രശ്നമേ ആകുന്നില്ല. ആൺ-പെൺ ബന്ധങ്ങളിലെ ഈ തുറവി ആ ഗ്രാമീണതയുടെ മറ്റൊരു സൗന്ദര്യമാകാം. സ്വന്തം നാടെന്ന മമതാബന്ധമാണ് കർലോട്ടി നൽകിയെന്നെഴുതാൻ അനിത മടിക്കുന്നില്ല.

## ലങ്ക നൽകിയ അശാന്തി

'തമിഴത്തി ' എന്ന ഐഡന്റിറ്റിയിൽ ഇ.കെ.ശാന്ത നടത്തിയ ശ്രീലങ്കൻ യാത്രയുടെ അനുഭവങ്ങളും അസ്വാസ്ഥ്യങ്ങളുമാണ് 'ശ്രീലങ്ക എന്ന കണ്ണുനീർത്തുള്ളി'. പതിനാലു ദിവസത്തെ കൊളംബോയിലെ ജീവിതം നൽകിയ അനുഭവങ്ങൾ വായിച്ചറിഞ്ഞതിനെക്കാൾ തീവ്രമായിരുന്നെന്നും യാത്രകൾ



പൊതുവേ വിസ്മയങ്ങളായി കരുതുന്ന തനിക്ക് ശ്രീലങ്കൻ യാത്ര സമ്മാനിച്ചത് കുറെ അസ്വസ്ഥതകളായിരുന്നു എന്നുമാണ് ശാന്ത എഴുതുന്നത്.

അവരുടെ നാട്ടിൽ കുടിയേറിപ്പാർത്ത് അവരുടെ സമാധാനം നശിപ്പിക്കുന്ന, അവർക്കവകാശപ്പെട്ട ജോലികൾ തട്ടിയെടുക്കുന്ന തമിഴരുടെ ഒരു പ്രതിനിധിയായി സംശയത്തോടെയും സൗഹൃദമില്ലാതെയും ഏറ്റുവാങ്ങേണ്ടി വന്ന നോട്ടങ്ങൾ നൽകിയ അലോസരം ശാന്ത തുറന്നെഴുതുന്നു. സുരക്ഷാപരിശോധനകളുടെ ആവർത്തനത്തിലെ മുഷിച്ചിലും ചെറുതല്ല. വംശീയപ്രശ്നങ്ങൾ രാഷ്ട്രീയപ്രശ്നങ്ങളായി മാറുകയും അത് മറ്റ് ചിലർ മുതലെടുക്കുകയും ചെയ്യുക എന്ന ആഭ്യന്തരസംഘർഷാവസ്ഥ ശ്രീലങ്കയെ നിരന്തരം വേട്ടയാടുന്നു. താമസസ്ഥലത്തുനിന്ന് ട്രെയിനിംഗ് ആസ്ഥാനത്തേക്ക് കണ്ടെത്തിയ കാൽനടവഴിയിലെ തടഞ്ഞുനിർത്തലും ചോദ്യം ചെയ്യലും നെറ്റിയിലെ ചുവന്ന വലിയപൊട്ട് എന്ന തമിഴ് സ്വത്വചിഹ്നത്തിന്റെ കൂടി ഫലമാണെന്ന സുഹൃത്തിന്റെ അഭിപ്രായം പോലും ദേശം-സ്വത്വം എന്ന ദ്വന്ദ്വാത്മക ചിഹ്നവ്യവസ്ഥയുടെ ദൃഢമൂലധാരണകളെയാണ് സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ട്രെയിനിംഗിനെത്തുന്ന ശ്രീലങ്കൻ പൊലീസ്സംഘത്തിനൊപ്പമുള്ള മടക്കയാത്ര നൽകിയ അശാന്തി വേറെയും. ആതിഥേയകുടുംബത്തിലെ അന്തരീക്ഷം മാത്രമാണ് ശ്രീലങ്കൻ യാത്രയിലെ ഒരു നല്ല ഓർമ്മയായി ലേഖിക അവതരിപ്പിക്കുന്നത്.

## വട്ടവടയും സൈലന്റ് വാലിയും– രണ്ട് പ്രകൃത്യനേഷണങ്ങൾ

ഇടുക്കിയിലെ വട്ടവടയിൽ നീലക്കുറിഞ്ഞി പൂത്തെന്നു കേട്ട് പുറപ്പെട്ട യാത്ര പക്ഷേ നീലക്കുറിഞ്ഞിയുടെ ഇല്ലായ്മയിലേക്കാണ് മൈന ഉമൈബാനെ കൊണ്ടുപോയത്. ‘ നീലക്കുറിഞ്ഞിയുടെ നഷ്ടം’ അതാണ് പറയുന്നത്.

പൂത്തുനില്ക്കുന്ന കുറിഞ്ഞിപ്പൂക്കൾക്കു പകരം തളിർക്കാതെ പോയ ജീവിതങ്ങളും കടുത്ത പാരിസ്ഥിതിക ആഘാതം ഏറ്റുവാങ്ങിയ മലനിരകളുമാണ് മൈന കണ്ടത്; അറിഞ്ഞത്. തണുപ്പും വിശപ്പും മാറ്റാൻ വലയുന്ന മനുഷ്യന്റെ നേർക്കാഴ്ചയാണ് മൈനയുടെ എഴുത്ത്.

സൈലന്റ്‌വാലി മലനിരകളിലേക്കുള്ള യാത്രയിൽ ആത്മീയനിർവൃതിയും പ്രകൃതിയുമായുള്ള പാരസ്പര്യവും അറിഞ്ഞതാണ് റോസി തമ്പിയുടെ അനുഭവം. കാട്ടിലേക്കുള്ള ഓരോ യാത്രയേയും തീർത്ഥാടനമായി കാണുന്ന റോസി തമ്പി മല ചവിട്ടിക്കയറി ആത്മശുദ്ധി വരുത്തലാണ് നമ്മുടെ പൈതൃകം എന്നും കരുതുന്നു. റോസി തമ്പിയുടെ ലോക-ജീവിത വീക്ഷണങ്ങളിലെ അതിഭൗതികതയും, ആത്മീയതയും വളരെ കൃത്യമായി അവരുടെ എഴുത്തിലും പ്രതിഫലിക്കുന്നു. പാരിസ്ഥിതിക രാഷ്ട്രീയത്തെ സൂചിപ്പിക്കുകയും സൈലന്റ്‌വാലി പ്രക്ഷോഭചരിത്രത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്ന ഈ യാത്രാവിവരണം പിന്നീട് പ്രകൃതിയും കാടുമായി താദാത്മ്യം പ്രാപിക്കുന്ന ഒരു യാത്രികയുടെ മാനസികാനന്ദത്തിലേക്ക് വഴി മാറുന്നു. കാല്പനികവും മിസ്റ്റിക്കുമായ അനുഭൂതിതലങ്ങളിലൂടെ സഞ്ചരിക്കുന്ന യാത്രികന്റെ വൈകാരികാവേഗങ്ങളെ ചോർന്നുപോകാതെ വാക്കുകളിലേയ്ക്ക് പകരുകയും ചെയ്യുന്നു. പ്രകൃതിയിൽ ഈശ്വരന്റെ പ്രതിച്ഛായ കാണുമ്പോഴാണ് ഓരോ യാത്രയും സാർത്ഥകമാകുന്നതെന്ന തിരിച്ചറിവിലാണ് ലേഖിക തന്റെ കുറിപ്പ് ഉപസംഹരിക്കുന്നത്.

## കടലിലേയ്ക്ക്

വേറിട്ടൊരു യാത്രാനുഭവമാണ് പത്മാ ജയരാജിന്റെ ‘കടലിലേയ്ക്ക്’. ഇത് ആത്മ നിഷ്ഠമായൊരു അനുഭവത്തിന്റെ ആഖ്യാനവുമാണ്. പ്രകൃതിയുടെ മറ്റൊരു പാഠമാണ് കടൽ എന്നെഴുതുന്ന പത്മ തന്റെ എഴുപതാം വയസ്സിൽ നടത്തിയ കടൽ യാത്രയുടെ വിശേഷങ്ങളും അനുഭവങ്ങളും കാഴ്ചകളുമാണ് ഈ ലേഖനത്തിൽ പങ്കിടുന്നത്. ഗൈഡിന്റെ കൈ പിടിച്ച് ആഴങ്ങളിലേക്ക് ഊളിയിടുന്നതിനിടയിൽ, കടലിന്റെ ഭ്രമാത്മകത ആസ്വദിക്കുന്നതിനിടയിൽ അനുഭവപ്പെട്ട ശ്വാസതടസ്സവും അസ്വസ്ഥതയും

ആ യാത്രയെ അർദ്ധവിരാമത്തിൽ നിർത്തി.

## നീ പെണ്ണാകുന്നു!

യാഥാർത്ഥ്യവും ഫാന്റസിയും കൂടിക്കലർന്ന കഥാത്രപത്തിലുള്ള എഴുത്താണ് സംപ്രീതയുടേത്. എന്നാൽ ഒറ്റയ്ക്കുള്ള പെൺയാത്രക ളിലെ കാഴ്ചകൾ, നോട്ടങ്ങൾ, ധാര ണകൾ ഇതെല്ലാം പല പല അവ സരങ്ങളിൽ അറിയേണ്ടി വന്നിട്ടു ണ്ടെന്ന് സംപ്രീതയുടെ എഴുത്തിൽ തെളിയുന്നു. എല്ലാറ്റിനുമപ്പുറം സ്ത്രീ സ്ത്രീയാണെന്ന വല്ലാത്തൊരു ബോ ധ്യത്തിലേയ്ക്ക് സംപ്രീതയെ എത്തിച്ച അനുഭവമാണ് മോഹിനിയാട്ട ത്തി ന്റെ അവശേഷിച്ച ചമയങ്ങളെ അടയാളമാക്കി വഴിയിൽക്കണ്ട സുന്ദരി തന്നോട് "പുരുസ്സാ? " എന്നു ചോദിച്ച ചോദ്യം . ആരൊ ക്കെയോ തീരുമാനിച്ച 'അ'സമയ ങ്ങൾ പെൺയാത്രകൾക്ക് അനു ചിതമെന്ന പൊതുബോധത്തെ മറികടക്കാൻ ഇത്തരം ഇറങ്ങി നടത്തങ്ങൾ കൊണ്ടേകഴിയൂ എന്നുപോലും സംപ്രീതയുടെ എഴു ത്ത് ഓർമ്മിപ്പിക്കുന്നു. ഒരുപക്ഷേ, ഇത്തരം പെൺയാത്രകളാകാം കുലീനസ്ത്രീ/യക്ഷി സങ്കല്പങ്ങൾക്കി ടയിലെ അതിർവരമ്പുകളെ മായ്ച്ചു കളയുന്നതും.

## എൽസി കണ്ട ക്യൂബ

ക്യൂബയിലെ വിശേഷങ്ങളാണ് എൽസി താരമംഗലത്തിന്റെ 'ക്യൂ ബൻ മണ്ണിൽ'. ക്യൂബയിലെ ജന സംഖ്യ, തൊഴിൽ,കൃഷി രീതികൾ എല്ലാം അവർ വിവരിക്കുന്നുണ്ട്. ഓർഗാനിക് ഫാമിംഗ്, അർബൻ ഫാമിംഗ് മേഖലകളിലെ മുന്നേറ്റ ത്തെയും ചൂണ്ടിക്കാട്ടുന്നു. ക്യൂബൻ തലസ്ഥാനമായ ഹവാനയിൽ കണ്ട പുരാതനത്വം മുറ്റിനിൽക്കുന്ന കെട്ടിടങ്ങളും നിശാക്ലബ്ബുകളും സംഗീതവും യാത്രികരുടെ ശ്രദ്ധ യാകർഷിക്കുന്നതത്രേ. ഏണസ്റ്റ് ഹെമിംഗ്‌വേയും ഫിഡൽ കാ സ്ട്രോയും തമ്മിലുള്ള പരിചയ പ്പെടലും ക്യൂബൻ ദേശീയകവി ഹൊസെമാർട്ടിയുടെ സ്മാരകം കണ്ടതിന്റെ അനുഭവവും ലേഖിക വിശദീകരിക്കുന്നു. കാഴ്ചയുടെയും കേൾവിയുടെയും വസന്തം തീർക്കു ന്നതായിരുന്നു എൽസിക്ക് ക്യൂബാ സന്ദർശനം.

## പട്ടു നെയ്യുന്ന പട്ടിണികൾ

'പെൺയാത്ര'യുടെ എഡിറ്റർ കൂടി കെ.വി.സുമംഗലയുടെ കാഞ്ചീപുരം യാത്രയാണ് കൃതിയുടെ ഒടുവിൽ. നൂറ്റാണ്ടുകളുടെ ചരിത്രമുള്ള കാഞ്ചീ പുരത്തിന്റെ ആ ഗതകാലപ്രൗഢി യുടെ അവശേഷിപ്പുകൾ പൈതൃ കസൂചനകളായി നിലനിൽക്കുന്ന നെയ്ത്തുഗ്രാമം. സ്വപ്നസമാനമെന്ന് വിശേഷിപ്പിക്കുന്ന പട്ടുവസ്ത്രങ്ങളു ടെ പറുദീസയാണ് കാഞ്ചീപുരം. എന്നാൽ ഈ സ്വപ്നങ്ങൾ നെയ്തെടുക്കുന്നവരാകട്ടെ സ്വ പ്നം കാണാൻ പോയിട്ട് മര്യാ ദയ്ക്കൊന്ന് ജീവിച്ചുതീർക്കാൻ പോലും നിവൃത്തിയില്ലാത്തവർ. കാഞ്ചീപുരത്തെ നെയ്ത്തുതൊഴിൽ ശ്രേണിയുടെ അശാസ്ത്രീയതമൂലം വേണ്ട വരുമാനം ലഭിക്കാതെ പട്ടിണിയിൽ കഴിയുന്ന നെയ്ത്തുകുടും ബങ്ങൾ സുമംഗലയുടെ എഴുത്തിൽ തെളിഞ്ഞ് വേദനിപ്പിക്കുന്നു. സാങ്കേതികപരിജ്ഞാനവും സൗ ന്ദര്യബോധവും അങ്ങേയറ്റം ആവ ശ്യമുള്ള ഈ കരകൗശലവിദ്യയ്ക്ക് ചിലവും കൂടുതലാണ്. എന്നാൽ ചുരുങ്ങിയ ചിലവിൽ യന്ത്രങ്ങളിലൂ ടെ നെയ്തെടുക്കുന്ന കൃത്രിമപ്പട്ട് പ്ര ചരിക്കുന്നതോടെ ശാസ്ത്രീയമായൊ രു സാങ്കേതികവിദ്യയാണ്, ഒരു ഗ്രാമത്തിന്റെ കൈത്തൊഴിലാണ് അദൃശ്യമായേക്കാവുന്നത്. ചെറിയ പെട്ടിക്കടകൾ പോലുള്ള പട്ടുവില്പ നശാലകളും നെയ്ത്തിനാവശ്യമുള്ള സാധനങ്ങൾ നൽകുന്നതിനും വില്പനയ്ക്ക് സഹായിക്കുന്നതിനു മായുള്ള സൊസൈറ്റികളും കാ ഞ്ചീപുരത്തിന്റെ സജീവതയാണ്. എന്നാൽ നെയ്ത്തുകുടുംബങ്ങളുടെ പട്ടിണി മാറ്റാൻ ഈ സംരംഭങ്ങൾ ക്കൊന്നും സാധിക്കുന്നില്ലെന്ന വസ്തുതയാണ് സുമംഗലയുടെ കാ ഞ്ചീപുരം യാത്ര നൽകുന്ന പാഠം.

## യാത്രയ്ക്കൊടുവിൽ

കാഴ്ചയെ എഴുത്തിലേയ്ക്കു പകരുന്ന മൊഴിമാറ്റമാണ് ഓരോ യാത്രാ വിവരണവും. നോട്ടത്തിന്റെ സൂ ക്ഷ്മതയും വൈകാരികതയുടെയും യാഥാർത്ഥ്യബോധത്തിന്റെയും സുഘടിതമായ കൂടിച്ചേരലും ഈ ഓരോ യാത്രയെഴുത്തിനെയും വേ റിട്ട വായനാനുഭവമാക്കുന്നു. ചില പ്രശ്നബാധിതപ്രദേശങ്ങളിലെ വെല്ലുവിളി നിറഞ്ഞ യാത്രാനുഭവ ങ്ങൾ ഈ പുസ്തകം നൽകുമ്പോഴും ഓരോ എഴുത്തും ഊന്നുന്നത് അതത് കാഴ്ചവട്ടങ്ങളിൽ തെ ളിയുന്ന ജീവിതങ്ങളെയാണ്. പല രചനകളും പെൺമയെയും പ്രകൃതിയെയും സവിശേഷമായി കണ്ടെടുക്കുന്നുണ്ട്. എന്നാൽ 'പെൺയാത്ര'യുടെ ആകെത്തുക സ്വത്വരാഷ്ട്രീയം ഉറപ്പിക്കലല്ലാ യെന്നും പറഞ്ഞുകൊള്ളട്ടെ. രാഷ്ട്രീയം-സാമ്പത്തികം-മതം -ജാതി-തൊഴിൽ-വിദ്യാഭ്യാസം തുടങ്ങിയ പൊതുമണ്ഡലങ്ങളെയും മനുഷ്യബന്ധങ്ങൾ, കുടുംബസ ങ്കല്പം,ഭക്ഷണം തുടങ്ങിയ ആഭ്യ ന്തര(?)വ്യവഹാരങ്ങളെയും അർ ഹിക്കുന്ന ഗൗരവത്തോടെ ഓരോ എഴുത്തും ചർച്ചചെയ്യുന്നു.ഒരു ദേശം കേവലം ബാഹ്യമായൊരു കൗതു കക്കാഴ്ചയല്ലെന്ന തികഞ്ഞ തിരി ച്ചറിവ് ഓരോ വിവരണത്തിലും മു റ്റിനിൽക്കുന്നു. മനുഷ്യാവസ്ഥയുടെ നിസ്സഹായത,അസ്വാതന്ത്ര്യം,ദാ രിദ്ര്യം ഇതെല്ലാം വല്ലാത്ത അസ്വ സ്ഥതയോടെയാണ് എഴുത്തിൽ പ്രകടമാകുന്നത്. അതേസമയം ലിംഗസമത്വവും സദാചാരബോധ ത്തിലെ വൈവിധ്യവും സ്ത്രീ മുന്നേറ്റ ങ്ങളും പല വിവരണങ്ങളിലും പ്രാ ധാന്യത്തോടെ കടന്നുവരുന്നുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലും അധികാരികളും ജനങ്ങളും തമ്മിലു ള്ള അന്തരത്തെ, ഓരോ ദേശത്തി ന്റെയും ചരിത്ര-സംസ്കാരങ്ങളെ, അവയുടെ അവശിഷ്ടങ്ങളെ എല്ലാം കണ്ടെടുക്കാനും അതിലൂടെ ഒരു ദേ ശത്തിന്റെ ഭൂത-വർത്തമാനങ്ങളെ കോർത്തിണക്കി ആഖ്യാനം ചെ യ്യാനും ശ്രമിക്കുന്നവയാണ് 'പെൺ യാത്ര'യിലെ മിക്ക രചനകളും. കാഴ്ചയുടെ കർതൃസ്ഥാനത്തിൽ അഭിരമിക്കുകയോ അതിനെ ആഘോഷിക്കുകയോ അല്ല മറിച്ച്, കാഴ്ച എന്ന സാംസ്കാരികപ്രക്രി യയെ കാഴ്ചക്കാരിയുടെ സ്വത്വവു മായിച്ചേർത്ത് യാത്രാരചനയെ, വായനയെയും പുതുക്കുകയാണ് 'പെൺയാത്ര'.

# ലളിതാംബികയുടെ മാനസപുത്രിമാർ

**ഡോ. വന്ദന ബി.**
എൻ.എസ്.എസ്. വനിതാ
കോളേജ്, നിറമൺകര



മലയാളത്തിൽ പെൺകഥകൾ രൂപം കൊള്ളുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയായിരുന്നു. ശാരദ, ലക്ഷ്മീഭായി എന്നീ മാസികകൾ സ്ത്രീകളുടെ മുൻകൈയ്യിൽ ആരംഭിക്കുകയും ചെറുകഥകൾ കൂടുതലായി ലക്ഷ്മീഭായിയിൽ പ്രസിദ്ധീകൃതമാവുകയും ചെയ്യു. ഡോ.എം.എം ബഷീറിന്റെ നിരീക്ഷണമനുസരിച്ച്, സാഹിത്യരംഗത്ത് പുരുഷന്മാരെപ്പോലെ തങ്ങളും കെൽപ്പുള്ളവരാണെന്ന് അവർതെളിയിച്ചു. (2004 : ) കഥകളിലൂടെയും കവിതകളിലൂടെയും നോവലിലൂടെയും സാഹിത്യലോകത്ത് സ്ത്രീക്ക് പറയാനുള്ള കാര്യങ്ങൾ പറയുകയും അതുവഴി സമൂഹത്തിൽ വലിയ നവോത്ഥാനത്തിനും കാരണമാക്കാനും കഴിഞ്ഞ എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. സ്ത്രീ ജീവിതത്തിന് അടക്കിപിടിക്കേണ്ടതായ ലോകസാഹചര്യങ്ങളാണ് മുന്നിലുള്ളത്. എന്നൊരു തിരിച്ചറിവിന്റെയും വിളിച്ചു പറയലിന്റെയും ഭാഷ ആവിഷ്ക്കരിക്കാൻ അന്തർജ്ജനത്തിന് കഴിഞ്ഞു.

കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഭാഗമായി വരുന്ന സാമുദായികതയുടെ അടരുകളും പ്രശ്നങ്ങളും ഇവരുടെ കൃതികളിൽ സത്യസന്ധമായി കടന്നു വരുന്നുണ്ട്. ചുറ്റുമുള്ള സാമൂഹ്യവസ്ഥകളെ ചൂണ്ടിക്കാണിക്കുക മാത്രമല്ല, അവയെ മാറ്റിതീർക്കുന്നതിനെക്കുറിച്ച് ആലോചിക്കുക കൂടിയാണ് ലളിതാംബിക അന്തർജ്ജനം. സങ്കീർണ്ണമായ ജീവിതാവസ്ഥ ചിത്രീകരിക്കുമ്പോൾ കഥാകാരിയുടെ ഉള്ളിൽ നമ്പൂതിരി സമുദായത്തിൽപ്പെട്ട സ്ത്രീകളുടെ ദുരവസ്ഥ മാത്രമല്ല ഉണ്ടായിരുന്നത്. പൊതു സമൂഹത്തിൽ സ്ത്രീ സ്വത്വം നേരിടുന്ന വെല്ലുവിളികളോടുള്ള പ്രതികരണം എന്ന നിലയിലാണ്



ഇത്തരം കഥകളെ കാണേണ്ടത്. ജീവിതത്തിന്റെ മധുരം നുകരേണ്ട കാലത്തു മുഴുവൻ ദുരിതങ്ങളുടെ കാണാക്കയങ്ങളിൽ ഉഴലേണ്ടി വന്ന പാപ്പി മരിച്ചു കിടക്കുന്നതു കണ്ട് ആളുകൾ സ്തുതിക്കുകയാണ്ടായി. "പാപ്പി ഭാഗ്യവതിയാണ്, താലിയോടെതന്നെ മരിച്ചല്ലോ". വിധവകൾ സമൂഹത്തിൽ അനുഭവിക്കേണ്ടിവരുന്ന നരകതുല്യമായ ജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ സുമംഗലിയായി പട്ടടപൂൽകാൻ കഴിയുന്നത് ഭാഗ്യമായിരിക്കാം. എന്നാൽ മരണം പോലും ഭാഗ്യം എന്ന് പറയേണ്ടിവരുന്ന അവസ്ഥയിൽ സ്ത്രീ ജീവിതങ്ങൾ അധഃപതിക്കേണ്ടി വരുന്നത് വൈരുധ്യമാണ്.

പവിത്രമോതിരം, പുരുവിന്റെ അമ്മ എന്നീ കഥകളിൽ സ്ത്രീയുടെ നിശ്ചയദാർഢ്യത്തിന്റെ വ്യത്യസ്ത മുഖങ്ങൾ അവർ അവതരിപ്പിക്കുന്നുണ്ട്. സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന അവഗണനകളിലേയ്ക്ക് എഴുത്തുകാരി വിരൽ ചൂണ്ടുന്നു. ഉണ്ണീടെ ഉണ്ണിയുടെ കൈയ്യിൽ അവന്റെ ഉണ്ണിക്കു സമ്മാനിക്കാനുള്ള പവിത്രമോതിരം ഏൽപ്പിക്കാനുള്ള വ്യഗ്രതയിൽ കഴിയുന്ന ചിറ്റശ്ശിയുടെ ചിത്രം കഥാകാരി അവതരിപ്പിക്കുന്നുണ്ട്. ദേവയാനിയുടെ അധികാര ശക്തിയെ പ്രണയവും സൗമ്യതയും നിശ്ചയദാർഢ്യവും കരുത്തും കൊണ്ട് തോൽപ്പിക്കുന്ന ശർമ്മിഷ്ഠയെയാണ് പുരുവിന്റെ അമ്മയിൽ നാം കാണുന്നത്. വൈവിധ്യമാർന്ന കഥാപാത്രങ്ങളിലൂടെ സ്ത്രീസ്വത്വത്തെക്കുറിച്ചുള്ള അന്വേഷണമാണ് അന്തർജ്ജനം നടത്തുന്നത്. പുരാണപ്രസിദ്ധമായ ഇതിവൃത്തങ്ങൾ പ്രയോജനപ്പെടുത്തി സ്ത്രീ സ്വാതന്ത്ര്യത്തിന്റെ വിശാല ഭൂമികയിലേയ്ക്ക് വായനക്കാരെ അന്തർജ്ജനം കൂട്ടികൊണ്ടു പോകുന്നു.

ധീരേന്ദു മജുംദാരുടെ അമ്മ എന്ന കഥയിലെ നായിക സമരവീര്യത്തിന്റെ പ്രതീകമാണ്. ബംഗാൾ വിഭജനത്തിന്റെ പശ്ചാത്തലത്തിൽ രചിച്ച ഈ കഥ സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള ഓർമ്മകൾ ഉണർത്തുന്നു. സ്ത്രീകളുടെ ഉയർത്തെഴുന്നേൽപ്പുകളെക്കുറിച്ചാണ് പല കഥകളിലും പറയാൻ ശ്രമിക്കുന്നത്. കൊടും കാറ്റിൽ നിന്ന് എന്ന കഥയിൽ മേഴ്സി എന്ന സാധു പെൺകുട്ടിക്കുണ്ടായ പരിണാമമാണ് ചിത്രീകരിക്കുന്നത്. 'മാൻ പേടയ്ക്ക് പെൺപുലിയായി മാറാമെന്ന് അവസാനം ഞാൻ തെളിയിച്ച്', എന്ന് മേഴ്സി പറയുന്നുണ്ട്. ആഭ്യന്തരവും ബാഹ്യവുമായ പാരതന്ത്ര്യങ്ങളോടുള്ള ഏറ്റുമുട്ടലുകൾ ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിൽ കാണാം. സാമൂഹികമായ വിലക്കുകൾക്കൊപ്പം വൈകാരികമായ നിയന്ത്രണങ്ങളും ഇവിടെ പ്രശ്നവൽക്കരിക്കപ്പെടുന്നു. ചരിത്രത്തിന്റെ ഒരു പരിവർത്തനഘട്ടം അടയാളപ്പെടുത്തപ്പെടുന്ന ഈ കഥകൾ കേരളീയരുടെ വൈകാരിക പരിണാമത്തിന്റെ ആഖ്യാനംകൂടെയാണ്. വർത്തമാനകാല സാമൂഹ്യാവസ്ഥകളെയും ഭാവിപ്രതിസന്ധികളെയും സർഗ്ഗാത്മകമായി ആവിഷ്ക്കരിക്കുന്ന കഥകൾ ലളിതാംബിക അന്തർജ്ജനം ആവിഷ്കരിച്ചു. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും മനുഷ്യാവസ്ഥയുടെ സങ്കീർണ്ണതകളെക്കുറിച്ചും ചർച്ച ചെയ്യുന്നുമുണ്ട്.

"സാമുദായിക നവോത്ഥാനത്തിൽ നിന്ന് സാമൂഹിക പരിവർത്തനത്തിലേയ്ക്കും രാഷ്ട്രീയ ജാഗ്രതയിലേക്കും പാരിസ്ഥിതികാവബോധത്തിലേക്കും പ്രമേയങ്ങൾ പടർന്നു ചെല്ലുന്നു". (ലളിതാംബിക അന്തർജ്ജനം, 2003 : 10). മനുഷ്യപുത്രി എന്ന കഥയിൽ നമ്പൂതിരി സമൂഹങ്ങൾക്കു സംഭവിച്ചിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി വരച്ചു കാട്ടുന്നുണ്ട്. മാറി വന്ന സാഹചര്യത്തിൽ നമ്പൂതിരി സമൂഹങ്ങൾക്കു വിള്ളലുണ്ടായതിന്റെ സൂചനകൾ കഥയിൽ കാണാം. "പതിനെട്ടാം നൂറ്റാണ്ടിൽ നിന്നു കടന്നു വന്ന ഒരു കഥാപാത്രത്തെപോലെ അവർ ആ വലിയ മുറിയുടെ മൂലയ്ക്ക് പതുങ്ങി നിന്നു". (ലളിതാംബിക അന്തർജ്ജനം, 2003 : 72). മറക്കുടയും സംബന്ധവും ഭ്രഷ്ടും പ്രവർത്തിച്ച മാഞ്ഞുപോയ സമൂഹത്തിൽ നമ്പൂതിരി സ്ത്രീകളുടെത്, പഴയ അവസ്ഥയുടെതിന്റെ തുടർച്ചമാത്രമാകണമെന്ന് കഥാകാരി വ്യക്തമാക്കുന്നു. സാമൂഹിക നവോത്ഥാനത്തിന്റെയും കേരളത്തിന്റെ ജനാധിപത്യ ഗവൺമെന്റുകളുടെയും വിജയം നമ്പൂതിരി കുടുംബങ്ങളെ ക്ഷയിപ്പിച്ചു എന്നും അതിന്റെ പരാജയപ്പെട്ട പ്രതിനിധിയാണ് താനെന്നും ഈ കഥയിലെ സ്ത്രീകഥാപാത്രം കരുതുന്നു. നമ്പൂതിരി ഇല്ലങ്ങളുടെ സഹായത്താൽ ജീവിച്ചവരും സഹായികളുമായി വർത്തിച്ചവരുമായവർ നവോത്ഥാന ഘട്ടത്തോടെ കൂടുതൽ പ്രബലരായിത്തീരുകയും അവർ തകർന്ന തറവാടുകളെ പരിഗണിക്കാതിരിക്കുകയും ചെയ്യുവെന്ന് കഥാപാത്രം സ്മരിക്കുന്നുണ്ട്. കേരളത്തിന്റെ സാമൂഹ്യഘടനയിൽ സംഭവിച്ച ഭ്ര

വിനിമയ നിയമങ്ങളെ പ്രധാനമായും കഥാപാത്രം ലക്ഷ്യമിടുന്നുണ്ട്. ജന്മിത്വം തകർക്കണം എന്ന് ഉറച്ചു വിളിച്ചിരുന്ന അയാൾക്ക് തൊണ്ട ഇടറി. ആരും തകർക്കാതെ തന്നെ അതു തകർന്നിരിക്കുന്നു. (2003 : 75) സ്ത്രീ സ്വത്വത്തിലേയ്ക്കും സ്ത്രീ സ്വാതന്ത്ര്യത്തിലേക്കും നവോത്ഥാനത്തിലേക്കും പരിവർത്തനപ്പെടുന്ന അന്തർജ്ജനത്തിന്റെ കഥകൾ കേരളത്തിന്റെ സാമുദായിക വിഷയങ്ങളെ കഥയ്ക്ക് വിഷയമാക്കി കൊണ്ട് മുന്നോട്ടു നീങ്ങി. കണ്ടും കേട്ടും അനുഭവിച്ചും ഉള്ളിൽ തട്ടിയവയിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് മിക്കവാറും കഥകൾ രൂപം കൊണ്ടിട്ടുള്ളത് എന്ന് അന്തർജ്ജനം പറയുന്നുണ്ട്.

കാവ്യരചനയിലൂടെയായിരുന്നു ലളിതാംബിക അന്തർജ്ജനം സാഹിത്യലോകത്തിലേയ്ക്ക് കടന്നുവരുന്നത്. പിന്നീട് അനേകം ചെറുകഥകളും നാടകങ്ങളും, ലേഖനങ്ങളും അഗ്നിസാക്ഷിയും ആത്മകഥയ്ക്ക് ഒരു ആമുഖവും രചിച്ചു. ടാഗൂറിന്റെ , വീട്ടിലും പുറത്തും എന്ന നോവലിനെ അനുകരിച്ചെഴുതിയ ഒരു നോവലാണ് താനാദ്യമെഴുതിയതെന്ന് അന്തർജ്ജനം തന്റെ ആത്മകഥയിൽ വെളിപ്പെടുത്തുന്നുണ്ട്. (1973: 52) എന്നാൽ അത് പ്രസിദ്ധീകരിക്കപ്പെട്ടില്ല. മലയാളരാജ്യം ചിത്രവാരികയിലെ യാത്രാവസാനം എന്ന കഥയാണ് ആദ്യം പ്രസിദ്ധീകരിച്ചത്. അതേ കാലയളവിൽ തന്നെയാണ് ശാരദ എന്ന മാസികയിൽ അഭിനവ പാർത്ഥസാരഥി എന്ന ലേഖനവും പ്രസിദ്ധീകരിച്ചത്. മൂടുപടത്തിൽ, പ്രതികാരദേവത, കുറ്റസമ്മതം, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, കിളിവാതിലിലൂടെ, കാലത്തിന്റെ ഏടുകൾ, വിധിബലം തുടങ്ങി അനേകം കഥകൾ.... ആയിരത്തിരി, ശരണമഞ്ജരി, ഭാവദീപ്തി തുടങ്ങിയ കവിതകളും രചിക്കുകയുണ്ടായി. പുരാണസ്ത്രീ കഥാപാത്രങ്ങളെക്കുറിച്ചുള്ള പഠനഗ്രന്ഥമായ സീത മുതൽ സത്യവതിവരെ, ഒപ്പം പുനർജ്ജന്മം, വീരസംഗീതം തുടങ്ങിയ നാടകങ്ങളും കുഞ്ഞോമന, ഗോസായി പറഞ്ഞകഥ, തേൻതുള്ളികൾ, ഗ്രാമബാലിക തുടങ്ങി അനേകം ബാലസാഹിത്യകൃതികളും അന്തർജ്ജനം രചിക്കുകയുണ്ടായി.



ശോകമനുഭവിക്കുന്ന നമ്പൂതിരി സ്ത്രീകളാണ് അന്തർജ്ജനത്തിന്റെ മിക്ക കഥകളിലെയും കഥാപാത്രങ്ങൾ. ഒരു കാലഘട്ടത്തിന്റെ ശബ്ദം ഘനീഭവിച്ചു നിൽക്കുന്നവയാണ് ആ കഥകൾ. വേദനയനുഭവിക്കുന്ന മനുഷ്യാത്മാക്കളോടു സഹാനുഭൂതിയും പിന്തുണയും പ്രകടിപ്പിക്കുന്നവയായിരുന്നു അന്തർജ്ജനത്തിന്റെ കൃതികൾ. സ്വന്തം പ്രയത്നത്തിലൂടെ സ്ത്രീ സ്വയം ഉയരണമെന്നുള്ള ഗാന്ധിയൻ സിദ്ധാന്തത്തെ സ്വ ജീവിതത്തിലൂടെ തെളിയിച്ച കരുത്തുറ്റ സാഹിത്യകാരിയായിരുന്നു അവർ. (സത്യപ്രകാശം, എം.പ്രൊഫ,1987 : 124) അന്തർജ്ജനം അധികവും ആവിഷ്കരിക്കുന്ന ലോകം അവർ കൂടി പങ്കിട്ടതാണ്. സ്വന്തം സമുദായത്തിന്റെ കെട്ടുപാടുകൾ മറന്ന്, ഉപേക്ഷിക്കേണ്ടവ ഉപേക്ഷിച്ച് ഒരു സ്ത്രീയ്ക്ക് സാംസ്കാരികമേഖലകളിൽ എങ്ങനെ ഉയരാൻ കഴിയുമെന്നു തന്റെ ജീവിതം കൊണ്ട് അവർ വ്യക്തമാക്കി. ~ ഒരന്തർജ്ജനം സാമൂഹിക ജീവിതത്തിന്റെ പടവുകളിൽ അന്വേഷണ ശീലത്തോടെ സഞ്ചരിക്കുക എന്നത് മഹത്തായ കാര്യമാണ്. കുറ്റസമ്മതം എന്ന കഥ സ്മാർത്ത വിചാരത്തിനു ശിക്ഷിക്കപ്പെട്ട ഒരു 'സാധന'ത്തിന്റെ പ്രലപനങ്ങളാണ്. സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ ബോധത്തോടൊപ്പം മനുഷ്യമനസ്സിന്റെ അഗാധതയിലെത്താനുള്ള യത്നവും ഈ കഥയിലുണ്ട്. സ്നേഹത്തിന്റെ പുതിയ മുഖങ്ങൾ അന്തർജ്ജനത്തിന്റെ കഥകൾക്ക് പുതിയ മാനം നൽകുന്നു. ഭാര്യയും അമ്മയും കാമുകിയുമൊക്കെയായി അവതരിക്കുന്ന സ്ത്രീകൾ മാതൃത്വമെന്ന സാക്ഷാത്കാരത്തിൽ സാഫല്യം നേടുന്ന ചിത്രം, അമ്മ, സ്കൂൾ പ്രണയം തുടങ്ങിയ കഥകളിൽ ദർശിക്കാം. യുവ വിധവകളായ പെൺകുട്ടികളുടെ ജീവിത വ്യഥയാണ് കുറ്റസമ്മതം, ജീവിതവും മരണവും എന്ന കഥകളിലെ പ്രതിപാദ്യം. വിധിബലം, സ്മാർത്ത വിചാരത്തിന്റെ കഥപറയുന്നു. ബ്രാഹ്മണയുവതി മുസ്ലീമിന്റെ സംരക്ഷണയിൽ ജീവിക്കുന്ന പുരോഗമനാശയമാണ് വിധിബലത്തിൽ കാണുന്നത്.

1962-ൽ ഉത്തർ പ്രദേശിലെ തീർത്ഥഘട്ടത്തിൽ വച്ച് യാദൃശ്ചികമായി കണ്ടുമുട്ടിയ ഒരു മലയാളിയായ സന്യാസിനി തന്റെ ഒരു പഴയ സുഹൃത്തായ സാമൂഹികപ്രവർത്തകയാണെന്ന തിരിച്ചറിവ് അന്തർജ്ജനത്തിന്റെ മനസ്സിൽ ഏൽപിച്ച ആഘാതമാണ് അഗ്നിസാക്ഷിയുടെ രചനയ്ക്ക് അന്തർജ്ജനത്തെ പ്രേരിപ്പിച്ചത്. "അവർ എന്നിലുണർത്തിയ വികാരങ്ങൾ കാലഘട്ടത്തിന്റെ സ്വാധീനശക്തിയോടെ എന്നിൽ ഉൾക്കൊണ്ട്, സ്വയം മറ്റൊരു രൂപം പൂണ്ടതാവാനും മതി എന്ന് അന്തർജ്ജനം അഗ്നി സാക്ഷിയുടെ ആമുഖ കുറിപ്പിൽ രഖപ്പെടുത്തുന്നു. (2004:27) നമ്പൂതിരി സമുദായപശ്ചാത്തലത്തിലെഴുതപ്പെട്ടിരിക്കുന്നവെ

ങ്കിലും അന്നത്തെ സാമൂഹിക ജീവിതത്തിലെ പൊതുപ്രശ്നങ്ങളെയും ഇതിൽ വിമർശിച്ചിട്ടുണ്ട്. ഗംഗയിലെ തീർത്ഥ ഘട്ടത്തിൽ വച്ച് ആരംഭിക്കുന്ന ഈ നോവൽ തങ്കം നായരുടെ ഓർമ്മകളിൽ കൂടി വളരുന്നു. ഉണ്ണ്യേട്ടനു വേണ്ടി അന്ത്യകർമ്മങ്ങൾ ചെയ്യാനെത്തുന്ന തങ്കം നായർ നോവലിസ്റ്റിന്റെ തന്നെ പ്രതിരൂപമാണ്." ഉണ്ണി നമ്പൂതിരിയുടെ അമ്മ, ഭ്രാന്തിച്ചെറിയമ്മ, ഏട്ടന്റമ്മ ഇവരൊക്കെ യാഥാസ്ഥികരുടെ വക്താക്കളാകുന്നു. പുരോഗമാശയങ്ങളെ അംഗീകരിക്കാനോ കേൾക്കാനോപോലും അവർമുതിരുന്നില്ല. മച്ചിനകത്തിരുന്നു പുസ്തകം വായിക്കുന്ന തേതി അവരെ കോപാകുലയാക്കുന്നു. നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന ബഹുഭാര്യാത്വ വ്യവസ്ഥയുടെ ബലിയാടായിരുന്നു ഭ്രാന്തിച്ചെറിയമ്മ. അയിത്തശങ്കകൊണ്ട് വീണ്ടും മുങ്ങുകയും കുളിക്കുകയും ചെയ്യുന്ന ജലപിശാചു മുത്തശ്ശി പഴമയുടെ മറ്റൊരു രൂപമാണ്. നമ്പൂതിരി സമുദായത്തിന്റെ പുരോഗമനാത്മക " മുഖമാണ് ദേവകീ മാനമ്പിള്ളിയിലൂടെ നോവലിസ്റ്റ് അനാവരണംചെയ്യുന്നത്. ദേവീ ബഹനായും സുമിത്രാനന്ദയായും ഇതേകഥാപാത്രം കടന്നു വരുന്നു. ലോകത്തിന്റെ വിശാലമായ അന്തരീക്ഷത്തിന്റെ സ്പന്ദനങ്ങൾ തൊട്ടറിയാൻ അവർ ആഗ്രഹിച്ചു. പക്ഷെ സുമിത്രാനന്ദയായി മാറുമ്പോഴും അവർക്കു ശാന്തി ലഭിക്കുന്നില്ല. ജീവിതപ്പാതയിൽ കൈവിട്ട ഓർമ്മകൾ അവരെ പിന്തുടരുന്നു. ഒരു സ്ത്രീക്ക് ജീവിത സാഫല്യത്തിന് ആധ്യാത്മികതയോടൊപ്പം ലൗകികതയും കൂടി ആവശ്യമാണെന്ന സത്യം അവർ മനസ്സിലാക്കുന്നു. അമ്മ എന്ന ആർദ്രഭാവം വെടിയാൻ അവർക്ക് സന്ന്യാസ ജീവിതത്തിലും സാധിക്കാതെ വരുന്നതും തങ്കത്തിന്റെ മകൻ അമ്മേ എന്ന് വിളിക്കുമ്പോൾ സ്വയം മറക്കുന്നതും അതുകൊണ്ടാണ്.

പരിഷ്കൃതാശയയാണ് തങ്കം നായർ. അപ്പന്റെ വിജാതീയ പുത്രിയായ തങ്കം, ആധുനികാശയങ്ങളുടെ ശക്തയായ പോരാളിയാണ്. കാലത്തിന് അനുസരിക്കാത്ത ധർമ്മം അതിന്റെ പാട്ടിനുപോട്ടെ എന്നു പറയാനുള്ള ധൈര്യം അവർക്കുണ്ടായിരുന്നു. സമുദായത്തിന്റെ നിയമങ്ങളെ, വിദ്യാഭ്യാസത്തിലൂടെയും വായനയിലൂടെയും നേടിയെടുത്ത അറിവുകൊണ്ട് നേരിടുന്നു. ചിന്തയിൽ ആധുനികതയുടെ വക്താവായ അന്തർജ്ജനം തന്റെ സ്ത്രീകഥാപാത്രങ്ങളെ സമൂഹത്തിലെ ദുഷിച്ച പ്രവണതകൾക്കെതിരെ ഉപയോഗപ്പെടുത്തി. തന്റെ കഥാപാത്രങ്ങളിലൂടെ സമൂഹത്തിന്റെ സർവ്വതോമുഖമായ മോചനം ആവശ്യപ്പെടുകയും ചെയ്തു. തങ്കത്തിന്റെ അമ്മയായ നേത്യാരമ്മ എന്ന അമ്മാളുവമ്മ നായർ സ്ത്രീ ആയിരുന്നിട്ടും തന്റെ ചുറ്റുമുള്ള സാമൂഹികാചാരങ്ങളെ തിരിച്ചറിയുകയും അവയ്ക്കനുസരിച്ച് ജീവിതം നയിക്കുകയും ചെയ്ത ബുദ്ധിമതിയായിരുന്നു. ആധുനിക ചിന്താഗതിയുടെ പ്രതിഫലനം അവരിൽ തെളിഞ്ഞുകാണാൻ സാധിക്കും. മകളുടെ വിദ്യാഭ്യാസത്തെ അവർ അനുകൂലിച്ചിരുന്നു. നല്ലൊരുവരനെ വേണമെങ്കിൽ നാലക്ഷരം പഠിപ്പിക്കണം എന്ന ചിന്താഗതിക്കാരിയായിരുന്നു അവർ. സ്ത്രീകൾക്ക് വിദ്യാഭ്യാസമോ സ്വാതന്ത്ര്യമോ ഒരിക്കലും അനുവദിക്കപ്പെട്ടിട്ടില്ലായിരുന്ന ഒരു സമുദായ മധ്യത്തിൽ നിന്നുകൊണ്ട് പഠിപ്പിനെക്കുറിച്ച് ചിന്തിക്കുവാൻ അവർക്ക് കഴിഞ്ഞു. അപ്പന്റെ മരണശേഷം തങ്കത്തെ കോളേജിലേയ്ക്ക് മടങ്ങിപ്പോകാൻ അവർ നിർബന്ധിക്കുന്നുണ്ട്. തങ്കത്തിനായി ഒരു നമ്പൂതിരിയുടെ സംബന്ധത്തിനു കാത്തിരിക്കാതെ സുമുഖനും വിദ്യാഭ്യാസ സമ്പന്നനുമായ ഉന്നത ഉദ്യോഗസ്ഥന്റെ വിവാഹാലോചന അവർ ഉറപ്പിക്കുന്നു. മകളുടെ കാര്യത്തിൽ സമുദായികാചാരങ്ങൾക്ക് പിന്നാലെ പോകാൻ അവർ തയ്യാറാകുന്നില്ല. ആധുനികാശയങ്ങൾക്ക് നേരെ മനസ്സിന്റെ വാതിൽ തുറന്നിട്ട സ്ത്രീയായിരുന്നു നേത്യാരമ്മ.

സ്ത്രീയുടെ അനുഭവലോകത്തിന്റെ വലിയ കാഴ്ചകൾ അവതരിപ്പിക്കുകയായിരുന്നു ലളിതാംബിക അന്തർജ്ജനം. കേരളീയ സ്ത്രീ ജീവിതത്തിന്റെ ആദ്യത്തെ സ്ത്രീപക്ഷാഖ്യാനം നിർവ്വഹിക്കുകയായിരുന്നു അന്തർജ്ജനം അഗ്നിസാക്ഷിയിലൂടെ. സ്ത്രീ സ്വത്വത്തെക്കുറിച്ചുള്ള വലിയ ചോദ്യങ്ങൾ അന്തർജ്ജനത്തിന്റെ കൃതികളിൽ ഉയരുന്നുണ്ട്. അതോടൊപ്പം സ്ത്രീയുടെ എഴുത്ത് നേരിട്ട അടിസ്ഥാന പ്രശ്നങ്ങളും അഗ്നിസാക്ഷിയിൽ വെളിപ്പെടുത്തുന്നുണ്ട്. "എഴുത്ത് ഒരു മുഴുവൻ സമയത്തൊഴിലാക്കി എടുക്കുവാൻ സാധാരണ കേരളീയ കുടുംബങ്ങളിലെ അമ്മമാരും വീട്ടമ്മമാരും ആതിഥേയകളുമായ സ്ത്രീകൾക്ക് കഴിയാറില്ലല്ലോ എന്ന്

അഗ്നിസാക്ഷിക്കെഴുതിയ അനുബന്ധത്തിൽ അവർ പറയുന്നുണ്ട്. (2004 : 147) സ്ത്രീയുടെതായ അനുഭവലോകം ആഖ്യാനം ചെയ്യുന്നതിന് അധികം എഴുത്തുകാരികൾ മലയാളനോവലിൽ ഉണ്ടായിട്ടില്ല. സ്ത്രീയുടെ ലോകത്തിന്റെ ആഴമുള്ള അപഗ്രഥനങ്ങൾ അവരുടെ രചനകളുണ്ട്. സാഹിത്യകാരി എന്ന നിലയിൽ അവരുടെ കൃതികൾ പുതിയ ആകാശങ്ങളും ആഴങ്ങളും തേടുന്നു. സ്ത്രീ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പുരുഷനോടൊപ്പം മാന്യത നേടാൻ കഴിയട്ടേ എന്ന് അന്തർജ്ജനം ആഗ്രഹിക്കുന്നുണ്ട്. ആദ്യം പ്രസിദ്ധപ്പെടുത്തിയ യാത്രാവസാനം എന്ന കഥയിൽ സമുദായത്തിന്റെ ആചാരങ്ങൾക്കിടയിൽ അകപ്പെട്ടുപോവുകയും പിന്നീട് സ്നേഹത്താൽ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന ശ്രീദേവിയുടെ കഥയാണ്.

തന്റെ ഭർത്താവിനെ എതിർക്കുകയും അങ്ങനെ പുരുഷന്മാരെ മുഴുവൻ വെല്ലുവിളിക്കുകയും ചെയ്യുന്നവളാണ് ഇത് ആശാസ്യമാണോ എന്ന കഥയിലെ പാപ്പി. കുറ്റസമ്മതം എന്ന കഥ, സ്മാർത്തവിചാരത്തിനു വിധിക്കപ്പെട്ട 'സാധന'ത്തിന്റെ നാടകീയമായ പ്രഭാഷണമാണ്. സമൂഹത്തിൽ പരിവർത്തനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഒരു സ്ത്രീ മനസ്സിന്റെ ആവേശം ഇതിൽ കാണാം.

അമ്മ, മകൾ, ഭാര്യ എന്നിങ്ങനെ വിവിധ തലങ്ങളിൽ സ്ത്രീ

ത്വമെന്ന സങ്കീർണ്ണതയെ അവർ അപഗ്രഥിക്കുന്നു. അമ്മ, സ്കൂൾ പ്രണയം തുടങ്ങിയ കഥകളും ശ്രദ്ധേയം തന്നെ. സ്നേഹത്തിന്റെ വിവിധ ഭാവങ്ങളെ ചിത്രീകരിക്കുന്ന കഥകളാണ് മിക്കതും. വികാരസാന്ദ്രതയും ഏകാഗ്രതയും ഇതിൽ ഒത്തുചേരുന്നു. പ്രസാദം, കിളിവാതിൽ എന്നീകഥകളും മികച്ചവയാണ്. വിശ്വാസങ്ങളെ അവ എല്ലാവരാലും അംഗീകരിക്കപ്പെടുന്നു എന്നുള്ളതുകൊണ്ട് മാത്രം താലോലിക്കാൻ അവർ തയ്യാറാവുന്നില്ല. ജീവിതത്തെ നവീകരിക്കാനും സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുവാനും അവർ സ്വന്തം കഥകളിലൂടെ തയ്യാറാവുന്നുണ്ട്. ജന്മിത്തത്തിന്റെ തകർച്ച പോലുള്ള സംഭവങ്ങൾ നേരിൽ കാണുകയും അതിന്റെ നാനാ വശങ്ങൾ ഉൾക്കൊള്ളുകയും ചെയ്ത അനുഭവങ്ങളിൽ നിന്ന് നിരവധി കഥകൾ അന്തർജ്ജനം രചിച്ചിട്ടുണ്ട്. കഥാഖ്യാതാവിന്റെ തെരഞ്ഞെടുപ്പ്, ആഖ്യാനം, കഥാസന്ദർഭം എന്നിവയൊക്കെ കഥകളിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

വൈവിധ്യമാർന്ന കഥാലോകമാണ് അന്തർജ്ജനത്തിന്റേത്. പ്രമേയത്തിലെ വ്യത്യസ്തത ഒഴിവാക്കിയാൽ വിതുമ്പി നിൽക്കുന്ന ഒരു വിഷാദം അവരുടെ കഥകളുടെ നിറഞ്ഞ സാന്നിധ്യമായി അനുഭവപ്പെടുന്നു. നൂതനമായ ഒരനുഭവമേഖലയിലേയ്ക്കുള്ള പ്രവേശനമാണ് ഇവരുടെ കഥകളിലൂടെ സംഭവിക്കുന്നത്. ജീവിതത്തിന്റെ ബാഹ്യചലനങ്ങളെക്കാൾ ആന്തരചലനങ്ങൾക്കു പ്രാധാന്യം നൽകികൊണ്ട് ചെറുകഥയിൽ ഒരു പുതിയ ഭാവുകത്വത്തിനു തുടക്കം കുറിക്കുവാൻ അന്തർജ്ജനത്തിനായി. സമൂഹത്തിന്റെ നിയമങ്ങളോട് ഒത്തു പോകാനാവാത്തവരും നിരാശയുടെ മട്ടുപ്പ് പേറുന്നവരും കഥകളിൽ കാണാം. കഥകളിൽ കവിതയോടടുത്തുനിൽക്കുന്ന ഭാഷയുമുണ്ട്. ഏകാകികളായ വ്യക്തികളേയും അവരുടെ മനോവേദനകളെയും കൃതികളിൽ അവതരിപ്പിക്കുകയും അവ അനുവാചകരെ അനുഭവിപ്പിക്കുകയും ചെയ്യുന്നുണ്ട്.

തങ്ങളെ ആരും സ്നേഹിക്കുന്നില്ല എന്ന തോന്നലിനൊപ്പം സ്നേഹിക്കപ്പെടാനുള്ള ദാഹവും ഇവർക്കുണ്ട്. ഇവ നിഷേധിക്കപ്പെടുമ്പോൾ അവർക്കനുഭവിക്കേണ്ടി വരുന്നത് വർണ്ണനാതീതമായ വേദനയാണ് കഥകൾ അനുഭവിപ്പിക്കുകയും അലിയിപ്പിക്കുകയും ചെയ്യുന്നു. ദുഃഖസാന്ദ്രമായ മൗനംകൊണ്ടും പറയാതെപോയ അനേകം വാക്കുകൾ കൊണ്ടും കഥകൾ ഒരു നീറ്റലായി നിലനിൽക്കുന്നു.

പരപ്പേറിയ ജീവിതാനുഭവങ്ങളാണ് അന്തർജ്ജനത്തിന്റെ നായികമാരെ സമ്പന്നരാക്കുന്നത്. പതിഞ്ഞ ശബ്ദത്തിനപ്പുറത്ത് അവർക്ക് തിളക്കവും കനവും മൂർച്ചയും ഉണ്ട്. മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകൾ മിക്ക നായികമാരിലൂടെയും അനാവരണം ചെയ്യപ്പെടുന്ന പ്രേമയമാണ് . എന്തുകൊണ്ടിങ്ങനെ എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കാത്ത മനുഷ്യമനസ്സിന്റെ അവസ്ഥകളാണിത്. സ്നേഹം, സഹാനുഭൂതി, സഹതാപം ഇവയൊക്കെ പറഞ്ഞറിയിക്കാൻ വളരെ എളുപ്പമാണെങ്കിലും പ്രാവർത്തികമാക്കാൻ വളരെ പ്രയാസമുള്ളവയാണ്. ഉത്തരവാദിത്വവും പ്രായോഗികബുദ്ധിയും ചേർന്നാണ് മനുഷ്യസ്നേഹം സഫലമാകുന്നത്. എന്നതിന് കഥകൾ തെളിവു നൽകുന്നു. ഹൃദയമുള്ള സ്ത്രീ കഥാപാത്രങ്ങളും ദാർഢ്യമുള്ള ബന്ധങ്ങളും കഥകളുടെ ആകർഷണമാകുന്നു. നാടകീയ സംഘർഷങ്ങളില്ലാതെ, അതിഭാവുകത്വമില്ലാതെ, തികച്ചും സരളവും സൗമ്യവുമായാണ് അന്തർജ്ജനം കഥപറയുന്നത്. മിതത്വമാർന്ന ശൈലി ഇത്തരം കഥകളുടെ പ്രത്യേകതയാണ്.മിക്കവാറും സംഭാഷണങ്ങളെ ആശ്രയിച്ചുകൊണ്ടാണ് കഥ എഴുതപ്പെടുന്നത്. കഥാപാത്രങ്ങളുടെ മാനസിക നിലയെ പ്രതിഫലിപ്പിക്കുന്നവയാണ് ഈ സംഭാഷണങ്ങൾ.

ഇരുണ്ട അകത്തളങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന അന്തർജ്ജനങ്ങളുടെ ദുരിതം ആവിഷ്കരിക്കുമ്പോൾ തനിക്കു പരിചിതമായ ജീവിത പശ്ചാത്തലം അവരെ ഏറെ സഹായിക്കുന്നുണ്ട്. അതു കൊണ്ടു തന്നെ കഥകളിൽ പ്രതിഷേധിക്കുന്ന സ്ത്രീത്വം കാണാം. അന്തർജ്ജനത്തിന്റെ കഥകളിലെ പ്രധാന പ്രമേയം സ്ത്രീയുടെ സഹനമാണ്. സമുദായത്തിലെ വൈരുധ്യങ്ങളെ അവർ കഥകളിലൂടെ തുറന്നു കാണിച്ചു. നന്മയും തിന്മയും തമ്മിലുള്ള സംഘർഷം ഇവിടെ കാണാനാകുന്നു. മിക്ക കഥകളും മാനവികതയുടെ അർത്ഥം കണ്ടെത്താൻ ശ്രമിക്കുന്നു. മനുഷ്യനന്മയുടെ ഊഷ്മളത ചിത്രീകരിക്കുന്ന കഥകളും കഥാപാത്രങ്ങളും അന്തർജ്ജനത്തിൽ നിന്നും ഏറെയുണ്ടായി. അനുഭവങ്ങളുടെ വിശാലമായ ലോകം അവർക്ക് ഭൂമികയായി. നന്മയുടെ വെളിച്ചമാണ് അന്തർജ്ജനം ആവിഷ്കരിക്കുന്നത്. സ്ത്രീഹൃദയങ്ങളുടെ ഉള്ളിൽ സ്നേഹവും കാരുണ്യവും ഈ കഥകൾ അനുവാചകനെ അനുഭവിപ്പിക്കുന്നു. മനുഷ്യമനസ്സിന്റെ ആർദ്ര വികാരങ്ങളും മൃദുലഭാവങ്ങളും അതിന്റെ സൂക്ഷ്മതലത്തിൽ തൊട്ടറിയാൻ അന്തർജ്ജനം ശ്രമിച്ചിട്ടുണ്ട്.

സ്ത്രീതന്നെയാണ് അന്തർജ്ജനത്തിന്റെ കഥകളിൽ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത്. സ്ത്രീയുടെ ജീവിത പരിസരങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് സ്ത്രീത്വത്തിന് സംഭവിക്കുന്ന അവമതികളെ അവതരിപ്പിക്കുകയായിരുന്നു ഈ കഥാകാരി. സമുദായത്തിനോടും വീടിനോടും ആചാരങ്ങളോടും കെട്ടുപിണഞ്ഞു കിടക്കുന്ന സ്ത്രീത്വത്തേയും സ്ത്രീ നീതിയെക്കുറിച്ചും നിരവധി ചിന്തകൾ കഥകൾ ഉയർത്തുന്നു; ഒപ്പം സ്ത്രീത്വത്തിന്റെ നേട്ടങ്ങളും. എഴുത്തുകാരിയും വായനക്കാരും തമ്മിലുള്ള ഹൃദയബന്ധം കഥകളിൽ നിറയുന്നു. ജീവിതത്തിന്റെ ചുറ്റുപാടുകൾ ഒന്നാകെ ഈചെറുകഥകൾ അതിശയിപ്പിക്കുന്ന കരവിരുതോടെ സംഗ്രഹിച്ചിരിക്കുന്നു. സാമൂഹിക അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെ തീയിൽ പൊള്ളുന്ന സ്ത്രീ ജീവിതത്തിന് ഒരു പൊളിച്ചെഴുത്ത് ആവശ്യമാണെന്ന് ഉറക്കെ ഉറക്കെ കഥകളിലൂടെ പറഞ്ഞു വെയ്ക്കുന്നുണ്ട് അന്തർജ്ജനം. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വറ്റാത്ത ഉറവ എല്ലാ

മനുഷ്യരുടെയും ഉള്ളിലും കുടികൊള്ളുന്നുണ്ടെന്ന് അവർ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഏത് ഇരുട്ടിലും പ്രത്യാശയുടെ പ്രകാശം അവർ തേടുന്നു. മിക്ക കഥകളും അതിനു ദൃഷ്ടാന്തങ്ങളാണ് .

'ലളിതാംബികയുടെ മാനസപുത്രിമാ'രെല്ലാം തന്നെ ഏകാന്തതയുടെ കൂട്ടുകാരാണ്. ഒറ്റപ്പെടലിന്റെ വിങ്ങലും കാത്തിരുപ്പിന്റെ സാന്ത്വനവും കഥകളിൽ ആവർത്തിച്ച് വരുന്ന ഘടകങ്ങളാണ്. ഏകാന്തമായ ജീവിതത്തിന്റെ നിശ്ശബ്ദമായ തേങ്ങലുകൾ തേതി മുതൽ പേരായ കഥാപാത്രങ്ങളിലെല്ലാം കാണാം. സ്നേഹത്തിന് ഉന്നതമായ വ്യാഖ്യാനം നൽകാൻ ശ്രമിക്കുമ്പോൾ കഥാപാത്രങ്ങളുടെ മനസ്സ് തേങ്ങുകയും പ്രക്ഷുബ്ധമാകുകയും ചിലപ്പോൾ ശാന്തമാവുകയും ചെയ്യുന്നു. കാലം, ഓർമ്മ, വിരഹം എന്നിങ്ങനെ കഥകളിൽ നിരന്തര സാന്നിധ്യമാവുന്ന ഘടകങ്ങൾ ഉണ്ട്. അനുഭവങ്ങളെ ഭാവാവിഷ്കാരം ചെയ്യുന്ന സാന്ദ്രമായ കഥകൾ അന്തർജ്ജനത്തിന്റെ ലോകത്തുണ്ട്. തനിക്കു പരിചയമുള്ള മനുഷ്യമുഖങ്ങളിൽ നിന്നാണ് പാപ്പിയും ഭ്രാന്തിച്ചെറിയമ്മയും ജലപിശാചു മുത്തശ്ശിയും പോലുള്ള കഥാപാത്രങ്ങൾ വരുന്നത്. മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെട്ടുപോകുന്ന, ഒന്നും നേടാനാവാത്ത ജീവിതങ്ങളാണ് കഥകളിലധികവും. സ്വന്തം നിലനിൽപ്പിന് അർത്ഥമില്ലാതെ മറ്റുള്ളവർക്കുവേണ്ടി യാന്ത്രികമായി ചലിച്ചുകൊണ്ടിരിക്കുന്ന സ്ത്രീജീവിതങ്ങൾ അന്തർജ്ജനം കഥകളിൽ ധാരളമായി ചിത്രീകരിച്ചു. സ്ത്രീയുടെ ആഭ്യന്തരലോകം സൂക്ഷ്മവും സത്യസന്ധവുമായി ഈ എഴുത്തുകാരി എഴുതി. സമൂഹത്തിൽ ഒറ്റപ്പെടുകയും നിസ്സഹായയായി പിടഞ്ഞു വീഴുകയും ചെയ്യുന്ന സ്ത്രീയുടെ ദുരന്തവും കഥകളിൽ കാണാം. സ്വകാര്യമായി ഒന്നു ദീർഘനിശ്വാസമുതിർക്കാനോ വിശ്രമിക്കാനോ കഴിയാതെ അടുക്കളയെക്കുറിച്ചും വീടിനെക്കുറിച്ചും മാത്രം ഓർത്തുകൊണ്ട് ഒതുങ്ങിക്കൂടേണ്ടി വരുന്ന കഥാനായികമാരുടെ ചിത്രം അന്തർജ്ജനത്തിലൂടെയാണ്







പുറംലോകത്തേയ്ക്ക് ആവിഷ്കരിക്കപ്പെട്ടത്. ഒരിക്കലും ആവലാതിപ്പെടാത്ത, തന്റെ നിയോഗം ഭംഗിയായി നിർവ്വഹിക്കാൻ ശ്രമിക്കുന്ന സ്ത്രീയെ ലോകം എങ്ങനെ വെട്ടിച്ചുരുക്കുന്നു എന്ന് കഥകൾ കാണിച്ചു തരുന്നു. സ്നേഹമോ പരിഗണനയോ നിലനിൽപിന്റെ അർത്ഥമോ പലപ്പോഴും അവർക്ക് ലഭിക്കുന്നില്ല. അന്തർജ്ജനത്തിനു മാത്രം എഴുതാനാവുന്ന കഥകളാണിവ. ഏതു കാലത്തിലെയും കേരളത്തിലെ ഒരു സാധാരണ സ്ത്രീ ഈ കഥയിലുണ്ട്. രചനകളിലെ അനുഭവലോകത്തിനും പരമിതിയില്ല. കാഴ്ചകൾ നാനാത്വത്തിന്റേതാണ്. അതുകൊണ്ടുതന്നെ മനുഷ്യസ്നേഹികളുടെ മനസ്സിൽ ഈ കാഴ്ചകൾ ഏറെ ചലനങ്ങൾ ഉണർത്തിവിടുന്നു.

സ്ത്രീ പക്ഷത്തുനിന്ന് ലോകത്തെ കാണുന്ന കഥകളാണ് അന്തർജ്ജനത്തിന്റേത്. സ്ത്രീകൾ എഴുതുമ്പോൾ ലോകത്തിന്റെ ചരിത്രം തന്നെ മാറി മറയുന്നു എന്നു പറയാറുണ്ട്. സ്ത്രീയുടെ സ്വതന്ത്ര്യത്തിന്റെയും ഏകാന്തതയുടെയും അനുഭവം സ്ത്രീതന്നെ എഴുതുമ്പോഴേ പൂർണ്ണമാവുന്നുള്ളൂ. സരസ്വതിയമ്മയും

ലളിതാംബിക അന്തർജ്ജനവും, മാധവിക്കുട്ടിയും മറ്റും കഥകളെഴുതിയപ്പോൾ സ്ത്രീ ജീവിതത്തിന്റെ അറിയപ്പെടാത്ത അനുഭവങ്ങൾ ആവിഷ്കരിക്കപ്പെട്ടു. തന്നെയും താനുൾപ്പെടുന്ന സമൂഹത്തെയും അവതരിപ്പിക്കാനുള്ള ശ്രമമായിരുന്നു എഴുത്തുകാരികൾ എവിടെയും എന്നും നിർവ്വഹിച്ചത്. കാലാകാലങ്ങളായി നിലനിൽക്കുന്ന ഒരു സമൂഹ്യവ്യവസ്ഥിതിയോടാണ് എതിരിടേണ്ടതെന്ന ബോധ്യം അതിനെ നിശിതമായി വിമർശിക്കുവാനവരെ പ്രാപ്തയാക്കുന്നു. ചുറ്റിലുമുള്ള സകലതിനെയും എഴുത്തുകാരികൾ തങ്ങളുടെ അനുഭവങ്ങൾക്കനുസൃതമായി പൊളിച്ചെഴുതുന്നു. അത്തരം പൊളിച്ചെഴുത്തുകളിലൂടെയും ചോദ്യം ചെയ്യലുകളലൂടെയും സാഹിത്യത്തിന് ഒരു പുതുശക്തി കൈവരുന്നു.

ചിന്തകളിന്മേൽ വിഴുപ്പുതുണി വിരിക്കാത്ത, ആശയങ്ങൾക്കുമേൽ ആട്ടുകല്ലുകൾവെയ്ക്കപ്പെടാത്ത ഒരു സ്ഥലം ഓരോ എഴുത്തുകാരിയുടെയും സ്വപ്നമായി അവശേഷിക്കുന്നു എന്നെഴുതിയ സാറാജോസഫും എഴുതുവാനൊരു മുറിയും സ്വന്തമായൊരു എഴുത്തുമേശയും ഒരിക്കലും കിട്ടാത്ത സ്വപ്നമായി കണ്ടെത്തിയ ചന്ദ്രമതിയും ഒക്കെ ഈ സാഹചര്യങ്ങളുടെ നിഷേധത്തോടാണ് കലമ്പിയത്. പരിവേഷങ്ങൾക്കപ്പുറമുള്ള യാഥാർത്ഥ്യങ്ങൾ എന്തെ

ന്ന് കാണിച്ചുതരുകയും ചെയ്യുന്നു. കഥാകാരി ചില സന്ദേശങ്ങൾ തന്നോടും ലോകത്തോടും ചോദിക്കുന്നുണ്ട്. അതിങ്ങനെ കഥയിൽ എഴുന്നു നിൽക്കുകയും ചെയ്യുന്നു.

ഇത് ആശാസ്യമാണോ ? പോലുള്ള കഥകളിൽ വ്യത്യസ്തതയുള്ള പ്രമേയമാണ് അന്തർജ്ജനം അവതരിപ്പിക്കുന്നത്. പലതലങ്ങളുള്ള കഥയാണിത്. കഥാനായികയായ പാപ്പി അന്തർജ്ജനത്തോടൊപ്പം സമുദായ പരിഷ്കാരങ്ങളോട് പിൻതിരിഞ്ഞു നിൽക്കുന്ന മുത്തശ്ശിമാരുടെ പ്രതിനിധികളും കഥയിലുണ്ട്. വളരെ ശാന്തമായി എന്നാൽ കറിക്കു കൊള്ളുന്നതു പോലെ പാപ്പി പ്രതികരിക്കുന്നുണ്ട്. പക്ഷെ അത്തരം ഒരു മറുപടി തീർച്ചയായും തർക്കുത്തരമായി തന്നെ പരിഗണിക്കപ്പെടുന്നു. "ചട്ടകം വച്ച് പേന എടുക്കാൻ കെല്പുള്ള ചിലരും കണ്ടെന്നു വരും മറുപടി പറയാൻ " (2015 : 26 ) ഇത് പറയുമ്പോഴൊക്കെ അവരുടെ ആത്മാവിൽ ഒരുചിരികിടന്നു വിങ്ങുന്നു എന്ന് കഥാകാരി പറയുന്നുണ്ട്. സ്വന്തം ശക്തി തെളിയിക്കേണ്ടത് തന്റെ കടമയാണെന്നവർ കരുതുന്നു. അന്തർജ്ജനം ഈ കഥയെഴുതിയത് അരനൂറ്റാണ്ട് മുൻപാണെങ്കിലും ഈ കഥയ്ക്ക് ഇപ്പോഴും കാലിക പ്രസക്തിയുണ്ട്. തനിക്കു ലഭിക്കുന്ന ഏറ്റവും ചെറിയ അവസരങ്ങൾ പോലും ഉപയോഗിക്കുവാനും അതിൽ നിന്ന് നല്ല വിജയങ്ങൾ കണ്ടെത്താനുമുള്ള സ്ത്രീയുടെ കഴിവ് അന്തർജ്ജനം വെളിപ്പെടുത്തുന്നുണ്ട്. താനുൾപ്പെടുന്ന സമൂഹം അഭിമാനബോധമുള്ളവരാണെന്ന് തിരിച്ചറിയാനും വിളിച്ചു പറയാനുമുള്ള ഒരു ഉദ്യമം കൂടിയാവുന്നു അവരുടെ എഴുത്ത്. എഴുതുന്ന ഒരു സ്ത്രീ സമൂഹത്തിൽ നിന്നും നേരിടുന്ന ഒരുപാട് വിചാരണകളുണ്ട്. അതിനു നേരെയാണ് ഇത് ആശാസ്യമാണോ എന്ന് പാപ്പിയെക്കൊണ്ട് അന്തർജ്ജനം ചോദിപ്പിക്കുന്നത്. ഈ ചോദ്യം അരനൂറ്റാണ്ടിനു ശേഷവും പ്രസക്തമാണ്. മനുഷ്യബന്ധങ്ങളിലെ അതിഗഹനവും ഒപ്പം ലോലവുമായ ഭാവങ്ങളെ വ്യതിരിക്തമായി അവതരിപ്പിക്കുകയും അനുഭവിപ്പിക്കുകയും ചെയ്ത എഴുത്തുകാരിയാണ് അന്തർജ്ജനം. സ്ത്രീകളുടെ മനസ്സ് ചിന്തകൾക്കപ്പുറമായി പ്രവർത്തിക്കുമെന്ന് സ്വന്തം കഥാപാത്രങ്ങളിലൂടെ അവർ വെളിപ്പെടുത്തി. എഴുത്തുകാരിയായ സ്ത്രീ രചനാലോകത്തിൽ നേരിടുന്ന ചില വൈഷമ്യങ്ങളും കഥകൾ വെളിപ്പെടുത്തുന്നുണ്ട്. അതിനെ മറികടക്കുവാൻ സ്ത്രീ എത്രമാത്രം ആഗ്രഹിക്കുന്നു എന്നും കഥ വെളിപ്പെടുത്തുന്നു. നാം പുരോഗമിക്കുന്നു എന്ന ഉറച്ച പ്രഖ്യാപനങ്ങൾ നടത്തുമ്പോഴും സ്ത്രീയോടുള്ള സമൂഹത്തിന്റെ മനോഭാവത്തിന് ഏറ്റവും നല്ല ഉദാഹരണമായി കഥകൾ മാറുന്നു. യാത്രാവസാനം, മൂടുപടത്തിൽ, പ്രതികാരദേവത, ജീവിതവും മരണവും തുടങ്ങിയ കഥകൾ ശ്രദ്ധേയമാകുന്നത് ഇത്തരത്തിലാണ്. വിവാഹമുഹൂർത്തത്തിൽ , അവിവാഹിത എന്നീ കഥകളിലും സ്ത്രീ ജീവിതത്തിന്റെ അസ്വാതന്ത്ര്യം പ്രമേയമാകുന്നുണ്ട്. ഇന്ത്യാവിഭജനത്തിന്റെ ദുരന്തം സ്വജീവിതത്തിൽ ഏറ്റു വാങ്ങേണ്ടി വരുന്ന ഒരു യുവതിയുടെ കഥയാണ് കൊടുങ്കാറ്റിൽപ്പെട്ട ഒരില. ധീരേന്ദ്ര മജ്ജുംദാറിന്റെ അമ്മ എന്ന കഥയിലെ പ്രതിപാദ്യവും വ്യത്യസ്തമാണ്. അഭയാർത്ഥിയായി ഭാരത്തിൽ എത്തിച്ചേർന്നപ്പോൾ അനുഭവിക്കേണ്ടി വന്ന മാനസിക ചിത്തവൃത്തികളാണ് പ്രസ്തുത കഥയിലെ പ്രതിപാദ്യം. അന്തർജ്ജനത്തിന്റെ കഥകളിലെല്ലാം അടിയൊഴുക്കായി മനുഷ്യസ്നേഹം ഉണ്ട്. ദേവിയും ആരാധകനും എന്ന കഥ ഒരു ഭാവഗീതത്തിന്റെ മികവു പുലർത്തുന്നതാണ്. പഞ്ചാരയുമ്മ എന്ന കഥയിൽ ഒരു പിഞ്ചുകുഞ്ഞിന്റെ ഏതാനും നിമിഷങ്ങളിലെ ചലനങ്ങളാണ് ആവിഷ്ക്കരിക്കുന്നത്.

മാനവികതയിൽ ഊന്നിയ ജീവിത വീക്ഷണത്തിന്റെ ആഖ്യാനങ്ങളായിതന്നെ അന്തർജ്ജനത്തിന്റെ കഥാലോകം എന്ന് കെ.എസ്. രവികുമാർ നിരീക്ഷിക്കുന്നുണ്ട്. (2012 : 67) മലയാളസാഹിത്യചരിത്രത്തിൽ ലളിതാംബിക അന്തർജ്ജനത്തിന്റെ സ്ഥാനം ആഴത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും ആ നിലയിൽ തന്നെയാണ്. വി.ടി. ഭട്ടതിരിപ്പാടും മറ്റും വെളിപ്പെടുത്തി തുടങ്ങിയ ജീവിത സത്യങ്ങളെ സ്ത്രീയെന്ന നിലയിൽ കുറെകൂടി അനുഭവതീഷ്ണതയോടെ ആവിഷ്ക്കരിക്കുവാൻ അന്തർജ്ജനത്തിനായി. ഇങ്ങനെ വ്യത്യസ്തമായ വഴികളും വീക്ഷണവും രചനാ രീതികളുമായി അന്തർജ്ജനത്തിന്റെ മാനസപുത്രിമാർ ഇന്നും പ്രസക്തി നേടുന്നവർ തന്നെയാകുന്നു.


ഗ്രന്ഥസൂചി

1. ചന്ദ്രിക, സി.എസ്, കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം, 1998 കേരള സാഹിത്യ അക്കാദമി,

തൃശ്ശൂർ.

2. ബഷീർ. എം. എം. ഡോ., ആദ്യകാല സ്ത്രീകഥകൾ, 2004. ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

3. മിനി പ്രസാദ്, ഡോ., പെൺകഥകളുടെ ഫെമിനിസ്റ്റ് വായന, 2015, ഒലീവ്, കോഴിക്കോട്.

4. രവികുമാർ .കെ. എസ്. ഡോ., കഥയും ഭാവുകത്വപരിണാമവും 2012, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

5. ലളിതാംബിക അന്തർജ്ജനം ആത്മകഥയ്ക്കൊരാമുഖം, 1973, സാഹിത്യ പ്രവർത്തക സഹകരണ

സംഘം, കോട്ടയം.

6. ലളിതാംബിക അന്തർജ്ജനം, അഗ്നി സാക്ഷി, കറന്റ് ബുക്സ്, തൃശ്ശൂർ.

7. ലളിതാംബിക അന്തർജ്ജനം, മാണിക്യനും മറ്റു പ്രധാന കഥകളും 2003, ഡി.സി. ബുക്സ്, കോട്ടയം.

8. സത്യപ്രകാശം .എം.പ്രൊഫ , സർഗ്ഗദീപം 1987 പ്രഭാത് ബുക്ക് ഹൗസ്

# WOMEN -THE REALLY TALENTED MANAGERS

**Dr.Deepa T.S.**
St.Stephen's College,
Pathanapuram



In most developing countries, women play a major role as farmers, animal tenders, and water and fuel collectors. Yet, despite their roles, women are not adequately represented in the decision-making processes related to the issues of environment and development at local, national or international levels. The expertise, knowledge and perspective of women have been overlooked for years and women are now demanding that their voices be heard. They recognize that an integrated approach to sustainable development is necessary since political, economic, social and environmental issues are closely interlinked.

In India, women constitute 48.50 per cent of the total population. The role of women is most intimately related to the goal of comprehensive socio economic development. Any development strategy which neglects the need for enhancing the role of women cannot lead to national prosperity. Women are the vital human infrastructure and their empowerment would accelerate the pace of development. Investing in women capabilities and empowering them in all respects in the surest way of contributing to sustainable economic growth. The development of entrepreneurship among women has become an important aspect of the overall economic development.

Neglecting the potential of half the labour force and know-how limits economic growth and human capital development. In this global economy India is forced with high demand for talent. And the key source of talent is educated Indian women. But the Indian corporate are not much focused and utilized the talent and know-how of the Indian women.

Management is the art and science of getting things done through oth-

ers, generally by organising and directing their activities on the job. A manager is therefore someone who defines, plans, guides, assists, and assesses the work of others, usually people for whom the manager is responsible in an organization. Hence the manager is the driving force of an organization. The leader should be dynamic and energetic and have the drive to guide the subordinates towards the goal.

**Women as managers**

Management is essentially the task of getting things done through effective utilization of human resources, all resources in an organization -money, material, technology and men are managed by human beings and effective utilization of human resource would mean effective utilization of all resources in turn.

Men and women can act as managers based on the role they play in the organization. There is nothing that constraints woman as managers. However statistically we observe that women managers specifically Chief Executive Officers are by and large lesser in number. When compared to men. There is a need to examine the competency factors as well as related issues which obstruct women from taking up managerial challenges.

Before analyzing the potential of women as managers we need to take stock of certain comparative potentialities.

**Unique talents in women**

Women possess certain unique talent vis-a-vis that of men. Some of them are discussed below.

**Perseverance**

By nature women are more perseverant and have a higher potential to withstand complex issues that they encounter in their daily life. They are more tolerant and acceptable to the milieu. This is essentially a hidden talent in women which helps them to withstand organizational pressures.

**Understanding**

Greater understanding in all the activities and the problematic situations are another important character of women. The women have the understanding ability than men and co operative with the genuine reasons of workers and the women managers are patient enough to here the grievances.

The women leaders are able to bring others around to their point of view because they genuinely understand and care about where others are coming from. So the people they are leading feel more understood, supported and valued.

**Multiple duties**

Men are usually undertaking several tasks at the same time. But there will not have intense pressure to any one of the simultaneous duties. In case of women they care each of the work they are undertaking with patience and perfection.

**Maintaining relationship**

The relation ship within the organization is the behavioral aspect which has major role in the organizational success and all other measures for the success of organization can effective only with better relationship maintaining in the organization. Women are having more interpersonal skill than their male counterparts.

**Flexibility**

Flexibility in thinking and operations is another important character a women possesses than men. Women are more flexible in their attitude in necessary conditions. Flexibility and versatility are valuable qualities in a manager. Beneath the flexibility and versatility is an ability to be both non-reactive and not attached to how things have to be. Flexibility and versatility are the pathways to speedy responsiveness.





**Commitment**

A manager is committed to the success of the project and of all team members. The manager should hold the vision for the collective team and moves the team closer to the end result. It's the manager's commitment that pulls the team forward during trying times. Women are more committed in the general life situation and in the organizational set up because they are trained from the life experience for committed to the environmental influences.

**Empathy and Sensitivity to others**

Empathy is the act of understanding, being aware of, being sensitive to, and vicariously experiencing the feelings, thought, and experience of another without having the feelings, thoughts and experience fully communicated in an objectively explicit manner.

The correct motivational techniques can be adopted by the managers only when they can assess the situations and problems from all perspectives. The women managers are more sensitive to the social conditions and the environment. The empathetic attitude of women managers enables them to read situations accurately and take information in from all sides.

**Mental health**

Women leaders are more assertive and persuasive, have a stronger need to get things done and are more willing to take risks than male leaders. Even when women are lacking the ability to take immediate actions; they prefer the correct need of the situation after analyzing and evaluating the relevant conditions.

Therefore the key strength of Indian women as managers are:-

Ability to network with colleagues

Ability to perceive and understand situations

Ability to multitask effectively

Collaborative work style –solicit input from others, with respect for ideas

Crisis management skill

Willingness to share information(Interactive leadership style)

Sensitivity in leaderships

Behaving in a gender-neutral manner

Those traits that women use to keep families together and to organize volunteers to unite and make change in the shared life of communities are unique and they are only the qualities of women and hence of women managers. These newly admired leadership qualities of shared leadership; nurturance and doing well for others are today not only sought after but also indeed needed to make a difference in the world. A feminine way of leading includes helping the world to understand and be principled about values that really matter.

It is very obvious that the above talents are in fact crucial in building an organization. These talents are however, either hidden or subjected to constraints as they are spring out of culture or family status. Women are led to believe that they need to confine within the family or within certain social norms. A proper understanding of talents hidden in them would create an inner urge to elicit such talents and utilize the same for common good. Given this realization there would be more of talent building from the part of the women.

Organization should need to understand the potential of women and make use of the same for organizational effectiveness. Empowering women through deeper understanding of their hidden talent would be the key to successful organization in the future.

Reference:

Jeffery pfeffer, "Managing with Power" Harward Business School Press, Boston Massachusetts, 1992.

L.M Prasad, "Principles and Practice of Management", Sultan Chand & Sons,New Delhi,2004.

www.google.com

# HEALTH SCENARIO OF KERALA: CRISIS IN THE MODERN ERA

**Sreerenjini S.C**
S. N. College, Varkala



**Abstract**

January 1988. She is also credited for developing an oocyte donation technique for menopausal and premature ovarian failure patients, giving the country's first baby out of this technique on 24 January 1991. In 2016, the first testtube baby, Harsha became a mother of a baby boy. Dr Hindujaitself delivered the child, 30 years after she had delivered Harsha at KEM Hospital. Dr KusumZaverialso joined with her for replicating the same team that had delivered Harsha.What she started in 1988, has led today to a surplus of invitro fertilisation (IVF) clinics across the nation. Dr Indira Hinduja, who first made it all happen, has fairly earned herself a place in Indian medical history. That was a remarkable turning point in the Indian medical history and the sense of wonder experienced by the public when they heard about the birth of Harsha. Bur for Dr Hinduja, it was a zenith of a three-year-long scrupulous research in IVF and embryo transfer. The test tube baby technique, though in practice in the western world, was not established in India until 1986 with Harsha's birth, which made her to struggle a lot to get permission from the Ethics committee of KEM Hospital, ICMR, narrated Dr Hinduja herself to 'The Hindu' reporter. She now has delivered more than 15,000 test tube babies after Harsha. Dr.IndiraHinduja was born at Shikarpur, (Pakistan) and during the Partition, her family migrated to Mumbai.After living in Belgaum (now Belagavi) for some years, they moved back to Mumbai in 1963. And ever since, it's been her home. She studied in MahilaVidyalaya Belgaum and stayed near Kelkar bag (this is from sources). During her childhood she was unsure of what she wanted to do. She decided to take up medicine when she was in high school. Earlier, she wanted to be a musician. Medicine was decision that came after much thought. For her outstanding performances, she has been felicitated on many occasions. She is the recipient of many awards— Young Indian Award (1987), Outstanding Lady Citizen of Maharashtra State Jaycee Award (1987), Bharat Nirman Award for Talented Ladies (1994), International Women's Day Award by the mayor of Mumbai (1995; 2000), Lifetime Achievement Award by Federation of Obstetrics and Gynaecological Society of India (1999) and Dhanvantari Award by the governor of Maharashtra (2000) are a few.

**Dr Tessy Thomas**, the living legend, who is known as the 'Missile lady' of India or India's "Agni putri". She was the Project Director for the Agni-IV and Agni-V missile in Defence Research and Development Organisation (DRDO) and is the first Indian woman scientist to have headed a missile project. These intercontinental ballistic missiles that have very high ranges are capable of carrying nuclear warheads. Dr. Thomas' expertise on the solid propellent systems were critical in the development of the re-entry system of the missile, which helped it withstand great velocities and temperatures of 3,000° Celsius on re-entering the atmosphere.For the Agni Programme, she had been appointed by Dr. APJ Abdul Kalam. She is a recipient of many prestigious awards including the LalBahadurShastri National Awardfor Excellence in Public Administration (2012).DRDO Performance Excel-



lence Award (2011 and 2012), India Today Women of the Year award in 2009, CNN-IBN Indian of the Year in 2012, Sir MokshagundamVisvesvaraya Award in 2016, and Outstanding Woman Achiever Award by Women in Science and Engineering (WISE). The success of Dr Tessy Thomas was also dedicated to her family. She is from Kerala's most beautiful place, Alappuzha. At the age of 13, her father suffered a stroke which made him bedridden and her mother who was a teacher then, remained a homemaker as the family demanded that. She often quotes the struggle faced by



Dr. Usha Barwale Zehr



Dr Kamala Sohonie (1911-1996)



Anandibai Gopalrao Joshi (1865– 87)

her mother to grew upall of them, the five daughters and one son, but she ensured good education to all. Her fascination with rockets and missiles began early from her childhood days itself, since she resided near Thumba Rocket Launching Station.Her husband, Saroj Kumar, a commander in the Indian Navy, offered moral support in all her official responsibilities, which was really a boon that helped her to become a successful Agniputri in both her career and family. Remarkably, One can visualize, the Agni Putri Of India as the pacesetter for all the Indian women who are balancing their career along with their family perfectly.

Expediting into the scientific community, the contribution made by women in each streams of science is really amazing and remarkable one. Narrating all the contributions is yet beyond the scope of this article. But without quoting some more will make the article incomplete. Dr. Usha Barwale Zehr, Director and Chief Technology Officer at Maharashtra Hybrid Seeds Company Private Limited (MAHYCO), India produced India's first genetically modified food, the Btbrinjal. Anna Mani (1918-2001), an Indian physicist and meteorologist was the Deputy Director General of the Indian Meteorological Department. She made significant contributions in the field of meteorological instrumentation. She was the only woman scientist to work with Sir C.V. Raman and after retirement, she served as a visiting professor at the Raman Research Institute. Dr Kamala Sohonie, (1911-1996) recipient of the Rastra-pati award for best scientific research and Life time achievement felicitation by ICMR and retired as First Lady Director, Institute of Science, Mumbai.Dr. Anandibai Gopalrao Joshi (1865 – 1887) was the first Indian woman physician and the first woman to have graduated with a two-year degree in Western Medicine in the United States. Her personal life, death of her new born baby, led her to take up medicine. Dr.Aditi pant, a noted oceanographer was the first Indian woman to visit Antarctica in 1983. She participated in the third and fifth Indian expeditions to Antarctica to research about oceanography and geology.Dr KalpanaChawla, (1962 – 2003)the first astronaut of Indian origin to have flew into the space. She first flew on a Space Shuttle Columbia in 1997 as a mission specialist and primary robotic arm operator. She was one of the crew members who expired in the space shuttle Columbia disaster on February 1, 2003.

A lot of names are to be mentioned yet, and then what is the scenario now? The contribution from the feminine part are not less but it seems society discuss about their contribution rarely. The life's of the above mentioned great conquerors undoubtedly influence and ignites the fire in the mind of each women to lead a successful scientific career along with her social commitments. But again, dear women scientists,it is a fact that it is very difficult to be in the laboratory, staring at electronic equipment when your child is down with flu. Being a mother, daughter, wife and scientist involves sacrifices and lots of compromises. It is anoutstandingachievement to manage both well, apart from all the other awards. Being a woman grown up in Indian culture, so many had to shrink back from science or are forced to withdraw herself from her ambitions prioritizing family needs. With all these obligations, she behaves as well satisfied, eventhough the scars occasioned by thewithered off golden feathers of her professional dream remain in the deeper lobes of her mind, unseen by the society. Again a great salute to "The Women hood".

# കാലാവസ്ഥ: സ്ത്രീകളും കുട്ടികളും സമീപനങ്ങളിൽ മാറ്റം അനിവാര്യം

കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും ഒരേ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളെ ബാധിക്കുന്നത് ഒരേരീതിയിലല്ല. അതാത് സമൂഹങ്ങളിലെ ദാരിദ്ര്യം, അസമത്വം, അസന്തുലിതമായ അധികാരബന്ധങ്ങൾ, പരിതാപകരമായ സാഹചര്യങ്ങൾ എന്നിവയെല്ലാം തന്നെ കാലാവസ്ഥ വ്യതിയാനങ്ങളുയർത്തുന്ന വെല്ലുവിളികളുടേയും വിപത്തിന്റേയും തോതിനെ നിർണയിക്കുന്നു. ലിംഗപരമായ ധർമ്മങ്ങളും ചുമതലകളും, ഉത്തരവാദിത്തങ്ങളും പദവിയും അധികാരവും, വ്യക്തിത്വവുമെല്ലാം ഓരോ സമൂഹത്തിലേയും സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തമാണെന്നിരിക്കേ, കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളും അവ മറികടക്കാനുള്ള മാർഗ്ഗങ്ങളും സ്ത്രീക്കും പുരുഷനും വ്യത്യസ്തമാണ്. മുതിർന്നവരേക്കാൾ കുട്ടികളേയും പുരുഷൻമാരേക്കാൾ സ്ത്രീകളെയുമാണ് കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും കൂടുതൽ മുറിവേൽപ്പിക്കുന്നതും വെല്ലുവിളികൾ ഉയർത്തുന്നതും. ആരോഗ്യരംഗത്ത് കാലാവസ്ഥ വ്യതിയാനവും ആഗോളതാപനവും വരുത്തിവെയ്ക്കുന്ന ഭീഷണി ചെറുതല്ല. ഈ ഭീഷണിയ്ക്കും കുട്ടികളാണ് ഏറ്റവും കൂടുതൽ ഇരകളാകുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ചുടുകാറ്റ്, തുടങ്ങിയ ഭീഷണികൾക്കൊപ്പം മലേറിയ, കോളറ, അതിസാരം പോലുള്ള സാംക്രമിക രോഗങ്ങളുടെ വ്യാപനത്തേയും കാലാവസ്ഥാ വ്യതിയാനം ത്വരിതപ്പെടുത്തുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സാംക്രമിക രോഗങ്ങളിൽ മൂന്നിൽ രണ്ടും കുട്ടികളെ ബാധിക്കുന്നു.

## എന്തുകൊണ്ട് സ്ത്രീകൾ; കുട്ടികൾ?

ലോകത്ത് ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നവരും കൂടുതലായി കാർഷികവൃത്തിയിലേർപ്പെടുന്നവരും സ്ത്രീകളാണ്. അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന ഇരകളും അവർതന്നെ. കുടുംബാംഗങ്ങൾക്കാവശ്യമുള്ള ആഹാരസാധനങ്ങൾ കരുതുന്നതും ശേഖരിക്കുന്നതും അവ പാകം ചെയ്യുന്നതടക്കമുള്ള ഭാരിച്ച ഉത്ത

**ഷിലുജാസ് എം.**
ഫാറൂഖ് കോളേജ്, കോഴിക്കോട്





രവാദിത്തമാണ് സമൂഹം സ്ത്രീക്കുമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. വരൾച്ചയും വെള്ളപ്പൊക്കവും വനനശീകരണവുമെല്ലാം കൃഷിയേയും ഭക്ഷ്യസുരക്ഷയേയും സാരമായി ബാധിച്ചിരിക്കുന്നു. വരാനിരിക്കുന്ന കടുത്ത ക്ഷാമം സ്ത്രീകളെയായിരിക്കും ഏറ്റവുമധികം ബാധിക്കുക. കുടിയ്ക്കാനും പാചകത്തിനും മറ്റു പ്രാഥമികാവശ്യങ്ങൾക്കുമായി ശുദ്ധജലം തേടി മൈലുകൾ താണ്ടാനും മണിക്കൂറുകളോളം കാത്തിരിക്കാനും വിധിക്കപ്പെട്ടവരാണ് ഭൂരിഭാഗം സ്ത്രീകളും. അമിതജോലിഭാരം മൂലം പലപ്പോഴും സ്ത്രീകൾക്ക് സ്വന്തം ആരോഗ്യമോ കുട്ടികളടങ്ങുന്ന കുടുംബത്തിന്റെ കാര്യങ്ങളോ ശ്രദ്ധിക്കാൻ കഴിയാറില്ല. കുട്ടികളും വൃദ്ധരും രോഗികളുമടങ്ങുന്ന കുടുംബാംഗങ്ങളുടെ സംരക്ഷണവും പരിചരണവും പലപ്പോഴും സ്ത്രീകളുടെ മാത്രം കടമയും ബാധ്യതയുമാകാറുള്ള നമ്മുടെ സമൂഹത്തിൽ അമിതജോലിഭാരവും വിഭവങ്ങളുടെ അപര്യാപ്തതയും സ്ത്രീയെ തളർത്തും. വീട്ടമ്മമാരുടെ ജോലിഭാരം കൂടുമ്പോൾ സ്വാഭാവികമായും അവരെ വീട്ടുജോലികളിൽ സഹായിക്കുവാനുള്ള ബാധ്യത കുടുംബത്തിലെ പെൺകുട്ടികളുടെ തലയിലാകുന്നു. കുടുംബാംഗങ്ങൾ ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുമ്പോൾ പെൺകുട്ടികൾ ചെറിയ പ്രായത്തിൽ തന്നെ സ്കൂൾ പഠനം അവസാനിപ്പിച്ച് വീട്ടുജോലിയിലും വെള്ളം കൊണ്ടുവരുന്നതിലും അമ്മമാരെ സഹായിക്കുന്ന കാഴ്ച്ച അപൂർവ്വമല്ല നമ്മുടെ സമൂഹത്തിലെ ദരിദ്രകുടുംബങ്ങളിൽ. നിത്യജീവിതാവശ്യങ്ങളായ വെള്ളം, ആഹാരം, ഊർജ്ജം എന്നിവയ്ക്കായി നിരന്തരം പ്രകൃതിയെ നേരിട്ടാശ്രയിക്കുന്നവരാണ് സ്ത്രീകൾ. എങ്കിലും പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട പല സുപ്രധാന തീരുമാനങ്ങളിൽ നിന്നും തീരുമാനമെടുക്കുന്ന പ്രക്രിയകളിൽ നിന്നും നയരൂപീകരണ ചർച്ചകളിൽ നിന്നും അധികാര സ്ഥാപനങ്ങളിൽ നിന്നും പലപ്പോഴും സ്ത്രീകൾ മാറ്റിനിർത്തപ്പെടുന്ന കാഴ്ചയാണുള്ളത്.

വേണ്ടത്ര പ്രതിരോധശേഷി ആർജ്ജിച്ചിട്ടില്ലാത്തതിനാൽ വളർന്നുകൊണ്ടിരിക്കുന്ന കുട്ടികൾ പ്രതികൂല സാഹചര്യങ്ങളിൽ പിടിച്ചുനിൽക്കാനോ അവതരണം ചെയ്യാനോ ഉള്ള ശേഷി കാണിയ്ക്കുന്നില്ല. ആവശ്യത്തിന് ശുദ്ധജലം ലഭിക്കാത്തതുമൂലമുള്ള രോഗങ്ങൾക്ക് കൂടുതലും കുട്ടികൾ ഇരയാകുന്നു. ഭക്ഷണം പാചകം ചെയ്യുന്നതിനും പ്രാഥമികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും മറ്റും മലിനജലം ഉപയോഗിക്കേണ്ടിവരുന്നതും കുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ശുചിത്വമില്ലായ്മ കാരണം കോളറ, അതിസാരം, പോലുള്ള മാരക സാംക്രമിക രോഗങ്ങൾ കുട്ടികളിൽ എളുപ്പം പിടിപ്പെടുന്നു. വൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ വളരുന്ന കുട്ടികളിൽ വിരശല്യവും വിളർച്ചയും ഉയർന്ന തോതിലാണ്. വരൾച്ചയെപ്പോലെ വെള്ളപ്പൊക്കവും പരിസരം മലിനമാക്കുന്നുണ്ട്. വെള്ളപ്പൊക്കത്തിൽ സെപ്റ്റിക് ടാങ്കുകൾ, ഓടകൾ എന്നിവ നിറഞ്ഞൊഴുകുന്നത് പരിസര മലിനീകരണത്തിന് ഇടയാക്കുന്നു. മലേറിയ, ഡെങ്കിപ്പി പോലുള്ള കൊതുകുജന്യരോഗങ്ങ

ളും മറ്റു ജലജന്യ രോഗങ്ങളും അതിശക്തമായി തിരിച്ചുവരുന്നത് കഴിഞ്ഞ കുറച്ചുവർഷങ്ങളായി കണ്ടുവരുന്നതാണ്. ഇത്തരം അസുഖങ്ങൾ മുതിർന്നവരേക്കാൾ രണ്ടു മടങ്ങ് അധികമായി അഞ്ച് വയസ്സിനും പത്ത് വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെ ബാധിക്കുന്നുവെന്നാണ് കണക്കുകൾ. മലേറിയ പോലുള്ള അസുഖങ്ങൾ ബാധിക്കുന്ന കുട്ടികളിൽ വിളർച്ചയും പോഷകാഹാരക്കുറവ് കാരണം തുടർച്ചയായി മറ്റസുഖങ്ങൾ വരാനും വികലമായ ശാരീരിക വളർച്ചയ്ക്കുമുള്ള സാധ്യതകൾ ഏറെയാണ്.

കാലാവസ്ഥ വ്യതിയാനം കാരണം കൃഷി നശിക്കുമ്പോൾ താറുമാറാകുന്ന ഭക്ഷ്യസുരക്ഷയിൽ പോഷകാഹാരക്കുറവ് അനുഭവിക്കേണ്ടിവരുന്നവരിൽ വലിയൊരു വിഭാഗവും കുട്ടികൾ തന്നെ. പോഷകദാരിദ്ര്യം ഗർഭിണികളേയും മുലയൂട്ടുന്ന അമ്മമാരേയും പ്രതികൂലമായി ബാധിക്കുന്നു. ഇത് നവജാത ശിശുക്കളുടേയും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടേയും അനാരോഗ്യത്തിനും പ്രതിരോധശേഷിയില്ലായ്മയ്ക്കും കാരണമാകുന്നുണ്ട്. ഉയർന്ന താപനിലയും ചോലകളുടേയും മരങ്ങളുടേയും അഭാവം മൂലം സൂര്യാഘാതവും അനന്തരഫലമായുണ്ടാകുന്ന അലർജി, പനി, ആന്ത്രവീക്കം തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സ തേടിയെത്തുന്നവരിൽ ഭൂരിഭാഗവും കുട്ടികളാണ്. അന്തരീക്ഷ മലിനീകരണം മൂലമുണ്ടാകുന്ന ശ്വാസകോശത്തെ ബാധിക്കുന്ന ന്യുമോണിയ, ആസ്ത്മ, അലർജി തുടങ്ങിയവ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ലോകത്താകമാനം ഇരട്ടിയായി വർധിച്ചു. കുട്ടികളിൽ ഇവയുടെ വ്യാപനം ഭയപ്പെടുത്തുന്ന വേഗതയിലാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലമായ മണ്ണിടിച്ചിൽ, മല വെള്ളപ്പാച്ചിൽ തുടങ്ങി പ്രകൃതിദുരന്തങ്ങളും കുട്ടികളെയാണ് കൂടുതലും ബാധിക്കുന്നത്. രോഗാതുരത ഒരു കുട്ടിയുടെ ശാരീരികാരോഗ്യത്തെ മാത്രമല്ല, മാനസികാരോഗ്യത്തെക്കൂടി തകർക്കുന്നു. സമ്പൂർണ്ണ സാമൂഹിക ജീവിയായി വളരാനുള്ള ഒരു കുട്ടിയുടെ അവകാശത്തെ നിഷേധിക്കുന്നതിന് തുല്യമാണ് ചുറ്റുപാടിൽ നിന്നുള്ള പിൻവലിയൽ.

## സ്ത്രീയ്ക്ക് എന്തുചെയ്യാൻ സാധിക്കും?

കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ ചെറുക്കുന്നതിനും പരിഹാര നടപടികൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനും ഏറ്റവും അനുയോജ്യമായ, ഫലപ്രദമായ മൂലശക്തിയായി (Agent) പ്രവർത്തി ക്കാൻ സ്ത്രീക്കാണ് കൂടുതലും സാധിക്കുക. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളെ ശാസ്ത്രീമായി അപഗ്രഥിക്കാനുള്ള നീക്കങ്ങൾക്ക് അടിത്തറപാകാൻ ഇരുപതിലധികം വർഷങ്ങൾ വേണ്ടിവന്നു. മനുഷ്യ ജീവിതത്തേയും മനുഷ്യകുലത്തിന്റെ ഭാവിയേയും അവരിടപെടുന്ന സാമൂഹിക സ്ഥാപനങ്ങളേയും കാലാവസ്ഥ വ്യതിയാനം എങ്ങനെയെല്ലാം ബാധിക്കുന്നു എന്നറിയാൻ കാലാവസ്ഥ ശാസ്ത്രശാഖ ഇനിയും വികസിക്കേണ്ടതുണ്ട് എന്നതിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ആസൂത്രിതമായ പരിഹാരങ്ങളാണ് ഈ വിഷയത്തിൽ സാങ്കേതികമായ പരിഷ്കാരങ്ങളേക്കാൾ മികച്ചത് എന്ന തിരിച്ചറിവും അനിവാര്യമാണ്. ജെൻഡർ സ്റ്റഡീസ്, ഫെമിനിസ്റ്റ് എപ്പിസ്റ്റമോളജി, പൊളിറ്റിക്കൽ ഇക്കോളജി, തുടങ്ങിയ സാമൂഹിക -മാനവിക ശാസ്ത്രവിഷയങ്ങളിൽ ഗവേഷണം നടത്താൻ സ്ത്രീകൾ താൽപ്പര്യപ്പെട്ട് മുന്നിട്ടിറങ്ങുന്നുണ്ട്. എന്നിരിയ്ക്കലും ലോകത്താകമാനമുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഈ മേഖലകളിൽ ഗവേഷണം നടത്തുന്ന സ്ത്രീകളുടെ എണ്ണത്തിലുള്ള അനുപാതം പുരുഷൻമാരെ അപേക്ഷിച്ചുനോക്കുമ്പോൾ വളരെ വലിയ അന്തരമുണ്ടെന്ന് മനസ്സിലാകും. ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നത പദവികളിലെത്തുന്ന സ്ത്രീകളുടെ എണ്ണവും വളരെ കുറവാണ്.

സാമൂഹിക-മാനവിക ശാസ്ത്ര വിഷയങ്ങളിൽ സ്ത്രീ ഗവേഷകരുടെ എണ്ണക്കുറവും സ്ത്രീകേന്ദ്രീകൃതമായ പഠനങ്ങൾ വേണ്ടത്ര ഉണ്ടാകാത്തതിനാലും പലപ്പോഴും കാലാവസ്ഥാ വ്യതിയാനം പോലുള്ള വിഷയങ്ങളിൽ സ്ത്രീയ്ക്ക് അനുകൂലമായ നയരൂപീകരണങ്ങളോ നിയമനിർമ്മാണങ്ങളോ ഉണ്ടാകാതെ പോകുന്നു. ഇത്തരം വിഷയങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മനുഷ്യാവസ്ഥ പഠിക്കാതെ കമ്പോളതന്ത്രങ്ങളും താൽപ്പര്യങ്ങളും മാത്രം പരിഗണനയ്ക്കെടുത്താൽ മനുഷ്യ സ്വഭാവത്തേയോ ജീവിത രീതികളോ ഇടപെടലുകളേയോ അവനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളേയോ സ്വാധീനിക്കാനോ മാറ്റം വരുത്താനോ കഴിയില്ല. മനുഷ്യന്റെ ഭാവിയെക്കുറിച്ചും ജീവിതരീതികളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ഓരോ വ്യക്തിയും സ്വയം ആർജ്ജിച്ചതും മനസ്സിലാക്കിയതും തിരിച്ചറിഞ്ഞതുമായ കാര്യങ്ങൾ പകർന്നുകൊണ്ട് അവന്റെ തൃപ്തികരമായ ജീവിതത്തിനുതകുന്നതും ആഗ്രഹങ്ങൾ പരിഗണിച്ചുകൊള്ളതുമായ പദ്ധതികളാകണം നടപ്പിലാവേണ്ടത്. പദ്ധതിയാസൂത്രണങ്ങളിൽ ലിംഗബോധം ഉണ്ടാവേണ്ടതും ജെൻഡർ സെൻസിറ്റീവ് ആയി കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതും അത്യാവശ്യമാണ്. സമൂഹത്തിൽ ആൺ-പെൺ ഭേദമന്യേ എല്ലാവരേയും പരിഗണിക്കുകയും ഏവർക്കും സ്വീകാര്യമാവുകയും ചെയ്യാൽ മാത്രമേ പദ്ധതികൾ അർത്ഥവത്താകുകയുള്ളൂ; അവ കാര്യക്ഷമമായി നടപ്പിലാക്കാനാവുകയുള്ളൂ.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട പദ്ധതിയാസൂത്രണരംഗങ്ങളിൽ പുരുഷന്റെ ആധിപത്യം വളരെ കൂടുതലും സ്ത്രീകളുടെ പങ്ക് വളരെ കുറവുമാണ്. സങ്കീർണ്ണവും അനിശ്ചിതത്വവും നിറഞ്ഞ മേഖലകളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് തികഞ്ഞ വെല്ലുവിളിയാണെന്നിരിക്കെ, പദ്ധതികളിൽ പുതിയ രീതികൾ പരീക്ഷിക്കേണ്ടത് അനിവാര്യതയായി മാറിയിരിക്കുന്നു. സങ്കീർണ്ണവും അനിശ്ചിതത്വവും നിറഞ്ഞ സാഹചര്യങ്ങളിൽ കൂടുതൽ കാര്യക്ഷമമവും വിവേചനത്തോടെയും ഇടപെടൽ നടത്താനാവുക കൂടുതൽ സ്ത്രീകൾക്കാണ്. കാരണം സ്വന്തം നിലനിൽപ്പിനോ



കുട്ടികളുടേയോ കുടുംബാംഗങ്ങളുടേയോ ഭാവിവെച്ച് പന്താടാനോ ഒരിക്കലും തയ്യാറാവാത്തവരാണ് ബഹുഭൂരിഭാഗം സ്ത്രീകളും. അതുകൊ തന്നെ ഭാവി അവതാളത്തിലാക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും തീരുമാനങ്ങളിൽ നിന്നും പിന്മാറാനും കാര്യങ്ങളുടെ സങ്കീർണ്ണത (Risk) കുറയ്ക്കുന്നതിനും സ്ത്രീകൾ പ്രത്യേക നൈപുണ്യം കാണിക്കാറുണ്ട്. അതിനാൽ കാലാവസ്ഥാ മാറ്റം സംബന്ധിച്ച നയരൂപീകരണ പ്രക്രിയകളിൽ കൂടുതൽ ഫലപ്രദമായി അതിന്റെ വിശ്വാസ്യതയും സാധുതയും വർധിപ്പിക്കാനും ഇത്തരം പ്രക്രിയകളിൽ സ്ത്രീകൾ നടത്തുന്ന ഇടപെടലുകളിലൂടെ സാധിക്കും. നിലവിലെ അസന്തുലിതമായ ലിംഗാധികാര ബന്ധങ്ങളിൽ മാറ്റത്തിന്റെ കാറ്റ് വീശാനും ഈ ഇടപെടൽ കാരണമാകും.

കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ ചെറുക്കാനും പരിസ്ഥിതി അനുരൂപണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഒരു ഗവേഷകയോ ഉദ്യോഗസ്ഥയോ വിദ്യാസമ്പന്നയോ ആയിരിക്കണമെന്ന യാതൊരു നിർബന്ധവുമില്ല. ഓരോ വീട്ടമ്മയ്ക്കും ഓരോ സ്ത്രീക്കും തന്റെ ദൈനംദിന പ്രവർത്തനങ്ങളിലൂടെ ഒരു നല്ല മൂലശക്തിയാകാം. പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിലും പരിസ്ഥിതി പ്രതികൂല പ്രവർത്തനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളിലും പ്രകൃതി സൗഹൃദ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും മുൻനിരയിൽ നിന്ന് ചരിത്രം പല പ്രദേശങ്ങളിലും സ്ത്രീകൾക്കുണ്ട്. മത്സ്യം, കൃഷി, ചെറുകിട വ്യാപാര സംരഭങ്ങൾ എന്നിവയിലൂടെ പ്രകൃതി വിഭവങ്ങൾ നേരിട്ട് കൈകാര്യം ചെയ്യുന്ന തൊഴിലുകളിലേർപ്പെടുന്നവരാണ് മിക്ക സ്ത്രീകളും. പ്രകൃതിയുമായി ബന്ധപ്പെട്ട് ജീവിതവ്യവസ്ഥയെ ക്രമീകരിക്കാൻ പുരുഷനേക്കാൾ താൽപ്പര്യം കാണിക്കുന്നവളാണ് സ്ത്രീ. വെള്ളം, ആഹാരം, ഊർജ്ജം, ആരോഗ്യം, കൃഷി, സാമ്പത്തികക്രയവിക്രയം തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകളുടെ ഇടപെടൽ ഇനിയും ശക്തിപ്പെടുത്തേണ്ടതു്. അവനവന്റെ കുടുംബത്തിനും സമൂഹത്തിനും ആവശ്യമായ ഭക്ഷണസാധനങ്ങൾ വിളയിച്ചെടുക്കുവാനുള്ള കാര്യത്തിൽ കുടുംബത്തിന് ഒരു കൂട്ടുത്തരവാദിത്തം ഉണ്ടെങ്കിലും ഇതിലേയ്ക്ക് മുന്നിട്ടിറങ്ങാനുള്ള ആർജ്ജവം കുടുംബിനികൾ കാണിക്കണം. 'കുടുംബകൃഷി' എന്നത് തിരിച്ചു കൊണ്ടുവരാനുള്ള നേതൃത്വം ഏറ്റെടുക്കാൻ വീട്ടമ്മമാരാണ് എന്തുകൊണ്ടും യോഗ്യർ. വീട്ടിലെ എല്ലാ അംഗങ്ങളും ചേർന്നുള്ള കൃഷി ഇത്തരത്തിൽ വ്യാപിപ്പിക്കാം. ഊർജ്ജം, ജലം, ജൈവവൈവിധ്യം, പച്ചപ്പ് എന്നിവയുമായ ഇണങ്ങിനിൽക്കുന്ന സ്മാർട്ട് കൃഷിയെക്കുറിച്ച് ഓരോ വീട്ടമ്മയും ബോധവതിയാകണം. വീട്ടുമുറ്റത്തെ നാടൻമാവ് /പ്ലാവ് ഇനങ്ങൾ നിലനിർത്തി ജൈവവൈവിധ്യം സംരക്ഷിക്കാനും ഏതുകാലാവസ്ഥയിലും വിളയുന്ന വിത്തിനങ്ങൾ കണ്ടെത്തി കൃഷി ചെയ്യാനും സ്ത്രീകൾക്ക് മുന്നിട്ടിറങ്ങാവുന്നതാണ്.

ഒരു ദിവസത്തെ ആഹാരത്തിന്റെ പകുതിയെങ്കിലും നമ്മുടെ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് എന്നത് ഒരു മാറ്റത്തിന്റെ തുടക്കമാണ്. ഈ മാറ്റം യാഥാർത്ഥ്യമാകുന്നതിന് കൃഷിസംബന്ധിയായ ധാരാളം അറിവുകൾ ഒരു വീട്ടമ്മയ്ക്ക് ലഭ്യമാക്കേണ്ടതു്. കൃഷിയിടം എങ്ങിനെ ഒരുക്കാം, വിത്തുകൾ എങ്ങിനെ തെരഞ്ഞെടുക്കാം, കാലാവസ്ഥയ്ക്കനുയോജ്യമായ

വിളകൾ ഏതെല്ലാം, വിളകൾക്ക് അനുയോജ്യമായ വിളകൾ ഏതെല്ലാമാണ്, വളം എങ്ങിനെ സ്വന്തമായി ഉൽപ്പാദിപ്പിക്കാം കൃഷിയ്ക്കനുകൂലമല്ലാത്ത നിലങ്ങളും മണ്ണും എങ്ങിനെ തിരിച്ചറിയാം, വെള്ളത്തിന്റെ ലഭ്യത എങ്ങിനെ ഉറപ്പുവരുത്താം, കൃഷിയിടത്തിന് ചുറ്റും ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെന്ന് തുടങ്ങിയ അറിവുകൾ.

വീട്ടാവശ്യത്തിനുള്ള വെള്ളം ശേഖരിയ്ക്കുന്നതും ഉപയോഗിക്കുന്നതും പ്രധാനമായും സ്ത്രീകളുടെ ജോലിയാ യതിനാൽ വരൾച്ചാ വെള്ളപ്പൊക്ക കാലങ്ങളിൽ ശുദ്ധജലം സംഘടിപ്പിക്കാനുള്ള ബുദ്ധിമുട്ട് സഹിയ്ക്കുന്നതും സ്ത്രീകളാണ്. അതുകൊണ്ടുതന്നെ തടസ്സമില്ലാതെ ശുദ്ധജല ലഭ്യതയ്ക്കായി ഒരു പ്രദേശത്തുള്ള മുഴുവൻ സ്ത്രീകളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ശബ്ദം ഉയർത്തേണ്ടതുണ്ട്. ആവശ്യത്തിന് പൊതുകിണറുകൾ കുഴിയ്ക്കുന്നതിലേക്കും കുടിവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിലേയ്ക്കും മഴവെള്ളം ശേഖരിക്കാനുള്ള സൗകര്യങ്ങൾ നടപ്പിലാക്കുന്നതിലേക്കും പ്രാദേശിക ഭരണകൂടങ്ങളുടെ ശ്രദ്ധ തിരിയ്ക്കാൻ സ്ത്രീകളുടെ ഇത്തരം കൂട്ടായ്മകൾകൊണ്ടും പ്രതിഷേധ പരിപാടികൾകൊണ്ടും സാധിയ്ക്കും. വരാനിരിയ്ക്കുന്ന വലിയ ഭീഷണിയായി കുടിവെള്ളക്ഷാമത്തെ മുന്നിൽ കണ്ടുകൊണ്ട് അതിന്റെ ഗൗരവത്തെക്കുറിച്ച് കുട്ടികളെ മനസ്സിലാക്കി കൊടുക്കുവാനും അവരെ മിതമായ തോതിൽ വെള്ളം ഉപയോഗിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യണം.

വീട്ടാവശ്യത്തിനുള്ള ആഹാര സാധനങ്ങൾ കണ്ടെത്തുന്നതും ശേഖരിയ്ക്കുന്നതും പാചകം ചെയ്യുന്നതും അവ വിതരണം ചെയ്യുന്നതുമടക്കം ഒരു വലിയ ഉത്തരവാദിത്തമാണ് സ്ത്രീകളുടെ ചുമലിലുള്ളത്. ഒരു കുടുംബത്തിന്, ഒരു ദിവസം, ഒരു മാസം, ഒരു വർഷം ശരാശരി എത്രയളവ് ഭക്ഷ്യധാന്യങ്ങൾ ആവശ്യമുണ്ടെന്നതിനെക്കുറിച്ച് ഒരു വീട്ടമ്മയ്ക്ക് ഏകദേശ ധാരണയുായിരിക്കണം. ഇത്തരമൊരു ധാരണ അതാതു സീസണുകളിൽ സുലഭമായി ലഭിയ്ക്കാവുന്ന പച്ചക്കറികളും പഴങ്ങളും കൂടുതലായി വിളയിച്ച് അവ ലഭ്യമല്ലാത്ത കാലത്ത് കൂടെ ഉപയോഗിയ്ക്കുവാൻ പാകത്തിൽ ശേഖരിയ്ക്കാനും അവ സംസ്കരിക്കാനുമുള്ള ഒരറിവ് കൂടി സ്ത്രീയ്ക്ക് നൽകാം. സംസ്കരണം, ശേഖരണം എന്നിവയ്ക്കായി പ്രാദേശികമായി നടപ്പിലാക്കി വരുന്ന നാട്ടറിവുകളും ഉപയോഗപ്പെടുത്താം. പഴങ്ങൾക്കും പച്ചക്കറികൾക്കും പുറമെ വിത്തുകളും ഇത്തരത്തിൽ സംസ്കരിച്ച് കരുതിവെയ്ക്കാം.

കെട്ടിട നിർമ്മാണത്തിനും മരക്കരിയ്ക്കായും വിറകിനായും മരങ്ങൾ വെട്ടിനശിപ്പിക്കുന്ന പ്രവണതകൾ അതിനെതിരെ ആ പ്രദേശത്തെ സ്ത്രീകൾ സംഘടിച്ച് പ്രതികരിക്കണം. വീടിനു ചുറ്റും മരങ്ങൾ വെച്ചുപിടിപ്പിച്ചും സസ്യത്തൈകൾ വളർത്തുന്ന ഇടങ്ങൾ (Nurseries) ഒരുക്കിയും പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. ഇന്ധനം കൂടുതൽ ആവശ്യമില്ലാത്ത അടുപ്പുകളും വിളക്കുകയും ഉപയോഗിച്ചും സൗരോർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ചും കുടുംബിനികൾക്ക് മാതൃകയാകാം. സൂര്യപ്രകാശം, കാറ്റ്, എന്നിവപോലെ ജൈവമാലിന്യങ്ങളിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കാം എന്ന പാഠം സ്ത്രീകൾ മനസ്സിലാക്കണം. ഇത്തരം ഊർജ്ജ ഉൽപ്പാദനം എങ്ങിനെ സാധ്യമാക്കാം എന്നത് കൂട്ടായിരുന്ന് ചർച്ച ചെയ്യാം.

കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ആരോഗ്യഭീഷണികളും വീട്ടമ്മമാരെ വലിയതോതിൽ ബാധിക്കുന്നുണ്ട്. കുടുംബത്തിലെ

## എന്താണ് ഇക്കോഫെമിനിസം ?

ലോകവ്യാപകമായി പ്രചാരം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണിത്. സ്ത്രീ സ്വാതന്ത്ര്യ വാദത്തെയും പരിസ്ഥിതി വിജ്ഞാനത്തെയും കൂട്ടിയിണക്കികൊണ്ട് പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന ഇക്കോഫെമിനിസം സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെ മുൻനിർത്തിക്കൊണ്ട് സുസ്ഥിര വികസനമെന്ന സങ്കൽപ്പത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ സ്ഥാപിക്കുന്നു. കാലാകാലങ്ങളായി സമൂഹത്തിലും കുടുംബത്തിലും അടിച്ചമർത്തപ്പെടുന്ന സ്ത്രീയേയും, മനുഷ്യരുടെ മനുഷ്യത്വമില്ലാത്ത ഇടപെടലുകൾ കാരണം ക്ഷയിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയേയും ഒരേ തട്ടിൽ വെച്ചുകൊണ്ടാണ് ഇക്കോഫെമിനിസം വായന നടത്തുന്നത്. സ്ത്രീയ്ക്കുമേൽ പുരുഷന്റെ അധികാരവും ചൂഷണവും പ്രകൃതിയ്ക്കുമേൽ സംസ്കാരത്തിന്റെ കടന്നുകയറ്റവും ചൂഷണവും ഇവിടെ പാനവിഷയമാകുന്നു. സ്ത്രീയും പ്രകൃതിയും ഒരുപോലെ ഉപഭോഗാസക്തിയുടെ ഇരകളാകുന്നതിന്റെ ഒരു താരതമ്യ പാനം കൂടിയാണിത് എന്നുപറയാം. പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളിൽ ഇടപെട്ടും പ്രകൃതി സംരക്ഷ ണ-പരിപാലന പ്രവർത്തനങ്ങളിൽ പങ്കെടുത്തും ഒരുപാടു കാലങ്ങൾക്ക് മുൻപുതന്നെ സ്ത്രീകൾ രംഗത്തുണ്ടായിരുന്നുവെങ്കിലും 1970കളിലാണ് ഇക്കോഫെമിനിസം എന്ന വാക്കിന് പ്രചാരം കിട്ടിയത്. 1997ൽ ഒരു ഫ്രഞ്ച് ഫെമിനിസ്റ്റായ ഫ്രാൻകോ യോബെന്നെയാണ് ഇക്കോഫെമിനിസം എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്.



ഏതൊരു അംഗത്തിന് അസുഖം ബാധിച്ചാലും അതിന്റെ പിരിമുറുക്കങ്ങളും ക്ലേശവും സംഘർഷവും അലട്ടുന്നത് സ്ത്രീകളെയായിരിക്കാം. മലേറിയ പോലുള്ള സാംക്രമിക രോഗങ്ങൾ ശക്തമായി തിരിച്ചുവരുന്നത് കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലമാണ്. രോഗികളായ കുടുംബാംഗങ്ങളെ പരിചരിക്കുവാൻ പാടുപ്പെടുന്ന സ്ത്രീകൾ നമുക്ക് ചുറ്റുമുള്ള സ്ഥിരം കാഴ്ച്ചയാണ്. ഇത്തരം വിഷമഘട്ടങ്ങളിൽ എങ്ങിനെ ഇടപെടണമെന്ന പരിജ്ഞാനം പലപ്പോഴും സ്ത്രീകൾക്ക് ലഭിക്കാറില്ല. സൂര്യതാപമേറ്റ് കുട്ടികളുടെ ശരീരം പൊള്ളുമ്പോൾ അത് ത്വക്ക് രോഗമല്ലെന്ന് മനസ്സിലാക്കാനുള്ള പ്രായോഗിക ബുദ്ധി ഒരു വീട്ടമ്മയിൽ ഉണ്ടാകണമെങ്കിൽ അതിനു തക്കതായ അറിവ് അവൾക്ക് ലഭിക്കണം. അസുഖങ്ങൾ നേരിടാനും അതിന് ലഭ്യമായ ചെലവ് കുറഞ്ഞ പരമ്പരാഗത ഔഷധങ്ങളെക്കുറിച്ചും ചികിൽസയ്ക്കും ആരോഗ്യ പരിചരണത്തിനുമായുള്ള നാട്ടറിവുകളെക്കുറിച്ചുള്ള ശരാശരി അറിവ് ഓരോ വീട്ടമ്മയ്ക്കും ലഭിക്കേണ്ടത്. വീടിനും കുടുംബത്തിനുമായി കൂടുതലായും ഉൽപാദന പ്രക്രിയകളിൽ ഏർപ്പെടുന്നവരാണ് സ്ത്രീകൾ എങ്കിലും നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്ക് അവർ ചെയ്യുന്ന ഗാർഹിക ജോലികൾക്ക് വേതനം ലഭിയ്ക്കാറില്ല. അതുകൊണ്ടുതന്നെ സാമ്പത്തിക രംഗത്ത് സ്ത്രീകളുടെ സംഭാവന തുലോം കുറവാണെന്ന് തന്നെ പറയാം. നമ്മുടെ പാരമ്പര്യവും സംസ്കാരവും സ്ത്രീ പുറംജോലികൾക്ക് പോകുന്നതും വരുമാനം കണ്ടെത്തുന്നതും ഇപ്പോഴും താൽപ്പര്യപ്പെടുന്നില്ല. ഭാരിച്ച ഉത്തരവാദിത്തങ്ങളും കടമകളും അസൗകര്യങ്ങളും കാരണം പലസ്ത്രീകളും പുറത്തുപോയി ജോലിയെടുക്കുവാൻ വിമുഖത കാണിക്കുന്നു.

ഈയൊരവസ്ഥയിൽ വീട്ടിലിരുന്ന് ചെയ്ത് വരുമാനം കണ്ടെത്താവുന്ന ജോലികളെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കണം; പ്രോത്സാഹിപ്പിക്കണം. മാംസത്തിനും പാലിനും മുട്ടയ്ക്കുമായി പക്ഷികളെയും മൃഗങ്ങളേയും വളർത്തുന്നതും അലങ്കാര മത്സ്യങ്ങൾ, കറി മത്സ്യങ്ങൾ, പച്ചക്കറികൃഷി, പൂൽകൃഷി, അലങ്കാരചെടികൾ, കൂൺകൃഷി, ആഭരണ നിർമ്മാണം തുടങ്ങിയ മുതൽമുടക്ക് കുറഞ്ഞ ജോലികളിലും ഭക്ഷണശാല, ടൈലറിങ്ങ്, ബാഗ്-കുട-ചെരിപ്പ്-മെഴുകുതിരി നിർമ്മാണം, ഫാൻസികട, തുടങ്ങി ചെറിയ മുതൽമുടക്കുള്ള ജോലികളിലും സ്ത്രീകൾക്ക് പരിശീലനം ലഭിക്കണം. ഇത്തരം സന്ദർഭങ്ങളിൽ മുന്നിട്ടിറങ്ങുന്ന സ്ത്രീകൾക്ക് ഫുകളുടെ സ്രോതസ്സിനെക്കുറിച്ചും ലോണുകളെക്കുറിച്ചും മറ്റു സാമ്പത്തികലഭ്യതകളെക്കുറിച്ചുമെല്ലാം വ്യക്തമായ അറിവുണ്ടായിരിക്കണം. വരുമാനലഭ്യത സമ്പാദ്യശീലത്തിലേക്കും മിതവ്യയ ശീലത്തിലേയ്ക്കുമാണ് ഓരോ സ്ത്രീയേയും നയിക്കുന്നത്. സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുന്ന ഓരോ സ്ത്രീയും സ്വയം ആരോഗ്യവതിയായിരിക്കാനും കുട്ടികളടങ്ങുന്ന കുടുംബാംഗങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ കെൽപ്പുള്ളവളുമായിത്തീരും.

സമ്പാദ്യശീലത്തിന്റേയും മിതവ്യയത്തിന്റേയും നല്ലപാഠങ്ങൾ കുട്ടികൾക്ക് പകരുവാൻ ഏറ്റവും മികച്ച മൂലശക്തിയായി മാറാനും സ്ത്രീകൾക്കു മാത്രമേ സാധിക്കൂ.

## ഇടപെടൽ എങ്ങിനെ?

സ്ത്രീകളുടെ ശബ്ദങ്ങൾക്ക് ചെവി കൊടുക്കേണ്ടതും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ചർച്ചകളിലെ ലിംഗപരമായ പരിപ്രേക്ഷ്യത്തിൽ കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടതും രണ്ട് മുഖ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പ്രധാനമാണ്. ഒന്ന്, കാലാവസ്ഥ വ്യതിയാനമാകുന്ന അവസരങ്ങളേയും അപകടങ്ങളേയും ഒരുപോലെ സാമൂഹിക ശാസ്ത്രത്തിന്റേയും മാനവ വിജ്ഞാനത്തിന്റേയും അടിസ്ഥാനത്തിൽ വിലയിരുത്തുണ്ടെന്ന് വിശ്വസനീയമായ ശാസ്ത്രീയ വിവരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. രണ്ട്, പ്രാദേശിക തലം മുതൽ ആഗോളതലം വരെയുള്ള നയരൂപീകരണം ആർക്കുവേണ്ടിയാണോ ഉണ്ടാക്കുന്നത്, അവർക്ക് വിശ്വസനീയമാവുക എന്നത് പ്രധാനമാണ്. ശാസ്ത്രത്തിന്റേയും ഭരണനിർവ്വഹണത്തിന്റേയും ഗുണമേൻമയും പ്രസക്തിയും വർദ്ധിക്കുമെന്നതിനാലാണ് സ്ത്രീകളുടെ ശബ്ദത്തിന് ഇവിടെ പ്രാധാന്യമേറുന്നത്. പുരുഷമേധാവിത്തം നിലനിൽക്കുന്ന ശാസ്ത്ര എഞ്ചിനീയറിങ് മേഖലകളിൽ ആനുപാതികമായി സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അവരെ അനുകൂലിച്ചുകൊണ്ടും പിന്തുണച്ചുകൊണ്ടും ശാസ്ത്രമേഖലകൾ വളരണം. പദ്ധതിയാസൂത്രണ രംഗങ്ങളിൽ സ്ത്രീകളുടെ ശബ്ദം ഉയരുവാനും കേൾക്കുവാനും സാധ്യമാക്കുന്ന തരത്തിൽ കാലാവസ്ഥാ ശാസ്ത്ര മേഖലകളിലെ ഗവേഷണങ്ങളിൽ സ്ത്രീകൾ മുൻപോട്ടുവന്നേ മതിയാകൂ, പുതിയ തലങ്ങളിലുള്ള കാലാവസ്ഥാ ശാസ്ത്ര പഠനങ്ങളിലും കാലാവസ്ഥ രാഷ്ട്രീയ ത്തിലും ഇനിയെങ്കിലും സ്ത്രീകൾ സജീവമായേ പറ്റൂ.

സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗഭേദം തൊഴിലിലേയും വിദ്യാഭ്യാസത്തിലേയും കൂലിയിലേയും അസമത്വം, ആരോഗ്യരംഗത്തെ ഭീഷണികൾ, സ്ത്രീപുരുഷാനുപാതത്തിലെ വർദ്ധിപ്പിച്ചുവരുന്ന വിടവ്, സ്ത്രീപീഢനങ്ങളും അതിക്രമങ്ങളും ചൂഷണങ്ങളുമെല്ലാം തന്നെ സ്ത്രീകളെ കൂടുതൽ കൂടുതൽ ദുർബലരാക്കുമ്പോൾ, കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്രതിരോധിക്കുവാനോ പുതിയ മാർഗങ്ങൾ അവലംബിക്കുവാനോ സാധിക്കാതെ അവർ വിം ആക്രമിക്കപ്പെടുന്നു. ഇങ്ങനെ പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി സ്ത്രീജീവിതത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയും ആശങ്കാകുലമാക്കുകയും ചെയ്യുമ്പോൾ ഇത്തരം പ്രതിസന്ധികളെ മറികടക്കുവാൻ ചില മാറ്റങ്ങൾ അനിവാര്യമാണ്. യു.എൻ.എഫ്.സി.സി (United Nations Framework Convention on Climate Change) പോലുള്ള ആഗോള വേദികളിലും മനുഷ്യാവകാശപ്രവർത്തനങ്ങളിലും, ലിംഗസമത്വത്തിനും നീതിയ്ക്കുമായി നിലനിൽക്കുന്ന അന്താരാഷ്ട്ര-ദേശീയ തല പ്രവർത്തനസംഘങ്ങളിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതു്. സ്ത്രീയ്ക്കെതിരേയുള്ള അനീതിയ്ക്കും അസമത്വവും ഇല്ലായ്മ ചെയ്യാനായി പ്രവർത്തിക്കുന്ന സംഘടനകളിലും വേദികളിലും (Convention on the Elimination of all Forms of Descrimination Against Women) അതുപോലെ കുട്ടികളുടെ അവകാശങ്ങൾക്കായി പൊരുതുന്ന സംഘങ്ങളിലും (Committee on the Rights of Children) സ്ത്രീ പങ്കാളിത്തം വർധിപ്പിച്ചേ തീരൂ. ഇത്തരം പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് സമാഹരണ-വിനിയോഗ-കൈകാര്യ മേഖലകളിലും ലിംഗപരമായ തുല്യത പാലിയ്ക്കണം. കാലാവസ്ഥാ പ്രതിനിധി സമ്മേളനങ്ങളിലും പാർട്ടി കോൺഫറൻസുകളിലും (COP) ലിംഗാനുപാതികമായി പ്രതിനിധികളുടെ പങ്കാളിത്തം നിർബന്ധമാക്കണം. എന്നാൽ മാത്രമേ കാലാവസ്ഥാ മാറ്റം പോലുള്ള ആഗോള വിഷയങ്ങളിൽ സ്ത്രീ-പുരുഷ വിചാരങ്ങളും കാഴ്ച്ചപ്പാടുകളും, സമീപന രീതികളും, അനുഭവങ്ങളും ഏകോപിപ്പി ക്കാനും അതിലൂടെ ലിംഗസമത്വവും സുസ്ഥിര വികസനവും സാധ്യമാക്കാൻ കഴിയൂ.

## പ്രാദേശിക ഭരണകൂടങ്ങൾക്ക് എന്തുചെയ്യാൻ സാധിക്കും?

ഓരോ സമൂഹത്തിലും ഉൽപ്പാദന-പ്രത്യുൽപ്പാദന രംഗങ്ങളിൽ എല്ലാക്കാലവും സജീവമായി ഇടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ത്രീകൾക്ക് ഒരു സുരക്ഷിത സമൂഹത്തിന്റെ ഭാവിയ്ക്കായി എത്രമാത്രം വലിയ പങ്കാണ് വഹിക്കാനുള്ളതെന്ന വസ്തുത ഇനിയും തിരിച്ചറിയേണ്ടതുണ്ട്. അതിനാവശ്യമായ പരിചയസമ്പന്നതയും നൈപുണ്യവും പ്രകൃത്യാതന്നെ സ്ത്രീയ്ക്കുണ്ടെന്നിരിക്കേ ഈ സാധ്യതയെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് വേണം കാലാവസ്ഥാ വ്യതിയാനമുയർത്തുന്ന പ്രത്യാഘാതങ്ങളെ ഫലപ്രദമായി നേരിടാൻ. വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും പുതിയ ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിലും കൃത്യമായ പരിശീലനവും അറിവും നേടിയാൽ സ്ത്രീകൾ ഒരുപക്ഷേ തിരിച്ചുനൽകാനിരിയ്ക്കുന്നത് പ്രകൃതി സംരക്ഷണത്തിന്റേയും സുസ്ഥിര വികസനത്തിന്റേയും മഹത്തായ പാഠങ്ങളായിരിയ്ക്കും. ഈ പാഠങ്ങൾ പ്രതിഫലിയ്ക്കാതിരിയ്ക്കുന്നതാകട്ടെ സ്ത്രീയുമായി ബന്ധപ്പെട്ടിരിയ്ക്കുന്ന കുട്ടികൾ, ഭർത്താവ്, സഹോദരൻ, രക്ഷിതാക്കൾ, സുഹൃത്തുക്കൾ എന്നിവരെല്ലാം അടങ്ങിയ ഒരു വലിയ സമൂഹത്തിലാണ്.

അതായത് സമൂഹങ്ങളിലെ ലിംഗപരമായ ധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാനം പോലുള്ള പാരിസ്ഥിതി പ്രശ്നങ്ങളുടെ വെല്ലുവിളികളും പ്രത്യാഘാതങ്ങളും മനസ്സിലാക്കുകയും ആനുപാതികമായ പരിഹാര-പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവുമെല്ലാം തന്നെ പുരുഷനേക്കാൾ കൂടുതൽ മുറിവേൽപ്പിക്കുന്നത് സ്ത്രീകളെയാണെന്ന യാഥാർത്ഥ്യമുൾക്കൊണ്ട് വെള്ളപ്പൊക്കം, വരൾച്ച, മാരകരോഗങ്ങൾ, മറ്റു പാരിസ്ഥിതി വിപത്തുകൾ എന്നിവയുണ്ടാകുമ്പോൾ അവയ്ക്കെതിരെ കൂടുതൽ പ്രതിരോധ നടപടികളും സൗകര്യങ്ങളും സംരക്ഷണവും സ്ത്രീകൾക്കായി ഒരുക്കി നൽകണം. അതിനുവേണ്ടി മന്ത്രിതലങ്ങളിൽ തന്നെ പ്രത്യേക നിയുക്ത സംഘങ്ങളെ



(InterMinisterial Task Force) തന്നെ നിയോഗിക്കാം.

സമൂഹത്തിൽ സ്ത്രീകളേയും ദരിദ്ര ജനവിഭാഗങ്ങളേയും തൃപ്തികരമായ ജീവിത്തിനായി പാകപ്പെടുത്തുക, ദാരിദ്യം തുടച്ചുനീക്കുക, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക. കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽകണ്ടു കൊണ്ട് പ്രകൃതി വിഭവങ്ങളിൽ മേൽ സ്ത്രീകൾക്കുള്ള നിയന്ത്രണവും അധികാരവും വിഭവങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്താനായി പ്രത്യേക നയങ്ങൾ ആസൂത്രണം ചെയ്യാൻ പ്രാദേശിക ഭരണകൂടങ്ങൾക്കാവണം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങൾ ലഘൂകരിക്കൽ, പരിസ്ഥിതിയുമായി ഇണങ്ങിച്ചേരൽ എന്നിവയിൽ സ്ത്രീകൾക്കുള്ള പ്രത്യേക കഴിവും നൈപുണ്യവും തിരിച്ചുഞ്ഞ് അവർക്കായി സമഗ്ര പരിസ്ഥിതി വിജ്ഞാനം നൽകുവാനും അവരുടെ പ്രവർത്തന മേഖലകൾ വിപുലീകരിക്കാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ പ്രാദേശിക ഭരണകൂടങ്ങൾക്ക് കഴിയണം. പ്രകൃതി വിഭവങ്ങൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിനും പുതിയ ഉപജീവന മാർഗ്ഗങ്ങൾ കത്തുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങളും പരിശീലനവും സ്ത്രീകൾക്ക് കാലോചിതമായി നൽകുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണം. സ്ത്രീകൾ മുൻകയ്യെടുത്ത് കൃഷി ചെയ്യുന്നതും വിളവെടുക്കുന്നതും ശേഖരിക്കുന്നതുമായ കാർഷികോൽപ്പന്നങ്ങളും വിത്തുകളും സമാഹരിക്കുന്നതിനും വിനിയോഗിക്കുന്നതിനുമായി കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ പ്രാദേശിക ഭരണകൂടങ്ങൾക്കിടപ്പെടാം. അതാത് പ്രദേശങ്ങളിൽ ഭക്ഷ്യധാന്യം ബാങ്കുകൾ സ്ഥാപിച്ച് കർഷകരായ വീട്ടമ്മമാരെ അതുമായി ബന്ധപ്പെടുത്തി അതിലൂടെ വിളകളുടെ സംരക്ഷണവും കച്ചവടവും ഉറപ്പുവരുത്തുകയും ഭക്ഷ്യസുരക്ഷയെന്ന വൻ നേട്ടത്തിലേയ്ക്ക് സമൂഹത്തെ അടുപ്പിക്കുകയും ചെയ്യും.

കാലാവസ്ഥാ വെല്ലുവിളികളെ ലഘൂകരിക്കുക, പരിസ്ഥിതി അനുരൂപണ പ്രവർത്തനങ്ങൾ രൂപീകരിക്കുക തുടങ്ങിയ പ്രക്രിയകളിൽ തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോഴും ഇവ സംബന്ധിച്ച ചർച്ചകളുണ്ടാകുമ്പോഴും പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും സ്ത്രീകളുടെ സജീവമായ സാന്നിദ്ധ്യവും പങ്കാളിത്തവും പ്രാദേശിക ഭരണകൂടങ്ങൾ ഉറപ്പുവരുത്തണം. സമൂഹത്തിലെ ഉന്നത സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന പ്രൊഫഷണലുകളായ സ്ത്രീകളേയും സാധാരണ വീട്ടമ്മമാരേയും വനിതാശിശുക്ഷേമ പ്രവർത്തകരേയും, സ്ത്രീ പുരോഗമനവാദികളേയും ഉൾക്കൊള്ളിച്ചു കൊണ്ടാവണം കാലാവസ്ഥയെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ. കാലാവസ്ഥ വെല്ലുവിളികളും പ്രത്യാഘാതങ്ങളും തടയുന്നതിലും ലഘൂകരിക്കുന്നതിലും സ്ത്രീകൾ അറിഞ്ഞോ അറിയാതെയോ വലിയ പങ്ക് വഹിക്കുന്നുണ്ട്.

എങ്കിലും മറ്റുപല രംഗങ്ങളിലുമെന്നതുപോലെ ഈ പ്രവർത്തനങ്ങളും രേഖപ്പെടുത്താതേയും അർഹിക്കുന്ന പ്രാധാന്യമോ പരിഗണനയോ ലഭിക്കാതെ പോകുന്നുണ്ട്. സ്ത്രീകൾ മുൻകയ്യെടുത്ത് നടത്തുന്ന പ്രകൃതി -പരിസ്ഥിതി സംരക്ഷണപരിപാലന പ്രവർത്തനങ്ങളും പ്രതിഷേധ കൂട്ടായ്മകളും രേഖപ്പെടുത്തുകയോ വാർത്തയാവുകയോ, ചർച്ച ചെയ്യപ്പെടുകയോ വേണം. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്ന സ്ത്രീകളെ ആദരിക്കുവാനും അംഗീകരിക്കാനും ഒപ്പം അവരെ പിന്താങ്ങുകയും സഹായിക്കുകയും ചെയ്യുന്ന സർക്കാരിന്റെ പ്രാദേശിക വനിതാപ്രതിനിധികളെ അംഗീകരിക്കുവാനും പ്രാദേശിക ഭരണകൂടങ്ങൾ യാതൊരു മടിയും കാണിയ്ക്കാതെ മുന്നോട്ടുവന്നാൽ അത് ആ പ്രദേശത്തുള്ള മറ്റു സ്ത്രീകൾക്കെല്ലാം മാതൃകയും പ്രോത്സാഹനവുമാകും.

**കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങളെ ഫലപ്രദമായി നേരിടുവാൻ കുട്ടികളുടെ കാര്യത്തിലും പ്രാദേശിക ഭരണകൂടങ്ങൾക്ക് ഇടപെടാനാകും; ചിലതെല്ലാം ചെയ്യാനാകും.**

കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രത്യാഘാതങ്ങളും കൂടുതൽ ബാധിക്കുന്ന വിഭാഗങ്ങളായ ദരിദ്രർ, വൃദ്ധർ, സ്ത്രീകൾ, ഗർഭിണികൾ, കുട്ടികൾ എന്നീ വിഭാഗങ്ങളിൽ ഏറ്റവും വലിയ ശതമാനം വരുന്നവർ കുട്ടികളാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് പരിഹാര നടപടികൾക്കായുള്ള ആസൂത്രണങ്ങളിലും നയങ്ങളിലും ചർച്ചകളിലുമെല്ലാം കുട്ടികളെ കേന്ദ്രബിന്ദുവാക്കേണ്ടത്. ഓരോ കുട്ടിയ്ക്കും ഏറ്റവും അനുകൂലമായ അവസ്ഥയിൽ ആരോഗ്യവും പോഷകവും ശാരീരിക മാനസിക വളർച്ചയും ഉറപ്പുവരുത്തിക്കൊണ്ട് കാലാവസ്ഥാ വ്യതിയാനം പോലുള്ള വെല്ലുവിളികളെ അതിജീവിക്കാൻ അവരെ പ്രാപ്തരാക്കുവാനുള്ള നടപടികൾ പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളണം. ഇതിലേക്കായി വിദ്യാഭ്യാസ വിചക്ഷണരുടേയും സഹായം തേടാം, അവരുടെ ഒരു പാനൽ തയ്യാറാക്കി ഭാവിപ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകാം. കുട്ടികളുടെ കഴിവുകൾ കറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും പ്രശ്നപരിഹാരങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾക്ക് അവസരമൊരുക്കിയും പ്രതികൂലാവസ്ഥകളെ തരണം ചെയ്യാൻ അവരെ സജ്ജമാക്കേണ്ടത്. സർക്കാരിന്റെ പ്രാദേശിക ദുരിത നിവാരണ പ്രവർത്തനങ്ങളിലും പ്രാദേശിക ശാക്തീകരണ യജ്ഞങ്ങളിലും കുട്ടികളുടെ അറിവും സാമൂഹിക ബന്ധങ്ങളും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് അവരെ ഫലപ്രദമായി ഓരോ പ്രവർത്തനങ്ങളിലും ഉൾക്കൊള്ളിക്കാം. പ്രദേശത്ത് ഏത് പ്രതികൂലാവസ്ഥ സംജാതമായാലും കുട്ടികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ആവശ്യങ്ങൾക്കും, ജീവിത രീതിയ്ക്കും, ചുറ്റുപാടുകൾക്കും, സാമൂഹിക ബന്ധങ്ങൾക്കും യാതൊരു കോട്ടവും സംഭവിക്കാതെ സംരക്ഷിച്ചുകെപോകാനുള്ള ഒരവസ്ഥ ഓരോ വീട്ടിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവരിടപ്പെടുന്ന ഓരോ രംഗത്തും സംജാതമാക്കണം. എങ്ങിനെ സംജാതമാക്കണമെന്നത് കൂട്ടായ ചർച്ചകളിലൂടെ മാത്രമേ കണ്ടെത്താനാകൂ. കാലാവസ്ഥാ പരിഹാര നടപടികളിലും അനുരൂപണ പ്രവർത്തനങ്ങളിലും കുട്ടിയെ ഒരു നല്ല മൂലശക്തി (Agent) യാക്കാം. സ്കൂളുകളിലും കോളേജുകളിലും ക്യാംപസുകളിലും സൈക്കിൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചും, ഹരിത ക്ലബുകൾ സ്ഥാപിച്ച് പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാനുള്ള നൈപുണ്യം പകർന്നും, 'എന്റെ മരം' 'എന്റെ മഴക്കുഴി ' തുടങ്ങിയ പദ്ധതികളിൽ കുട്ടികളെ പങ്കെടുപ്പിച്ചും, ഭക്ഷണസാധനങ്ങളും വെള്ളവും സൂക്ഷിക്കാൻ ഗ്ലാസ്, സെറാമിക്, സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിച്ചും ശുഭകരമായ ഒരു മാറ്റത്തിലേയ്ക്ക് പുതുതലമുറയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്താം.

മറ്റേതൊരു സാമൂഹിക പ്രതികൂലാവസ്ഥയിലുമെന്നതുപോലെ, കാലാവസ്ഥാ വ്യതിയാന സംബന്ധിയായ അസന്തുലിതാവസ്ഥയിലും പെട്ടെന്ന് പ്രതികരിക്കുന്നതും കാര്യക്ഷമമായി പ്രവർത്തിക്കുന്നതും അതാതു സമൂഹത്തിലെ കുട്ടികളാണെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടത്.

കഴിവും കരുത്തുമുള്ളവരാണ് ഓരോ സ്ത്രീയും എന്ന സത്യം അംഗീകരിച്ചുകൊണ്ട് കൃഷി, വെള്ളം, ആഹാരം, ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കൽ, ആരോഗ്യം, പണവിനിയോഗം, മിതവ്യയം, എന്നീ രംഗങ്ങളിൽ അവരുടെ ഇടപെടൽ ഇനിയും ശക്തമാക്കണം. പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ലഘൂകരിയ്ക്കുവാനായി നീക്കിവെയ്ക്കുന്ന ഫണ്ടുകൾ ഫലവത്തായും സന്തുലിതമായും വിനിയോഗിക്കുവാൻ അതാത് പ്രദേശങ്ങളിലെ നിർധനരായ സ്ത്രീകളുടെ കൂടി പങ്കാളിത്തം കൂടിയേ തീരൂ. അവരുടെ ജീവിതാനുഭവങ്ങളും ആവശ്യങ്ങളും മുൻഗണനകളും പരിഗണിച്ചും പ്രതിഫലിപ്പിച്ചും മാത്രമേ കാലാവസ്ഥാ വ്യതിയാനത്തിനെതിരേയുള്ള പരിസ്ഥിതി അനുരൂപണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികളും ആസൂത്രണങ്ങളും ഇടപെടലുകളും നടപ്പിൽ വരുത്താനാകൂ എന്നതാണ് സത്യം. പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുമ്പോഴും, രൂപം നൽകുമ്പോഴും, എഴുതി തയ്യാറാക്കുമ്പോഴും, നടപ്പിൽ വരുത്തുമ്പോഴും, അവലോകനം ചെയ്യുമ്പോൾ പോലും ലിംഗപരമായ തുല്യത ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. സ്ത്രീപുരുഷ ഭേദമന്യേയുള്ള കൂട്ടായ പ്രവർത്തനങ്ങളെ അനുകൂലിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും അർത്ഥവത്തായ ഇടപെടലുകൾ സാധ്യമാക്കിക്കൊണ്ടും സമൂഹത്തിലെ വ്യത്യസ്ത രംഗങ്ങളിൽ പണിയെടുക്കുകയും വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുകയും ചെയ്യുന്ന സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ടും മാത്രമേ കാലാവസ്ഥാവ്യതിയാനമെന്ന ആഗോളപ്രതിഭാസത്തെ നേരിടാനും മറികടക്കാനും ഒരു ജനതയ്ക്കാവുകയുള്ളൂ.

സർവ്വീസ് സെൽ

അധ്യാപകരുടെ
സർവീസ് സംബന്ധമായ
സംശയങ്ങൾ ഇമെയിൽ
ആയി അറിയിക്കുക
jogyalex@rediffmail.com

# INCOME TAX FOR SALARIED PERSONS

*FINANCIAL YEAR 2019-20 (ASSESSMENT YEAR 2020-21)*

**ജോജി അലക്സ്**
സെന്റ് തോമസ് കോളേജ്, പാല
(കൺവീനർ, സർവ്വീസ് സെൽ)



Gross Salary including allowances, Advance and Arrears, Leave surrender

(A)Standard Deduction u/s 16 (ia)**Rs. 50,000***plus* Professional Tax **paid** u/s 16 (iii)

(B) Income from Salary (A-B)

**Interest on Housing loan**

Interest on loan for construction or purchase, Maximum amount deductible Rs. 2,00,000*

Interest on loan for renovation of house is deductible upto Rs. 30,000 only.




*** Deduction under section 80EE**

Additional deduction to the home buyers for maximum up to Rs. 50,000 (Loan taken should be Rs 35 lakhs or less and the value of the property does not exceed Rs. 50 lakhs. For loan sanctioned between 1st April 2016 to 31st March 2017.)

*** Deduction under section 80EEA**

Additional deduction for home buyers for maximum up to Rs 1,50,000 (2,00,000 – 1,50,000)The stamp value of the property does not exceed Rs 45 lakhs. The loan must have been sanctioned between 1 April 2019 to 31 March 2020. On the date of sanction of loan, individual does not own any other house.

**Co-ownership and Joint Home Loan-** In the case of co-owners of a house, taking joint loan, each of the loan holders can claim a deduction for home loan interest up to Rs 2 lakh each. (Self occupied house for both the borrowers)

Loss (other than that of self occupied house) cannot be deducted from salary. Municipal taxes cannot be deducted in the case of self occupied house.

Examination remuneration, Anyinterest income, dividend from Indian company above Rs. 10 lakh or any such other income including taxable gift, are part of 'income from other sources'. Reasonable expenses related to such income can be deducted.

**Deduction 80 C - Maximum 1,50,000 ***

Insurance, NPS contribution, PF/ PPF, NSC purchased, tuition fee for children, Fixed deposit in scheduled bank for not less than 5 years, contribution to pension fund, ULIP, notified mutual fund, Principal repayment of housing loan (Including registration charges in the case of property purchased) Deposit in Senior Citizen Saving Scheme, Interest accrued on NSC (In the sixth year interest is not reinvested and hence interestfor the sixth year is not eligible for 80C) Deposit in SukanyaSamridhi Account. (* In the case of contribution to NPS maximum is Rs. 2,00,000, additional deduction for NPS Rs. 50,000)

**Deduction for Investment under Equity Saving Scheme [Sec. 80CCG]**

Investment in equity shares or notified schemes are eligible for deduction up to 50% of such investment. Gross total income of the assessee shall not be more than Rs. 12 lakhs.Investment must be in listed shares or units notified under the scheme. The investment must be locked in for a period of 3 years. Deduction shall not be more than Rs. 25,000 (maximum investment Rs. 50,000) (Listed shares included in BSC100 and CNX 100, public sector Navaratnas, Maharatnas and Miniratnas, FPO of these companies, Units of ETFs and Mutual Fund Units notified)

**Deduction 80 D**

Rs. 25,000 for the premium paid on the health of the assessee, spouse or dependent children. Additional deduction of Rs. 25,000 can be claimed if

medical insurance premium is paid in respect of a senior citizen.In addition to the above, a deduction of Rs. 25,000 is eligible if medical insurance premium is paid in respect of parents. If the parent is a senior citizen, additional deduction Rs. 50,000, instead of Rs. 25,000.

**Deduction for amount paid for preventive health check up**

Amount paid for preventive health check up for self, spouse, dependent children or parent, shall be eligible for deduction up to Rs. 5,000 under section 80D, but within the maximum limit.

Premium shall be paid in any form other than cash, for claiming deduction.

Payment for preventive health check up shall be in cash.

**Deduction for maintenance of disabled dependant [Sec. 80DD]**

Rs. 75,000 if there is a disabled dependent with disability of 40% or above. In the case of severe disability (disability 80% or above) Rs. 1,25,000

**Deduction in respect of Medical Treatment of Specified Disease [80 DDB]**

Deduction up to Rs.40,000 in respect of medical treatment of the assessee or dependent, for specified diseases, subject to conditions. For treatment of senior citizen max. Rs. 1,00,000

**Deduction for Interest on Loan for Higher Education [Sec. 80E]**

**Deduction for donation to Funds, Charitable Institutions, etc. [Sec. 80G]**

Normal charitable donations to approved institutions - 50% of donation (Donation should not exceed 10% of Gross total income)

Donations to Govt. and notified purposes, - 100% without any limit.

**Deduction for rent paid section 80GG**

A person not getting HRA or residential accommodation, paying rent, eligible for deduction for the least of the following.

a) Rent paid *less* 10% of total income b) 25% of total income c) 5,000 per month

**Deduction for contributions to a Political Party**(Registered u/s 29A of the representation of the People Act, 1951)**[Sec. 80 GGC]** - 100% (Donation should not be in cash)

**Royalty Income of Authors [Sec. 80QQB]** Maximum Rs. 3,00,000 (subject to conditions)

**Income from Patents [Sec. 80RRB]** Maximum Rs. 3,00,000 (subject to conditions)

**Interest on Savings Deposit [Sec. 80TTA]**Maximum deduction of Rs. 10,000

**Interest on Deposits [Sec. 80TTB] for** a senior citizen

Up to Rs. 50,000 in respect of interest on deposits with a banking company, co-operative society or a post office. Interest on ***saving deposits or fixed deposits*** is eligible for deduction under section 80TTB.

**If a person has agricultural income** also, tax should be computed as follows.

Compute total tax on income including agricultural income. Deduct tax on (Agricultural income + Exemption limit 2,50,000/3,00,000/ 5,00,000 as the case may be). Balance is net tax payable.

**Total income and tax payable should be rounded off to the nearest multiple of Rs. 10.**

Pay balance tax payable before **15 March**, after deducting TDS/ advance tax paid.

Arrears can be spread and relief under section 89 can be claimedonly afteruploading form 10E.

**TAX RATES**

UptoRs. 2.5 lakh - Nil, Rs.2.5 lakh to Rs.5 lakh-5%Rs. 5 lakh to Rs.10 lakh - 20%, Above Rs.10 lakh - 30% (Exemption limit 3 lakh for senior citizen of 60 years of age, 5 lakh for very senior citizen of 80 years of age.)

**Surcharge** - 10% on tax, if total taxable income is above Rs. 50 lakh, 15% if the taxable income is above Rs.1 crore.

**Rebate under section 87A**

If total Income after Deductions (under Section 80) doesn't exceed Rs 5 lakh, tax payable is allowed as rebate. The rebate is limited to Rs 12,500. When the total tax payable is lower than Rs 12,500, full amount will be the rebate under section 87A.

**Health and Education Cess(HEC)** - 4% on net tax payable after rebates.

# PROMINENT®
A PERFECT SOLUTION

**Manufacturer, Distributor and Service Provider for Scientific Instruments**

**An ISO 9001:2015 Certified Company**

Our Speciality: Two Year Warranty and Prompt Service Support, Quality Products

GW INSTEK, SYSTRONICS, WESWOX OPTIK, HOLMARC, KEMI, VAMAA E-Education Equipments, NUCLEONIX SYSTEMS PVT LTD INDIA, LABTRA, SES Instruments

Our Certifications: "Incubated from : TBI-NIT Calicut"

NSIC CERTIFIED CO, IEC, GeM, MSME, FACTORY REGISTRATION, ISO

Office Address : XVII/540J, Ground Floor, Manad Arcade, Kakkanchery PO
Kozhikode - Pin-673323

Contact Details: Enquiry & Technical Support: 9447342483 & /9745517787
Service: 8547597483, 7593833501
Office: 9497627081
E-mail: prominent2011@gmail.com
www.prominentinfo.com

PROMINENT
A PERFECT SOLUTION

**Major Activities:**

* Manufacturer of Electronic & Scientific Instruments
* Technical Support for Scientific and Research Instruments
* Sales & Service
* Certificate Courses
* Design and Installation of Lab. & Smart Class rooms etc.


ആശംസകളോടെ

# എ.കെ.പി.സി.ടി.എ. യൂണിറ്റ്
# എം.എസ്.എം. കോളേജ്

കായംകുളം

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.277

ISSN 2454-4795
Rs.11/- DECEMBER - 2019

# CHAND BOOKS & CHAND PUBLICATIONS

Chand House, Pattom, Thiruvananthapuram-695 004
Phone: 0471-2530648, 9387805631, 8547030648

**Commerce Books for:**

Kerala University
Mahatma Gandhi University
Calicut University




Printed and Published by Dr.P.N.Harikumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Editor : Dr. A.S. Sumesh